(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് പരിഗണന

ശ്രീ. എ. എം. ആരിഫ് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ)

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2016-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

ശ്രീ. ഡി.കെ. മുരളി : സർ, 2016-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>) : സർ, നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും വില്പന നടത്തുന്ന ഭക്ഷണപദാർത്ഥങ്ങളുടെ വിലയിൽ വ്യത്യാസമുണ്ടാകുന്നു എന്നുള്ളത് ചൂണ്ടിക്കാട്ടുന്ന അദ്ദേഹത്തിന്റെ ബില്ലിന്റെ ഉദ്ദേശ്യശുദ്ധി നല്ലതുതന്നെയാണ്. എന്നാൽ, 2015-ൽ കേരള നിയമസഭയിൽ ഒരു ബിൽ അവതരിപ്പിക്കാനായി പ്രസ്സ് ചെയ്തിരുന്നു. എന്നാൽ അത് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അതിന്റെ നിയമസാധുതയുടെ പ്രശ്നം വളരെ പ്രധാനപ്പെട്ട ഒന്നായി തുടർന്നുള്ള ചർച്ചയിൽ വ്യക്തമായി. എന്നാൽ ഇന്ന് ഇത്തരം സാഹചര്യത്തിൽ ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും Food Safety and Standards Act അനുസരിച്ച് നടപടി എടുക്കുന്നതിനും സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് നിലവിലുണ്ട്. മേൽ സാഹചര്യത്തിൽ ഈ ബിൽ നിരസിക്കുന്നു.

## 2016- ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

ശ്രീ. ഡി. കെ. മുരളി : സർ, എല്ലാവർക്കും സുരക്ഷിത ഭക്ഷണം (Safe to eat) ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിതനയമാണ്. കേരളത്തിലെ ഹോട്ടലുകളെയും റസ്റ്റോറന്റുകളെയും ആശ്രയിച്ച് ഭക്ഷണം കഴിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. യാത്രാവേളകളിൽ മലയാളികൾക്ക് ഹോട്ടലുകളും റെസ്റ്റോറന്റുകളുമാണ് പഥ്യം. ഇതര സംസ്ഥാനത്തൊഴിലാളികളും നഗരവാസികളും ആശ്രയിക്കുന്നത് ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയുമാണ്. ഗുണനിലവാരമുള്ള ഭക്ഷണം നിയന്ത്രിത വിലയ്ക്ക് ലഭ്യമാകുവാൻ യാതൊരു സംവിധാനവും ക്രമീകരണവും ഏർപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച Food Safety and Standards Act നിലവിലുള്ളപ്പോൾതന്നെ നമുക്ക് കഴിയുന്നില്ല എന്നുള്ളത് സത്യമാണ്. വൃത്തിഹീനമായ സാഹചര്യത്തിൽ രോഗം സംഭാവന ചെയ്യുന്ന ചേരുവകൾ ഉപയോഗിച്ചിട്ടും നിയമം നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യമാണുള്ളത്. ജീവിതശൈലീ രോഗം മുതൽ ക്യാൻസർ വരെയുള്ള

അസുഖങ്ങൾക്ക് ഈ സാഹചര്യം സഹായകരമാകുന്നു എന്നുള്ള യാഥാർത്ഥ്യം നമുക്ക് ചെറുതായി കാണാൻ സാധിക്കില്ല. അതുപോലെ വിലയുടെ കാര്യത്തിൽ നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരേ നിലയിൽ ഭക്ഷണം നൽകാൻ കഴിയില്ല. നഗരത്തിലാണെങ്കിൽ കെട്ടിടവാടക, പശ്ചാത്തലം ഒരുക്കുന്നതിനുള്ള ചെലവുകൾ കടക്കാക്കുമ്പോൾ ഗ്രാമങ്ങളിൽ കൊടുക്കുന്ന അതേ വിലയ്ക്ക് നൽകാൻ കഴിയണമെന്നില്ല. എന്നാൽ ഇന്ന് പരിശോധിച്ചാൽ നഗരങ്ങളിൽപോലും ഹോട്ടലുകളും റെസ്റ്റോറന്റുകളും വ്യത്യസ്ത നിലയിലാണ് വില ഈടാക്കുന്നത്. ഡീസലിന് ഒരു രൂപ കൂടിയാൽ ഉടൻതന്നെ ഭക്ഷണപദാർത്ഥങ്ങൾക്കും വില കൂട്ടുകയാണ് ചെയ്യുന്നത്. യാതൊരു മാനദണ്ഡവും നിയന്ത്രണവുമില്ലാതെ ഭക്ഷണ പദാർത്ഥങ്ങൾക്ക് വില ഈടാക്കുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്. ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും ഇടപെടലുകൾകൊണ്ട് തിരുവനന്തപുരത്തുള്ള മലയാളികളുടെ ഭക്ഷണരീതി മാറുകയാണ്. ദോശ നമ്മുടെ പ്രഭാത ഭക്ഷണത്തിലെ പ്രധാന ഇനമാണ്. നാട്ടിൻപ്പുറത്ത് അഞ്ചോ പത്തോ രൂപയ്ക്ക് കിട്ടുന്ന ദോശ വലിപ്പം കൂട്ടി നെയ്റോസ്റ്റോ മസാല ദോശയോ ആയി ലഭിക്കുമ്പോൾ 80 മുതൽ 90 രൂപ വരെ ഇടാക്കുന്ന സ്ഥിതി നിലവിലുണ്ട്. ഇത്

കടുത്ത ചൂഷണമാണ്. വാട്സ്ആപ്പിൽ എന്റെ സുഹൃത്ത് ഒരു മെസേജ് അയച്ചത് തിരുവനന്തപുരത്തുള്ള പ്രമുഖ ഹോട്ടലിൽ രണ്ടു ചപ്പാത്തിക്ക് 80 രൂപ ഈടാക്കുന്നു എന്നാണ്. അതുകൊണ്ട് ഹോട്ടലുകളെ സംബന്ധിച്ച് ഗ്രേഡിംഗ് ആവശ്യമാണ്. നഗരങ്ങളിൽ അതിന്റെ പ്രത്യേകത അനുസരിച്ചുള്ള ഭക്ഷണം, ഗ്രാമങ്ങളിൽ അതിനനുസരിച്ചുള്ള ഭക്ഷണം അങ്ങനെ പ്രത്യേകം പ്രത്യേകം ഗ്രേഡ് ചെയ്തുകൊണ്ട് ഇക്കാര്യത്തിൽ വിലനിയന്ത്രണം കൊണ്ടുവരേണ്ടതാണ്. നിലവിൽ ഭക്ഷണനിർമ്മാണം, വിതരണം, സംഭരണം, വിൽപ്പന, കയറ്റുമതി എന്നീ മേഖലകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സൂചിപ്പിച്ച ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് ആക്ട്. ഒരു സമഗ്രനിയമം എന്നാണ് ഇതിനെ പറയുന്നത്. ഈ നിയമത്തിന്റെ ഏറ്റവും വലിയ പരിമിതി, ഇതിന് സംസ്ഥാന തലത്തിൽ ഒരു കമ്മിറ്റിയാണുള്ളത്. ചീഫ് സെക്രട്ടറി ചെയർമാനും ഹെൽത്ത് സെക്രട്ടറി വൈസ് ചെയർമാനും ഫുഡ് സേഫ്റ്റി കമ്മീഷണർ കൺവീനറും കൃഷി, മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം, ആരോഗ്യം, ഡയറി എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരും വകുപ്പ് അദ്ധ്യക്ഷന്മാരും അടങ്ങുന്ന പ്രസ്തുത കമ്മിറ്റി വർഷത്തിൽ ഒന്നോ രണ്ടോ തവണ യോഗം ചേരും. ഈ കമ്മിറ്റി കൂടുമ്പോൾ എന്ത് ഇടപെടലാണ് ഇവർക്ക്

നടത്താൻ കഴിയുക? നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. അവരുടെ അധികാരപരിധി മണ്ഡലാടിസ്ഥാനത്തിലാണ്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ ജനപ്രതിനിധികൾക്കോ യാതൊരു നിയന്ത്രണവുമില്ല. അതുകൊണ്ട് വ്യക്തമായ പരിശോധനകൾ കാലാകാലങ്ങളിൽ നടത്താൻ ഇവർ തയ്യാറാകുന്നില്ല. ഉദാഹരണമായി, തട്ടുകടകളുടെ പ്രവർത്തനത്തിൽ പരിശോധന നടത്തുന്നില്ല. തട്ടുകടകൾ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് ആക്ടിനകത്ത് പ്രത്യേക സെക്ഷൻ ഉണ്ട്. ഇവയ്ക്ക് ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് റെസ്റ്റോറന്റുകളും തട്ടുകടകളുമൊക്കെ ഇവിടെ പ്രവർത്തിക്കുന്നത്; എന്തെല്ലാം തരത്തിലുള്ള രോഗങ്ങളാണ് ഇതുമൂലം ഉണ്ടാകുന്നത്? ഓരോ സ്ഥലത്തെയും സ്ഥാപനങ്ങളെ മോണിറ്റർ ചെയ്യാനും അവയെ നിയന്ത്രിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള കമ്മിറ്റികൾ ആവശ്യമാണ്. ഞാൻ അവതരിപ്പിച്ച ഈ ബില്ലിന്റെ ഏറ്റവും വലിയ പ്രത്യേകത, ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള കമ്മിറ്റികൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. ജനപ്രതിനിധികളെക്കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തണം.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തിയാൽ നിശ്ചയമായും ഇതിൽ കുറേയധികം നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സാധിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ സംസ്ഥാനത്തെ ഹോട്ടലുകളിൽ വില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് കൃത്യമായൊരു തീരുമാനമുണ്ടാകേണ്ടതുണ്ട്. ഉദാഹരണമായി തട്ടുകട, ഇടത്തരം ഹോട്ടൽ, മുന്തിയ ഹോട്ടൽ, സ്റ്റാർ ഹോട്ടൽ തുടങ്ങിയിടത്ത് നന്നായി ഡെക്കറേറ്റ് ചെയ്താൽ കൂടുതൽ ചാർജ് ഈടാക്കാം എന്നൊരു മനോഭാവമാണ് പല ഹോട്ടൽ ഉടമകൾക്കുമുള്ളത്. അങ്ങ് നേരത്തെ സൂചിപ്പിച്ചതുപോലെ, രണ്ട് ചപ്പാത്തിക്ക് 80 രൂപ ഈടാക്കുന്നുണ്ടെന്ന് പറയുമ്പോൾ അത്തരത്തിൽ പൊതുജനങ്ങളെ ചൂഷണം ചെയ്യുന്ന ഹോട്ടലുടമകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ഡി. കെ. മുരളി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രധാനപ്പെട്ട ഒരു യാഥാർത്ഥ്യമാണ്. ഇതിനെ നിയന്ത്രിക്കാനാവശ്യമായ നില ഇന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ, ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ്

ആക്ട് പ്രകാരം നിയോഗിക്കുന്ന ഓഫീസർമാർ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ല. അതുകൊണ്ടാണ് ഒരു ജനകീയ കമ്മിറ്റിയുടെ പ്രസക്തി ഏറുന്നത്. ഗ്രാമ/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്ന ഒരു ജനകീയ കമ്മിറ്റിയെ രൂപീകരിക്കണം. എന്നാൽ സംസ്ഥാന തലത്തിൽ എം.എൽ.എ.മാരെയും ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റിനെയും കമ്മിറ്റിയിൽ ഉൾപ്പെടണം. അങ്ങനെയൊരു കമ്മിറ്റി രൂപീകരിക്കപ്പെട്ടാൽ, നിശ്ചയമായും ഇക്കാര്യത്തിൽ ഫലപ്രദമായൊരു ഇടപെടൽ നടത്താൻ സാധിക്കുമെന്നാണ് ഈ ബില്ലിലൂടെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബില്ലിന്റെ മൂന്നാം വകുപ്പിൽ പ്രസ്തുത കമ്മിറ്റികളെ സംബന്ധിച്ച് വിശദമായി പറയുന്നുണ്ട്. ഈ ബിൽ നിയമമായാൽ കേന്ദ്ര ആക്ടിനെ സമ്പുഷ്ടപ്പെടുത്തുകയേയുള്ളൂ. അതുകൊണ്ട് കേന്ദ്ര ആക്ടിനെതിരായൊരു നിലവരുമെന്ന് കരുതേണ്ടതില്ല. അതിന്റെ നിയമവശങ്ങൾ ആ നിലയിൽ ആലോചിക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ഗവൺമെന്റിന് മറ്റൊരു കാര്യവുംകൂടി ചെയ്യാം. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഴ്സ് ആക്ടിലെ Section 94-ൽ Power of State Government to make rules

(2) (c) 'Any other matter which is required to be or may be prescribed or in respect of which provision is to be made by rules by the State Government' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് റൂൾസ് കൊണ്ടുവരാം. ഇപ്പോൾ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു റൂൾ കൊണ്ടുവന്നതായി അറിയില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകിയാൽ കേരളത്തിൽ ആദ്യമായി റൂൾസ് കൊണ്ടുവരാൻ കഴിയുമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. Essential Commodities Act അനുസരിച്ച് വിലനിയന്ത്രണത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാം. ഇങ്ങനെയാണ് ശബരിമലയിൽ ചെയ്തിട്ടുള്ളത്. ശബരിമലയിൽ സീസൺ വരുമ്പോൾ വില നിയന്ത്രിച്ചുകൊണ്ടുള്ള അളവ്, തൂക്കം, ക്വാളിറ്റി, വില തുടങ്ങിയവയ്ക്കെല്ലാം വില നിർദ്ദേശിച്ചുകൊണ്ടുള്ള ഓർഡർ ഗവൺമെന്റ് ഇറക്കുന്നുണ്ട്. അത് കൃത്യമായി പാലിച്ചുപോകുന്നുമുണ്ട്. ആറ്റുകാൽ പൊങ്കാല നാളെ നടക്കാൻ പോകുകയാണ്. അവിടെയും ഇതുപോലെ ചെയ്യാവുന്നതേയുള്ളൂ. കേരളത്തിൽ വ്യാപകമായ നിലയിൽ ഇതുപോലുള്ള റൂൾസ് കൊണ്ടുവന്നാൽ കുറേ കാര്യങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ഇടപെടാൻ കഴിയും.

ഇക്കാര്യത്തിൽ ഗൗരവമായൊരു പരിശോധന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് ഈ ബില്ലുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. പി. തിലോത്തമൻ: സർ, ഈ ബില്ലിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ സമീപനം നേരത്തെ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വില പല നിലവാരത്തിലാണ് ഈടാക്കുന്നതെന്ന് പറയുന്നത് ശരിയാണ്. എന്നാൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണുംവിധം ഹോട്ടലുടമകൾ കർശനമായി പ്രദർശിപ്പിക്കണമെന്നുള്ള നിയമം നമ്മുടെ സംസ്ഥാനത്തുണ്ട്. അത് നിർബന്ധമായും കേരളത്തിൽ നടപ്പാക്കുന്നുമുണ്ട്. പൊതുവിതരണം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് നിരന്തരമായി പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരത്തിലൊരു ബിൽ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് 2015-ലെ ഗവൺമെന്റ് ഇതുസംബന്ധിച്ച് ആലോചിക്കുകയും ബിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നതാണ്. എന്നാൽ ആ സഭയുടെ കാലയളവിൽ

ഈ ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത്തരത്തിലുള്ള ബിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ഭക്ഷ്യം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ നിയമപരമായ അതിന്റെ സാദ്ധ്യതകളെ സംബന്ധിച്ചാണ് അന്ന് വാദഗതി ഉയർന്നുവന്നത്. അതിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കാൻ ചില അനുഭവങ്ങളുണ്ട്. ശബരിമല സീസണിൽ വെജിറ്റേറിയൻ ഭക്ഷണത്തിന് ഒരേതരത്തിൽ വില ഈടാക്കുന്നത് സംബന്ധിച്ച് കളക്ടർ പുറത്തിറക്കിയ ഉത്തരവിനെ ഹൈക്കോടതി ചോദ്യം ചെയ്യുകയുണ്ടായി. ആ ഉത്തരവ് ക്വാഷ് ചെയ്ത അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ടാണ് ആ ചർച്ചയിൽ അതിന്റെ നിയമസാധുതയെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവന്നത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള അധികാരങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട്, നിയമപരമായ വശങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഭക്ഷണ പദാർത്ഥങ്ങളുടെ വില വ്യത്യസ്തമായി ഈടാക്കുന്ന റെസ്റ്റോറന്റ് ഉടമകളെയും ഹോട്ടലുടമകളെയും കർശനമായി നേരിടാനുള്ള സംവിധാനം നിലവിലുണ്ട്. ആ സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ സർക്കാരിന് കഴിയണം. ആ അടിസ്ഥാനത്തിലാണ് ഈ

ബിൽ നിരസിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. ഡി. കെ. മുരളി, അങ്ങ് ഈ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല. ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. സെക്ഷൻ 94 അനുസരിച്ച് നമുക്ക് റൂൾസ് മേക്ക് ചെയ്യാനുള്ള അധികാരത്തെ സംബന്ധിച്ച് കേന്ദ്ര ആക്ടിൽ പരാമർശിക്കുന്നുണ്ട്. ഇത് ഗൗരവമായി പരിഗണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രമേയം പിൻവലിക്കുന്നു.

മി. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(ശ്രീ. പി. ടി. തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

(ii) 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ

മി. സ്പീക്കർ: ശ്രീ. പുരുഷൻ കടലുണ്ടി, അങ്ങേയ്ക്ക് 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബില്ലിന്റെ

അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന ഈ പ്രമേയത്തിൽ നിയമപരമായ പ്രശ്നമുണ്ട്. 2007-ൽ നിയമസഭ പാസ്സാക്കി ഗവർണ്ണർ അനുമതി നൽകിയ ഒരു ആക്ട് മൂന്ന് പ്രകാരം മുൻകൂർ അനുമതി തേടിയില്ല എന്ന കാരണത്താൽ അസാധുവാകുന്നില്ലെന്ന് ആർട്ടിക്കിൾ 255-ൽ പരാമർശിക്കുന്നുണ്ട്. ഭരണഘടന അനുശാസിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഗോത്രവർഗ്ഗ ഭാഷ, സംസ്കാരം മുതലായവ സംരക്ഷിക്കുന്നതിനുവേണ്ടി ഗോത്രവർഗ്ഗക്കാരെ പ്രത്യേക പട്ടികവർഗ്ഗക്കാരായിട്ടും പട്ടികജാതിക്കാരായിട്ടും വേർതിരിച്ചിട്ടുള്ളത്. നിലവിൽ കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രങ്ങളുടെ തനത് ഭാഷയും

സംസ്കാരവും സംരക്ഷിക്കുന്നതിനുവേണ്ടി കിർത്താർഡ്സിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി പ്രത്യേക വിംഗുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ആളുകളുടെ ക്ഷേമത്തിനും പുരോഗതിക്കും സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്കും ആവശ്യമായ ശിപാർശകൾ നൽകാൻ സർക്കാരിന് നിലവിൽ സംവിധാനമുണ്ട്. 2007-ലെ കേരള സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച കമ്മീഷൻ ഇപ്പോൾ നിലവിലുണ്ട്. ഈ സാഹചര്യത്തിലാണ് 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ തൽക്കാലം ഗവൺമെന്റ് അംഗീകരിക്കുന്ന സാഹചര്യമില്ലാത്തത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, ആടി സമുദായത്തിൽ അവരുടെ പെലപ്പാട്ടിൽ തനത് ഭാഷയ്ക്ക് ഒരു ലിപിയുണ്ടായിരുന്നതായി സൂചിപ്പിക്കുന്നുണ്ട്. "അറിയുന്ന നാട്ടുക്ക് ആളെ വിട്ടു, അറിയാത്ത നാട്ടുക്ക് ഓല വിട്ടു" എന്ന പരാമർശം മരണവിവരം ബന്ധുക്കളെ അറിയിക്കാൻ ഓലയിൽ എഴുതി അയച്ചതിനെ സൂചിപ്പിക്കുന്നതാണ്. ഇത് ലിപിയില്ലാത്ത ഒരു ഭാഷയാണെന്ന് പറയാൻ കഴിയില്ല. പക്ഷേ കാലാന്തരത്തിൽ അത് വായ്മൊഴി

വഴക്കങ്ങളിലേയ്ക്ക് അകപ്പെട്ടുകയാണ് ചെയ്തത്. ആദിവാസികൾ മാതൃഭാഷാസ്നേഹികളാണ്. ഏറെ പാരമ്പര്യമുള്ള തനത് ഭാഷയെ അഭിമാനപൂർവ്വം കൊണ്ടാടുന്നവരുമാണ് ഈ ഗോത്രവർഗ്ഗങ്ങൾ. പട്ടിക ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്നതും തനത് കലകളുടെ കൂടിച്ചേരലുകളോട് ചേർന്നുനിൽക്കുന്നതുമായ സാമൂഹിക ജീവിതത്തെയാണ് നാം ഗോത്ര സംസ്കാരം എന്നുപറയുന്നത്. ഇവരുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിന് ബോധപൂർവമായ ഒരിടപെടലാണ് ഈ ബിൽ. 1991-നുശേഷമുള്ള നവലിബറൽ നയങ്ങൾ ദേശീയ വികസന ലക്ഷ്യങ്ങളും ഗോത്ര സാമൂഹ്യക്ഷേമ വികസന പ്രവർത്തനങ്ങളും തകിടം മറിക്കുകയും അടിസ്ഥാന വികസന പ്രശ്നങ്ങൾപോലും അവതാളത്തിലാക്കുകയും ചെയ്തു എന്ന് നമ്മൾ മനസ്സിലാക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾതന്നെ കാലതാമസം വരുത്തി അവസാനം ഫണ്ട് തിരിമറിയും അഴിമതിയുംകൊണ്ട് തകിടം മറിയുന്ന അവസ്ഥ ഇന്നുണ്ടാകുന്നുണ്ട്. ഇതിന് മാറ്റം വരണം; ഈ പദ്ധതികളൊക്കെ സമയബന്ധിതമായി നടപ്പിലാക്കാനുള്ള സംവിധാനമുണ്ടാകണം. ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ കാഴ്ചപ്പാടുകളിൽനിന്ന് വ്യത്യസ്തമായി സാമൂഹ്യഭരണ

സംവിധാനങ്ങൾ രൂപപ്പെട്ടുവരേണ്ടതുണ്ട്. ഇതിനായി ഭാഷാപരവും സാംസ്കാരികപരവുമായ പരിമിതികൾ മുറിച്ചുകടന്ന് മുന്നോട്ട് പോകേണ്ടതുണ്ട്. സംസ്ഥാനത്തിലെ മലയോര മേഖലകളിലും വനാന്തരങ്ങളിലും മറ്റ് പ്രദേശങ്ങളിലും കഴിയുന്ന പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനും അതിലൂടെ പ്രസ്തുത ജനവിഭാഗങ്ങളുടെ സാമൂഹ്യപുരോഗതി ഉറപ്പുവരുത്തുന്നതിനും ഒരു നിയമം അനിവാര്യമാണ്. അതാണ് കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ. കേരളത്തിൽ 36 പട്ടിക ഗോത്രവർഗ്ഗങ്ങൾ അധിവസിക്കുന്നുണ്ട്. വിഭിന്ന ദേശങ്ങളിൽനിന്നും ചരിത്രത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽനിന്നും കുടിയേറ്റം ചെയ്യപ്പെട്ട ഇവർ തനതായ ഭാഷയും സംസ്കാരവും വച്ചുപുലർത്തുന്നവരാണ്. ലിപിയും അച്ചടി രേഖകളിലുള്ളതും മാത്രമാണ് ആധികാരികമായ ഭാഷ എന്ന് അംഗീകരിക്കപ്പെട്ട ആധുനിക സമൂഹത്തിൽ ലിപിപോലുമില്ലാത്ത ആദിവാസി ഭാഷകളെ അംഗീകരിക്കാൻ വിസമ്മതിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ മരണം അറിയിക്കുന്നതിനായി ഓലയിൽ എഴുതി അയച്ചിരുന്ന എന്നത് ലിപി ഉണ്ടായിരുന്ന എന്നതിന് തെളിവാണ്. ഒരു സമൂഹത്തിന്റെ പഴമൊഴികളും കടങ്കഥകളും പാട്ടുകളും

കഥകളും നാടകങ്ങളും ചികിത്സാ രീതിയും ആചാരാനുഷ്ഠാനങ്ങളും തലമുറകൾ കൈമാറി വന്നതാണ്. തങ്ങളുടെ ഭാഷ കേവലമായ ആശയവിനിമയോപാധി മാത്രമല്ലെന്നും സംസ്കാരത്തിന്റെ അടയാളപ്പെടുത്തലാണെന്നുമുള്ള തിരിച്ചറിവ് നമുക്കുകൂടി ഉണ്ടാകണം. സ്വന്തം ഭാഷയെ മുറുകെപ്പിടിക്കാൻ ഇപ്പോഴും അവർക്ക് പ്രചോദനമാകുന്നത് അവരുടെ ചരിത്രപരമായ ഈ വസ്തുതയാണ്. ആഗോളീകരണത്തിന്റെ അധിനിവേശത്തിൽനിന്നും രക്ഷപ്പെടാൻ ലിപിയും സാഹിത്യസമ്പത്തുമുള്ള ക്ലാസിക്കൽ ഭാഷകൾപോലും നിലനിൽപ്പിനായി ചെറുത്തുനിൽക്കുമ്പോൾ ലിപിയോ അച്ചടിശേഖരമോ ഇല്ലാത്തതിനാൽ ഗോത്രവർഗ്ഗ ഭാഷകളും പരിമിതപ്പെട്ടുപോകുന്നുണ്ട്. മലയാളഭാഷയുടെമേൽ ഇംഗ്ലീഷ് ഭാഷയുടെ കടന്നാക്രമണം പോലെയാണ് ആദിവാസി ഭാഷയുടെമേൽ മലയാളഭാഷ അടിച്ചേൽപ്പിക്കുമ്പോഴുണ്ടാകുന്നത്. ഈ തിരിച്ചറിവ് മലയാളികൾക്കുമുണ്ടാകണം. അതുകൊണ്ട് അധുനിക ലോകത്തുനിന്നും അകന്നുകഴിയുന്ന ഇവരെ അവരുടെ ഭാഷയും സംസ്കാരവും നിലനിർത്തിക്കൊണ്ടുതന്നെ പുരോഗതിയിലേയ്ക്ക് നയിക്കുകയും ആധുനിക സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യേണ്ടതാണ്. ഒരു സമൂഹമെന്ന നിലയിൽ ആദിവാസികൾ അവരുടെ വികാരങ്ങളും വിചാരങ്ങളും സ്വപ്നങ്ങളും

ഏറ്റവും ശക്തമായി ആവിഷ്കരിക്കുന്നതും പാരമ്പര്യ ജ്ഞാനം തലമുറകൾക്ക് കൈമാറുന്നതും അവരുടേതുമാത്രമായ സവിശേഷ ഭാഷയിലൂടെയാണ്. അതിനാൽ അന്യം നിന്നുപോകുന്ന ഗോത്രവർഗ്ഗ ഭാഷകളുടെ ശേഖരണവും ഗവേഷണവും പഠനവും ആചാരാനുഷ്ഠാനങ്ങളും മാനവരാശിയുടെ ചരിത്രവുമായി ബന്ധപ്പെടുത്തേണ്ടതാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അവരുടെ സാമൂഹ്യ വളർച്ചയ്ക്കും സാമൂഹ്യ സുരക്ഷയ്ക്കും ഉതകുന്ന തരത്തിൽ ഗോത്രവർഗ്ഗ കലകളും ആചാരാനുഷ്ഠാനങ്ങളും ശേഖരിക്കുകയും രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യേണ്ടത് ചരിത്ര നിർമ്മിതിക്ക് ആവശ്യമായതിനാലാണ് ഇത്തരത്തിലൊരു നിയമനിർമ്മാണം അനിവാര്യമായി വന്നിരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് പ്രസംഗം അവസാനിപ്പിച്ചതാണോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഇപ്പോൾ അവസാനിപ്പിച്ചു, ചർച്ച തുടരുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതു സംബന്ധിച്ച ചർച്ച അവസാനിപ്പിച്ചതിനുശേഷം സംസാരിക്കാം.

മി. സ്പീക്കർ: ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ

ശ്രീ. എ. പ്രദീപ്കുമാർ: സർ, 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗം ഈ ബില്ലിലൂടെ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ പ്രസക്തമാണ്. കേരളത്തിലെ കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വികസിപ്പിക്കുന്നതിനുംവേണ്ടിയുള്ള നടപടിക്രമങ്ങൾ കായിക യുവജനക്ഷേമ വകുപ്പിനുകീഴിൽ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ കായിക യുവജനക്ഷേമ വകുപ്പിനുകീഴിൽ നടക്കുന്നതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല എന്നതാണ് സർക്കാരിന്റെ

അഭിപ്രായം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സ്പോർട്സിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറഞ്ഞത്. ഞാൻ സൂചിപ്പിക്കാനുദ്ദേശിച്ചത്, എത്രയോ കാലങ്ങളായി നമുക്കുണ്ടായിരുന്ന കളിസ്ഥലങ്ങൾ ഓരോന്നും നശിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം സർക്കാരിന് അത് സംരക്ഷിക്കാൻ കഴിയുന്നില്ല. കളിസ്ഥലങ്ങൾ എന്തിന് സംരക്ഷിക്കണം എന്ന ചോദ്യം സ്വാവികമായും ഉയർന്നുവന്നേക്കാം. കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നത് സ്പോർട്സ് ആക്ടിവിറ്റിക്കുവേണ്ടിയോ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനോ മാത്രമല്ല. അഞ്ചെട്ട് വർഷം മുമ്പ് സ്പോർട്സ് വകുപ്പും സ്പോർട്സ് കൗൺസിലുമെല്ലാം ചേർന്ന് സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിച്ചിരുന്നു. അന്ന് സ്കൂൾ വിദ്യാർത്ഥികളിൽ ഫിസിക്കലി ഫിറ്റായിരുന്നവർ 17-19 ശതമാനം മാത്രമായിരുന്നു. ഇത് വളരെ ദയനീയമായ അവസ്ഥയാണ്. നല്ല ആരോഗ്യമുണ്ടെന്ന് നമ്മൾ കരുതുന്ന കുട്ടികളിൽ ഭൂരിപക്ഷത്തിനും ശരിയായ

നിലയിലുള്ള ആരോഗ്യമില്ല. ടി.വി.യുടെ മുന്നിലും മറ്റും കുട്ടികൾ സമയം ചെലവഴിക്കുന്നതിനാലും ഫാസ്റ്റ് ഫുഡിന്റെ ഉപയോഗത്താലും ആവശ്യത്തിന് കളിക്കാനും വ്യായാമം ചെയ്യാനുമുള്ള സൗകര്യങ്ങളില്ലാത്തതിനാലും സമൂഹത്തിൽ പുതിയ തലമുറയിലൂൾപ്പെടെ അനാരോഗ്യം വ്യാപിക്കുന്നു. ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അവ പ്രതിരോധിക്കുന്നത് സംബന്ധിച്ചും നമ്മൾ ചർച്ചകൾ നടത്തുകയും അതിനായി പല പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതെല്ലാം നടപ്പാകണമെങ്കിൽ സ്ഥലം വേണം. വ്യായാമം ചെയ്യുന്നതിന് ഓപ്പൺ സ്പെയ്സ് ആവശ്യമാണ്. അത് കളിസ്ഥലങ്ങൾ എന്നുവിശേഷിപ്പിക്കുന്ന കാറ്റഗറിയിൽപ്പെടുന്നവയാണ്. സ്പോർട്സിന്റെ കാര്യത്തിൽ നമ്മുടെ രാജ്യം വളരെ പിന്നിലാണ്. ഫുട്ബോളായാലും വോളിബോളായാലും നമ്മൾ ഒരു കാലത്ത് മുന്നിലായിരുന്ന ഹോക്കിയുടെ കാര്യത്തിലായാലും ഇപ്പോൾ നമ്മൾ വളരെ പിന്നിലാണ്. സ്പോർട്സിൽ ലോകനിലവാരമുള്ള പ്രതിഭകൾ ഉയർന്നുവരുന്നില്ല. അത് കളിസ്ഥലങ്ങളില്ലാത്തതുകൊണ്ടുമാത്രമല്ല, നിലവിലുള്ള കളിസ്ഥലങ്ങൾ ഉപയോഗിച്ച് നല്ല കളിക്കാരെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികളും ദേശീയ തലത്തിൽപോലും സ്പോർട്സ് വകുപ്പിനില്ല.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, അങ്ങ് പൊതുകളിസ്ഥലം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് പ്രമേയം അവതരിപ്പിച്ച് സംസാരിക്കുന്നത്. യുവതലമുറയുടെയും വിദ്യാർത്ഥികളുടെയും ആരോഗ്യ പരിപാലനത്തിനും സംരക്ഷണത്തിനും വളരെ അനിവാര്യമാണ് പൊതുകളിസ്ഥലങ്ങൾ. പൊതുകളിസ്ഥലം നൽകുന്ന സംഭാവന അതുമാത്രമല്ല. അതിനെക്കുറിച്ച് അങ്ങ് പറയുമായിരിക്കും. സാമൂഹിക ജീവിതത്തിൽ പൊതുകളിസ്ഥലങ്ങൾ ഉണ്ടാക്കിയിട്ടുള്ള സാമൂഹിക ബന്ധങ്ങളും പൊതുബോധവും ജനാധിപത്യ സംവിധാനത്തെ എത്രമേൽ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജാതി-മത ചിന്തകൾക്കതീതമായി മനുഷ്യർ ഒത്തുകൂടുന്ന സ്ഥലങ്ങൾ കൂടുതൽ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയുടെ കാലഘട്ടത്തിലാണ് അങ്ങ് പ്രധാനപ്പെട്ട ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ചുള്ള പ്രമേയമാണ് അവതരിപ്പിച്ചത്. സ്കൂളുകളെക്കുറിച്ചും സൂചിപ്പിച്ചു. ഞാൻ കഴിഞ്ഞ ദിവസം സ്കൂളുകളിലെ കായികാദ്ധ്യാപകരുടെ സമ്മേളനത്തിൽ പങ്കെടുക്കാൻ പോയി.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കൂടി സഭയിലുള്ളതുകൊണ്ട് പറയുകയാണ്. കായികാദ്ധ്യാപകരുടെ വലിയ ഷോർട്ടേജാണ് നമ്മുടെ സ്കൂളുകളിലുള്ളത്. ഒരു ഭാഗത്ത് സ്കൂൾ കുട്ടികളുടെ ഫിസിക്കൽ ഫിറ്റ്നസ് കുറയുന്നുവെന്ന് വിലപിക്കുന്നു. ഫിസിക്കൽ ഫിറ്റ്നസ് ഉണ്ടാക്കാൻ മുമ്പ് സ്കൂളുകളിൽ ഡ്രിൽ ഉണ്ടായിരുന്നു. ഇന്ന് എത്ര സ്കൂളുകളിൽ അത്തരം ഡ്രിൽ നടത്താൻ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ ഉണ്ടെന്നുള്ള കണക്ക് ശേഖരിക്കുമ്പോൾ പല പോസ്റ്റുകളും ഒഴിഞ്ഞുകിടക്കുന്നതായി കാണാൻ കഴിയും. അത്തരത്തിൽ കായികാദ്ധ്യാപകരുടെ കുറവാണ് സ്കൂളുകളിൽ കായികവിനോദത്തിന്റെ പ്രാധാന്യം കുറയ്ക്കുന്നത്. പലപ്പോഴും ഫിസിക്കൽ എഡ്യൂക്കേഷന് പ്രാധാന്യം കൊടുക്കാതെ അക്കാഡമിക് ഓറിയന്റഡായിട്ടാണ് കാര്യങ്ങൾ നീങ്ങുന്നത്. അതിന്റെ ഭാഗമായിട്ടാണ് സ്കൂൾ വിദ്യാർത്ഥികളുടെ ഫിസിക്കൽ ഫിറ്റ്നസ് കുറയുന്നത്. കായിക വിനോദങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ഹോക്കിയിലായിരുന്നു ഒരുകാലത്ത് ഇന്ത്യക്ക് മെഡലുകൾ ലഭിച്ചിരുന്നതെന്ന് ഇന്നലെ പ്രൊഫ. കെ. യു. അരുണൻ പറയുകയുണ്ടായി. 0-0-0 എന്നതിൽ നിന്ന് 1-0-0 എന്ന നിലയിലേയ്ക്ക് അവസാന മെഡൽ നില എത്തുന്നതിനെക്കുറിച്ച് വളരെ സരസമായി അദ്ദേഹം

സംസാരിച്ചു. ഹോക്കി എന്ന കായികവിനോദത്തെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? ഏറ്റവും ഒടുവിൽ മെഡൽ ലഭിച്ച ഹോക്കി ടീമിലെ ശ്രീ. പി. ആർ. ശ്രീജേഷിനെക്കുറിച്ച് വളരെ അഭിമാനംകൊള്ളുന്നു. അദ്ദേഹത്തിന് സ്വീകരണം ഒരുക്കുകയും വിദ്യാഭ്യാസ വകുപ്പ് അദ്ദേഹത്തെ പ്രൊമോട്ട് ചെയ്യുകയും ചെയ്യുമ്പോൾ ഇന്ത്യക്ക് മെഡൽ ലഭിച്ച ഹോക്കി എന്ന കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കാൻ എന്ത് നടപടിയാണുള്ളത്. നമ്മുടെ കായിക വിനോദങ്ങൾക്കകത്ത് നമുക്കറിയാത്ത പല കായിക വിനോദങ്ങളും കയറിവരുമ്പോൾ ലോകനിലവാരത്തിൽ ഇന്ത്യയ്ക്ക് സ്ഥാനം നൽകിയ ഹോക്കി എന്ന കായിക വിനോദത്തിന് വേണ്ടത്ര പ്രാധാന്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നുള്ളതാണ്. അതുകൂടി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. കേരള പോലീസിൽ മുമ്പ് ഫുഡ്ബോൾ ടീം ഉണ്ടായിരുന്നു. അതുപോലെ ഹോക്കി ടീം ഉണ്ടാക്കാനും ഹോക്കി കേരളോത്സവത്തിലെ കായിക വിനോദങ്ങളിൽ ഉൾപ്പെടുത്താനും ആവശ്യമായ സമീപനങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദറും ശ്രീ. എ.

എൻ. ഷംസീറും പറഞ്ഞ കര്യങ്ങൾ ഇതിനോടനുബന്ധമായി സർക്കാർ പരിഗണിക്കേണ്ട വിഷയങ്ങളാണ്. ഹോക്കിയുടെ കാര്യം സൂചിപ്പിച്ചു. കോഴിക്കോട് ഒരുകാലത്ത് ഹോക്കി ലീഗ് ടൂർണമെന്റ് വളരെ നന്നായി നടക്കുകയും ധാരാളം ഹോക്കി കളിക്കാൻ ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കോഴിക്കോട് ആ കളി കാണുന്നില്ല. തലശ്ശേരി ഹോക്കിയുടെ പ്രധാനപ്പെട്ട സ്ഥലമാണ്. ഇപ്പോൾ എന്റെ മണ്ഡലത്തിലെ ഒരു സ്കൂളിൽ, വികസന പ്രോജക്ടുമായി ബന്ധപ്പെട്ട് കേരളത്തിലെ ആദ്യത്തെ ആസ്ട്രോടർഫ് ഹോക്കി ക്വാർട്ട് ഉണ്ടാക്കിയിട്ടുണ്ട്. മാത്രമല്ല, അവിടെ സ്റ്റേറ്റിലെ ഏറ്റവും നല്ല ഹോക്കി ടീമുമുണ്ട്. ലീഗ് ടൂർണമെന്റുകൾ നടത്തുക, പുതിയ കളിക്കാർ ഉയർന്നുവരുന്നതിന് അരങ്ങൊരുക്കി കൊടുക്കുക തുടങ്ങിയ കാര്യങ്ങളില്ല. ഇന്ന് ഹോക്കി അസോസിയേഷനുകൾ പ്രവർത്തിക്കുന്നില്ല. മാത്രമല്ല പല അസോസിയേഷനുകളും സ്പോർട്സ് കൗൺസിൽ പ്രാതിനിധ്യം ഉണ്ടാക്കുന്നതിനും ഇലക്ഷനിലൂടെ ജയിച്ച് സ്ഥാനം പിടിക്കാനുമുള്ള തട്ടിക്കൂട്ട് കടലാസ് സംഘടനകളാണ്. അത്തരം കടലാസ് സംഘടനകളെ നിരോധിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം.

മി. സ്പീക്കർ: അസോസിയേഷന്റെ ഭാരവാഹികളാകുന്നവർക്ക് ആ

മേഖലയുമായി എന്തെങ്കിലും ബന്ധമുണ്ടാകണമെന്ന് നിർബന്ധമുണ്ടോ; സ്വന്തമായി എഴുന്നേറ്റ് നിൽക്കാൻ കഴിയാത്ത ആൾ റസ്‍ലിംഗ് അസോസിയേഷന്റെ പ്രസിഡന്റാകുന്നുണ്ട്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>:സർ, ബന്ധമുള്ളത് അഭികാമ്യമാണ്. ഇല്ലെങ്കിലും നല്ല സംഘാടകനാണെങ്കിൽ കുഴപ്പമില്ല. മസ്സിൽ പെരുപ്പിച്ച് സിക്സ്പാക്കുമായി വന്ന് ഒന്നിനും കൊള്ളില്ലെങ്കിൽ അതും പ്രശ്നമാണ്. മികച്ച സംഘടകനാണെങ്കിൽ ആരോഗ്യം അല്പം മോശമായാലും കുഴപ്പമില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് വളരെ പ്രസക്തമായ പ്രശ്നമാണ്. വോളിബോൾ അസോസിയേഷനിലെ ഇത്തരം പ്രശ്നങ്ങൾ ഇന്ന് കേരളം ചർച്ച ചെയ്യുന്നതാണ്. പല അസോസിയേഷനുകളും കടലാസ് സംഘടനകളും അവർക്ക് കിട്ടുന്ന ഫണ്ടുകൾ കളിക്കുവേണ്ടി മാറ്റിവയ്ക്കാതെ സ്വന്തം ഇഷ്ടപ്രകാരം വഴിതിരിച്ച് വിടുന്നതുകൊണ്ട് ആ മേഖലയ്ക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഇത്തരം പ്രശ്നങ്ങളിൽ, പ്രത്യേകിച്ച് വോളിബോളിൽ അസോസിയേഷനിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായ നിയമങ്ങൾ നമുക്കുണ്ടാകണ്ടേ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>:സർ, തീർച്ചയായും ഉണ്ടാകണം. ഞാൻ

അതിലേയ്ക്കാണ് വരുന്നത്. കളിക്കളങ്ങൾ സംരക്ഷണവുമായി നേരിട്ട് ബന്ധപ്പെട്ടല്ലെങ്കിലും സ്പോർട്സ് മേഖലയുടെ ആരോഗ്യകരമായ നിലനിൽപ്പുമായി ബന്ധപ്പെട്ട ഏറ്റവും വലിയ പ്രശ്നമാണ്. ഏതെങ്കിലും ഒരു അസോസിയേഷൻ അവർക്ക് സ്വന്തമായി കളിക്കളങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയതായി കണ്ടിട്ടുണ്ടോ; ജനപ്രതിനിധികളോ തദ്ദേശ സ്വംഭരണ സ്ഥാപനങ്ങളോ ഒക്കെയാണ് കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിന് മുൻകൈ എടുക്കുന്നത്. സ്പോർട്സ് കൗൺസിലുകളുടെ നേതൃത്വത്തിൽ വകതിരിവുള്ള ആളുകൾ വരുന്ന കാലത്ത് ചില കാര്യങ്ങൾ നടന്നിട്ടുണ്ട്. അസോസിയേഷനുകൾ കടലാസ് സംഘടനകൾ മാത്രമാണ്. കേട്ടുകേൾവിയില്ലാത്ത സംഘടനകൾ വരുന്നതിനെക്കുറിച്ച് ശ്രീ. എ. എൻ. ഷംസീർ പറഞ്ഞു. സബതക്കറെ എന്നൊരു കളിയുണ്ട്; അതിന്റെ അസോസിയേഷൻ കോഴിക്കോട്ടുണ്ട്. കോഴിക്കോട് എല്ലാ കളികളുടെയും അസോസിയേഷനുകളുണ്ട്. ആ കളി എന്താണെന്ന് അന്വേഷിച്ചപ്പോൾ അറിഞ്ഞത്, കാലുകൊണ്ട് കളിക്കുന്ന വോളിബോൾ ആണെന്നാണ്. ഇങ്ങനെയുള്ള അസോസിയേഷനുകൾ ഉണ്ടാക്കുന്നത് സ്പോർട്സ് കൗൺസിലിലേയ്ക്ക് ഒരു പ്രാതിനിധ്യം വരുന്നതിനാണ്. സ്പോർട്സ്

കൗൺസിൽ പിടിക്കാൻ ഇത്തരത്തിൽ പ്രവർത്തനക്ഷമമല്ലാത്തതും ആത്മാർത്ഥത ഇല്ലാത്തതുമായ അസോസിയേഷനുകൾ തട്ടിക്കൂട്ടുന്നത് അവസാനിപ്പിക്കണം. ആളുകൾക്ക് ഒന്നിച്ചിരിക്കാനും ആശയവിനിമയം നടത്താനും കളിക്കാനും പറ്റാവുന്ന പൊതുസ്ഥലങ്ങളെക്കുറിച്ചാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത്. കളിക്കളങ്ങളും ആ കാറ്റഗറിയിൽ വരുന്നതാണ്. ഗവൺമെന്റ് ഇപ്പോൾ ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിച്ചില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചപ്പോൾ, നിയമം കൊണ്ടുവരണമെന്നാണ് എന്റെ വാദം. ഇവിടെ ധാരാളം മികച്ച കളിക്കളങ്ങൾ നിഷ്കരുണം ഇല്ലാതാക്കി കളഞ്ഞിട്ടുണ്ട്. ചാലക്കുടിയിൽ സന്തോഷ് ട്രോഫി മത്സരംവരെ നടന്നിട്ടുള്ള ഒരു ഗ്രൗണ്ടുണ്ടായിരുന്നു; ഇന്നതില്ല. ഗ്രൗണ്ടിന്റെ നടുവിലൂടെയാണ് റോഡ് ഉണ്ടാക്കിയത്. കളിക്കളം സംരക്ഷിക്കണമെന്ന ഒരു കാഴ്ചപ്പാടുമില്ല. അവിടെ ഏതെങ്കിലും ആരാധനാലയമാണെങ്കിൽ അതിന്റെ മധ്യത്തുകൂടി റോഡ് നിർമ്മിക്കുമായിരുന്നോ; ഇല്ല. അപ്പോൾ അതിനെ സംരക്ഷിക്കാൻ ആളുകളുണ്ടാകും. പക്ഷെ, ഇത് സംരക്ഷിക്കാൻ ഒരു സ്പോർട്സ് കൗൺസിലും ഒരു അസോസിയേഷനും സ്പോർട്സ് പ്രേമികളും ഉണ്ടായിട്ടില്ല. കായികരംഗത്തിനുവേണ്ടി വല്ലാതെ വാദപ്രതിവാദം നടത്തുന്ന ഒരാളും ഉണ്ടായിട്ടില്ല.

അതുകൊണ്ടാണ് നിയമംവഴി സംരക്ഷിക്കപ്പെടണമെന്ന് പറയുന്നത്. ബഹുമാനപ്പെട്ട ചെയറിനറിയാം. ശ്രീമതി പി. ടി. ഉഷ ഓടി വളർന്ന ഗ്രൗണ്ടാണ് പയ്യോളി സ്കൂളിലെ ഗ്രൗണ്ട്. ആ പയ്യോളി സ്കൂളിലെ ഗ്രൗണ്ട് ഇപ്പോൾ നെടുകെ പിളർന്നു. ഇനിയൊരു പി. ടി. ഉഷ ആ സ്കൂളിൽനിന്ന് ഉയർന്നുവരില്ല. ആ സ്ഥലം അതിനടുത്തുള്ള ഒരു അമ്പല കമ്മിറ്റി കയ്യേറിയിരിക്കുകയാണ്. നടപടി സ്വീകരിക്കാൻ ആരെങ്കിലുമുണ്ടോ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ മറ്റാർക്കെങ്കിലുമോ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ; ഒന്നിനും ശക്തമായ നിയമമില്ല. ഇപ്പോൾ തണ്ണീർത്തടങ്ങൾ നികത്തി കഴിഞ്ഞാൽ.. ഞാൻ നേരത്തെ ഇവിടെ നിയമമുണ്ടായിട്ടും നടപടിയെടുക്കാത്ത ഉദ്യോഗസ്ഥരെക്കുറിച്ചാണ് സൂചിപ്പിച്ചത്. എന്നാൽ ഇതിന് നടപടിയെടുക്കാൻ നിയമമില്ല. അല്ലെങ്കിൽ നിലവിലുള്ള നിയമം ആരും പ്രയോഗിക്കുന്നില്ല. ഇതാണ് പ്രധാനപ്പെട്ട സംഭവം. അതുപോലെതന്നെ വികസനത്തിന്റെ പേരിൽ എന്തെല്ലാം വൈകൃതങ്ങളാണ് നടക്കുന്നത്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും വികസനം എന്നുപറഞ്ഞാൽ റോഡ്, പാലം, ഷോപ്പിംഗ് മാൾ എന്നിവ നിർമ്മിക്കുന്നതാണ്. സമൂഹത്തിന്റെ വികസനത്തിൽ കളിക്കളങ്ങളുടെ സംരക്ഷണം ഏറ്റവും പ്രധാനപ്പെട്ടതായി വരേണ്ടതാണ്. നമ്മുടെ വികസന പരിപ്രേക്ഷ്യത്തിൽ

ഇതിനൊരു പ്രധാന സ്ഥാനം എപ്പോഴെങ്കിലും ലഭിക്കുന്നുണ്ടോ. ഉദാഹരണത്തിന് എന്റെ ജില്ലയിലെ വടകരയിൽ നാരായാണ നഗർ എന്നുപറഞ്ഞാൽ വടകരയുടെ ഹൃദയമാണ്. ആ പ്രദേശത്ത് വിസ്തൃതമായ മൈതാനമുണ്ട്. അവിടെ ഇപ്പോൾ ഷോപ്പിംഗ് മാൾ ഉണ്ടാക്കിയിരിക്കുകയാണ്. BOT അടിസ്ഥാനത്തിൽ വലിയ ഷോപ്പിംഗ് മാൾ പണിയുന്നു. അങ്ങനെ ആ സ്ഥലം നഷ്ടപ്പെടുകയാണ്. ഞാൻ ആരെയെങ്കിലും പ്രത്യേകമായി വിമർശിക്കുകയല്ല. വേണ്ടത്ര ജാഗ്രതയില്ലാതെ പോകുന്നു. കോഴിക്കോട് ഉണ്ടായിരുന്ന ഒരു ടെന്നിസ് കോർട്ടിൽ ഇപ്പോൾ അശ്ലീല സിനിമ പ്രദർശിപ്പിക്കുന്ന ഒരു ടാക്കീസ് ഉണ്ടാക്കിയിരിക്കുകയാണ്. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലമാണ്. താൽക്കാലികമായ ഒരു സംവിധാനത്തിനുവേണ്ടി കൊടുത്തതാണെങ്കിലും അവർ മാറാതെ അവിടെത്തന്നെ തുടരുകയാണ്. അതുപോലെ കോഴിക്കോട് വെസ്റ്റ് ഹിൽ-ൽ ഒരു വലിയ ഗ്രൗണ്ട് ഉണ്ടായിരുന്നു. അത് മുമ്പ് ഡിഫൻസ് വകുപ്പിന് നൽകി. ധാരാളം ഫുട്ബോൾ താരങ്ങൾ ഉദിച്ചുവന്ന ഒരു ഗ്രൗണ്ടാണ്. പിന്നീട് അവർ ആർക്കും കളിക്കാൻ കൊടുക്കാതെ ആ ഗ്രൗണ്ട് അടച്ചുപൂട്ടി. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എത്രയോ വർഷങ്ങൾക്കുമുമ്പ് നൽകിയതാണ്. പക്ഷെ അത് അടച്ചുപൂട്ടി. വർഷത്തിൽ സ്വാതന്ത്ര്യ ദിന പരേഡ് നടത്താൻമാത്രം ഉപയോഗിച്ച് നഷ്ടപ്പെട്ടുപോകുന്നു. പക്ഷെ

അതവിടെ ആ നിലയിൽ ഉണ്ടെന്നെങ്കിലും വിചാരിക്കാം. അവർ സമ്മതിക്കാത്ത പ്രശ്നമാണ്. പ്രീ-ഡിഗ്രി കോളേജുകളിൽനിന്ന് ഡി-ലിങ്ക് ചെയ്ത് സ്കൂളുകളുടെ ഭാഗമായി കൊണ്ടുവന്നതാണല്ലോ ഇപ്പോഴത്തെ പ്ലസ് ടു. പ്ലസ് ടു വന്നപ്പോൾ എന്താണ് ചെയ്തത്, ഒരു കാഴ്ചപ്പാടും വകതിരിവുമില്ലാത്ത അതത് കാലത്ത് നേതൃത്വം കൊടുത്ത അവിടത്തെ പ്രധാന അദ്ധ്യാപകരോ പി.ടി.എ. പ്രമാണിമാരോ ചേർന്ന് ഈ കളിക്കളങ്ങളിലാണ് കെട്ടിടമുണ്ടാക്കിയത്. അങ്ങനെ സ്കൂളുകൾക്ക് നേരത്തെയുണ്ടായിരുന്ന നൂറുകണക്കിന് വരുന്ന കളിക്കളങ്ങൾ ഹയർ സെക്കന്ററി വന്നതോടുകൂടി കെട്ടിടങ്ങൾ നിർമ്മിച്ച് ഇല്ലാതാക്കി. ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആലോചിച്ചതുപോലെ മാസ്റ്റർപ്ലാൻ തയ്യാറാക്കി കളിക്കളങ്ങൾ സ്കൂളിന് ഏറ്റവും പ്രധാനപ്പെട്ടതാണെന്ന് നിലയിൽ സംരക്ഷിക്കണമായിരുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, കളിക്കളങ്ങൾ ഏറ്റവും അനിവാര്യമാണ്. എന്നാൽ കളിക്കളങ്ങൾ കുറവാണെന്നുള്ളതുകൊണ്ടുമാത്രം പോരായ്മകളുണ്ടാകുന്നില്ല. ഒരു കാലത്ത് കേരളത്തിലെ സ്കൂൾ കായികമേളയിൽ തുടർച്ചയായി വിജയം നേടിയ സ്കൂളായിരുന്ന കോരുത്തോട് സി.കെ.എം. ഹൈസ്കൂൾ. ആ സ്കൂളിൽ നല്ല കളിക്കളമുണ്ടായിരുന്നില്ല. പക്ഷെ ആ പരിമിതിക്കകത്തുനിന്നുകൊണ്ടാണ് അവർ

ശ്രദ്ധേയമായ നേട്ടമുണ്ടാക്കിയത്. നിയമസഭാ കമ്മിറ്റി അടുത്തിടെ കണ്ണൂർ സ്പോർട്സ് ഡിവിഷനും, ജി.വി. രാജ സ്കൂളിലും പോകുകയുണ്ടായി. ഇക്കാര്യം സംബന്ധിച്ച് സമിതി ചെയർമാന്റെ ശ്രദ്ധക്ഷണിക്കലുണ്ട്. വിശദമായി അദ്ദേഹം പറയും. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം ഞാൻ പറയാം. നമ്മുടെ ഗവൺമെന്റിന്റെ കീഴിൽ ഉള്ള രണ്ട് സ്കൂളുകളാണ് ജി.വി. രാജാ സ്കൂളും കണ്ണൂർ സ്പോർട്സ് ഡിവിഷനും. ഈ രണ്ടു സ്കൂളുകൾ മാത്രമാണ് കായിക മേഖലയിൽ പ്രതിഭകളെ വാർത്തെടുക്കാൻ ഗവൺമെന്റിന്റെ കീഴിലുള്ളത്. കോഴിക്കോട് എം.എൽ.എ.യുടെ സ്കൂളിൽ ആസ്ട്രോടർഫ് ഹോക്കി സ്റ്റേഡിയമുണ്ട്. അത് അദ്ദേഹത്തിന്റെ ശ്രമഫലമായി ഉണ്ടായ സ്റ്റേഡിയമാണ്. നമ്മുടെ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സ്പോർട്സ് സ്കൂളിൽ ഇപ്പോഴും ആധുനിക നിലവാരത്തിൽ ഹോക്കിക്കാവശ്യമായ ഒരു ആസ്ട്രോടർഫ് സ്റ്റേഡിയമില്ല എന്നത് ഗുരുതരമായ പ്രശ്നമാണ്. അതുപോലെയാണ് ഏറ്റവും മിനിമം ഗ്രൗണ്ടെന്നുപറയുന്നത് 400 മീറ്റർ ഗ്രൗണ്ടാണ്. എന്നാൽ ജി.വി. രാജാ സ്പോർട്സ് സ്കൂളിൽപോലും 400 മീറ്റർ ഗ്രൗണ്ട് നൽകാൻ കഴിയുന്നില്ല എന്നത് വലിയ പോരായ്മയാണ്. ഈ പോരായ്മ വലിയ ഗൗരവത്തിൽ നമ്മുടെ സഭ പരിശോധിക്കേണ്ടതാണ്. ഒരുകാലത്ത് കേരളത്തിലെ അത്‌ലറ്റിക്സ്കളുടെ പവർ ഹൗസായിരുന്ന കേരളം. ശ്രീമതി പി. ടി. ഉഷയും ശ്രീമതി

ഷൈനി വിൽസണും അടക്കം ഒട്ടനവധി കായികതാരങ്ങളെ സംഭാവന ചെയ്ത കേരളത്തിലെ മണ്ണിലിന്ന് കേരളത്തെ മറികടന്നുകൊണ്ട് ഹരിയാന പോലുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ വരികയാണ്. അവിടെ 'റോത്തക്' പോലെയുള്ള ആധുനികമായ സ്പോർട്സ് സ്കൂളുകളിൽനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്രതിഭകൾ കേരളത്തെ മറികടന്ന് പോകുന്ന ഒരു കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ട് വിദ്യാഭ്യാസ സ്ഥാനങ്ങളുടെ കീഴിലായിരുന്ന ഈ സ്ഥാപനങ്ങളെ ഏറ്റെടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അവയ്ക്കുപോലും ആവശ്യമായ നിലയിൽ ഗ്രൗണ്ടുകളുടെ സൗകര്യമില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് സഭയുടെ ശ്രദ്ധയിലേയ്ക്ക് അങ്ങ് കൊണ്ടുവരുമോ?

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, തീർച്ചയായും. എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വേറൊരു കാര്യംകൂടി പറയാം. അതായത്, കേരളത്തിൽ സർക്കാരിന്റെ നേതൃത്വത്തിൽ ഒരേയൊരു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജാണുള്ളത്. അത് കോഴിക്കോട്ടാണ്. 1957-ൽ ഇ.എം.എസ്. ഗവൺമെന്റ് കൊണ്ടുവന്നതാണ്. അവിടെ ഇപ്പോൾ 400 മീറ്റർ സിന്തറ്റിക് ട്രാക് നിർമ്മിക്കണമെന്ന് ആലോചിച്ചപ്പോൾ അവിടെ സ്ഥലമില്ല. അതിന്റെ തൊട്ടടുത്ത് മ്യൂസിയം വകുപ്പിന്റെ സ്ഥലമുണ്ട്. അതിൽനിന്ന് കുറച്ച് സ്ഥലം ലഭിക്കുന്നതിനുവേണ്ടി തുടർച്ചയായ ശ്രമം

നടത്തിയെങ്കിലും അത് നടന്നില്ല. ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും അത് പരിഗണിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. സ്പോർട്സ് സ്കൂളുകളെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ; ചില സ്പോർട്സ് സ്കൂളുകളിൽ മാറിമാറിവരുന്ന ഗവൺമെന്റുകൾ ധാരാളം പണം നൽകുന്നുണ്ട്. ഈ പണം ശരിയായ നിലയിലാണോ വിനിയോഗിക്കുന്നതെന്ന് ഏതെങ്കിലും തരത്തിൽ ഗവൺമെന്റ് പരിശോധിക്കുന്നുണ്ടോ; ഗ്രാന്റ് ധാരാളമായി നൽകുകയാണ്. സർക്കാരിന്റെ ഖജനാവിലെ പണം ചെലവഴിക്കുന്നുണ്ടെങ്കിലും പ്രൈവറ്റ് പ്രോപ്പർട്ടിപോലെയാണ് ചില സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. ഗവൺമെന്റിന്റെ പണം നൽകുമ്പോൾ ആ പണം ശരിയായ നിലയിൽ വിനിയോഗിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ട കാര്യമാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, സ്പോർട്സ് മേഖലയെക്കുറിച്ച് പ്രത്യേകിച്ച് നമ്മുടെ ഗ്രൗണ്ടുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിക്കുന്ന ഈ പ്രൈവറ്റ് ബിൽ ഇന്ന് വളരെ പ്രസക്തമാണ്. നമ്മൾ ശ്രദ്ധിക്കേണ്ട, സർക്കാർ ഇടപെടേണ്ട ഒട്ടേറെ വിഷയങ്ങളെക്കുറിച്ചാണ് അദ്ദേഹം ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. വി. ജെ. തങ്കപ്പൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന, 1987-91 കാലഘട്ടത്തിൽ 11 ഇന

പരിപാടിയുടെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയമെങ്കിലും ഉണ്ടായിരിക്കണമെന്ന ഉത്തരവ് അദ്ദേഹം പുറപ്പെടുവിച്ചു. പക്ഷെ, ഇന്ന് നമ്മുടെ പഞ്ചായത്തുകളുടെ അവസ്ഥ ഇവിടെ വിശദീകരിച്ചു. പല ഗ്രൗണ്ടുകളും ഇല്ലാതായി, പലയിടത്തും ഷോപ്പിംഗ് കോംപ്ലക്സുകൾ പണിതുയർത്തി. അതിന് പല കാരണങ്ങളുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. ഒരു പഞ്ചായത്തിൽ 400 മീറ്റർ ട്രാക്കെങ്കിലുമുള്ള ഒരു സ്റ്റേഡിയമാണ് നമുക്ക് ഇപ്പോൾ ആവശ്യം. അത് നിർബന്ധമാക്കണം. അങ്ങനെവന്നാൽ മാത്രമേ നമ്മുടെ സ്പോർട്സ് രംഗത്ത് താഴെത്തട്ടിൽനിന്ന് കൂടുതൽ പ്രതിഭകൾ ഉണ്ടാകുകയുള്ളൂ. ശ്രീ. വി. ജെ. തങ്കപ്പൻ മന്ത്രിയായിരുന്ന കാലത്ത് സ്വീകരിച്ച ഒരു മാതൃക പിൻതുടർന്നുകൊണ്ട് ഒരു പഞ്ചായത്തിൽ 400 മീറ്റർ ട്രാക്കെങ്കിലുമുള്ള ഒരു സ്റ്റേഡിയം നിർബന്ധമാക്കുന്ന ഒരു തീരുമാനം സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതല്ലേ, എന്താണ് ആ കാര്യത്തിൽ അങ്ങയുടെ അഭിപ്രായം? അതുപോലെ സ്പോർട്സ് രംഗത്ത് ഇൻഡ്യയിൽ ഏറ്റവും മുന്നിൽനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ശ്രീ. പി. ആർ. ശ്രീജേഷ്, ശ്രീമതി പി.ടി. ഉഷ, ശ്രീമതി ഷൈനി വിൽസൺ ഇങ്ങനെ നിരവധി പ്രതിഭകളെ നമ്മുടെ കേരളം സംഭാവന ചെയ്തിട്ടുണ്ട്. പക്ഷെ നമുക്ക് അഭിമാനിക്കാൻ വകനൽകുന്ന ഒരു അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന കേന്ദ്രം കേരളത്തിലില്ല. ഹരിയാനയിലെ

'റോത്തക്' ഇൻഡ്യയിലെ ഏറ്റവും മികച്ച സ്പോർട്സ് സ്കൂളാണ്. സ്പോർട്സ് രംഗത്ത് ഏറ്റവും മുന്നിൽനിൽക്കുന്ന, നമ്മുടെ കേരളത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പരിശീലനകേന്ദ്രം ആവശ്യമാണ്. ഇപ്പോൾ നമ്മുടെ കേരളത്തിൽ വരുന്ന ഒരു പ്രവണത ചില സ്പോർട്സ് താരങ്ങൾ വിദ്യാലയങ്ങൾ ആരംഭിക്കുകയാണ്. അത് സ്വകാര്യ സ്കൂളുകളാണ്. അതാവട്ടെ പ്രശ്നമില്ല, പക്ഷെ നമുക്ക് ഗവൺമെന്റ് സെക്ടറിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പരിശീലന കേന്ദ്രം ആവശ്യമാണ്. അത്തരത്തിൽ ഒരു കേന്ദ്രംകൂടി ആരംഭിക്കേണ്ടതല്ലേ; അങ്ങ് സ്പോർട്സ് കാര്യത്തിൽ വലിയ താൽപ്പര്യം കാണിക്കുന്നു. എന്നും ശ്രീ. എ. പ്രദീപ്കുമാർ സ്പോർട്സ് മേഖലയിൽ ക്രിയാത്മകമായ ഇടപെടൽ നടത്തിയിട്ടുള്ള എം.എൽ.എ.കൂടിയാണ്. ഈ കാര്യത്തിൽ അങ്ങയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, തീർച്ചയായും. നമ്മൾ പറയുന്നതൊക്കെ പരസ്പര പൂരകമായ കാര്യങ്ങളാണ്. അങ്ങ് 400 മീറ്റർ ട്രാക്കോടുകൂടിയ സ്റ്റേഡിയം പഞ്ചായത്തിലുണ്ടാകണമെന്ന് പറയുന്നു. "ചുമരുണ്ടെങ്കിൽ മാത്രമേ ചിത്രമെഴുതാൻ പറ്റുകയുള്ളൂവെന്ന്" പറയുന്നതുപോലെ കളിക്കളങ്ങൾ ഉണ്ടാകുകയോ സംരക്ഷിക്കപ്പെടുകയോ ചെയ്താൽ മാത്രമേ അവിടെ സ്റ്റേഡിയം എന്ന നിലയിലുള്ള സിന്തറ്റിക് ട്രാക്കും സൗകര്യങ്ങളുമുണ്ടാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, സ്കൂളുകളിൽ ഹയർസെക്കന്ററി വന്നതോടുകൂടി കളിസ്ഥലങ്ങൾ കെട്ടിടങ്ങളായിപ്പോയി എന്നുള്ള കാര്യം അങ്ങ് ഇവിടെ പറയുകയുണ്ടായി. ഹയർ സെക്കന്ററി വന്നതുകൊണ്ട് നമ്മുടെ നാട്ടിലെ വിദ്യാഭ്യാസരംഗത്തുണ്ടായിട്ടുള്ള പ്രത്യേകിച്ച് പാവപ്പെട്ട കുട്ടികൾക്ക് ഉണ്ടായിട്ടുള്ള നേട്ടം ചെറുതാക്കി കാണാൻ സാധിക്കുമോ; അതേപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാനൊരിക്കലും ഹയർ സെക്കണ്ടറി വന്നതിനെതിരെയല്ല പറഞ്ഞത്. ഹയർ സെക്കണ്ടറി കൊണ്ടുവരണമെന്നുപറഞ്ഞ് വിദ്യാർത്ഥി ജീവിതകാലം മുഴുവൻ സമരം നടത്തിയ ആളാണ് ഞാൻ. അന്നത്തെ കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെയൊക്കെ അടിസ്ഥാനത്തിൽ ദേശീയ വിദ്യാഭ്യാസ കാഴ്ചപ്പാടനുസരിച്ച് പഴയ പ്രീഡിഗ്രി എന്നത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം, അതായത് ഒന്നുമുതൽ പന്ത്രണ്ടുവരെയാക്കണമെന്നുപറഞ്ഞ് സമരം നടത്തിയവരാണ് ഞങ്ങൾ. അങ്ങ് പറഞ്ഞത് ശരിയാണ്, അതിലൊരു തെറ്റുമില്ല. പക്ഷെ അവിടെ ഓരോ സ്കൂളിന്റെയും നേതൃത്വത്തിലിരിക്കുന്ന ആൾക്കാർ ഒഴിഞ്ഞുകിടക്കുന്ന ഗ്രൗണ്ടുകളിലാണ് കെട്ടിടമുണ്ടാക്കിയത്. മഹാഭൂരിപക്ഷം സ്ഥലത്തും

കെട്ടിടമുണ്ടാക്കിയതു കാരണം കുട്ടികളുടെ കളിക്കളമില്ലാതായി. അതേസമയം ഒരു മാസ്റ്റർപ്ലാനിംഗ് നടത്തി മറ്റൊരു ഭാഗത്തു കെട്ടിടം പണിയുകയോ അല്ലെങ്കിൽ ചെറിയൊരു കെട്ടിടം പൊളിച്ച് മൂന്നുനിലയിലുള്ള കെട്ടിടമുണ്ടാക്കുകയോ ചെയ്യാമായിരുന്നു. നമ്മുടെ കാമ്പസ്സുകളുടെ സൗകര്യവും സൗന്ദര്യവുമൊക്കെ നഷ്ടപ്പെടുന്ന നിലയിൽ അടുപ്പുകൂട്ടുന്നതുപോലെ കെട്ടിടമുണ്ടാക്കുന്നൊരു രീതിയായിരുന്നില്ലേ ഇത്രയുംകാലം തുടർന്നിരുന്നത്? ഇപ്പോഴല്ലേ  അത് മാറുന്നതിനെക്കുറിച്ചുള്ള ആലോചന ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നത്. നമ്മുടെ സ്കൂളുകൾക്ക് സൗകര്യമുണ്ടായാൽ മാത്രംപോര, സൗകര്യവും സൗന്ദര്യവും ഉണ്ടാകണം. ഒപ്പം മികച്ച സാങ്കേതിക വിദ്യ ഉണ്ടാകണം. അതനുസരിച്ച് അക്കാദമിക് നിലവാരവും സ്പോർട്സിന്റെ നിലവാരവുമൊക്കെ ഉയരണമെന്ന കാഴ്ചപ്പാട് ഇപ്പോഴാണ് മുമ്പോട്ടുവയ്ക്കുന്നത്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, നേരത്തെ അങ്ങ് പറഞ്ഞ ചാലക്കുടിയിലെ കളിസ്ഥലം കുത്തുപ്പറമ്പ് മൈതാനം എന്നാണ് അറിയപ്പെട്ടിരുന്നത്. അവിടെ നിരവധി ഫുഡ്ബോൾ മത്സരങ്ങൾ  സംഘടിപ്പിക്കുകയും നിരവധി ഫുഡ്ബോൾ താരങ്ങളെ വളർത്തിയെടുക്കുകയും ചെയ്തിട്ടുണ്ട്.  അന്തരിച്ചുപോയ മുൻ

മുൻസിപ്പൽ ചെയർമാൻ എം.എൽ.ജേക്കബ്, ഇന്റർനാഷണൽ കോച്ച് ടി.കെ. ചാത്തുണ്ണി, രാമകൃഷ്ണൻ ആടക്കമുള്ള നിരവധി ഫുഡ്ബോൾ താരങ്ങളെ വളർത്തിയെടുത്ത ഒരു ഗ്രൗണ്ടാണത്. ബൈപ്പാസ് വന്നപ്പോൾ ആ മൈതാനം മുറിഞ്ഞുപോയി. അവിടത്തെ കായിക മനസ്സിനെയാണ് വെട്ടിമുറിക്കപ്പെട്ടത്. അതിന്റെയടിസ്ഥാനത്തിൽ ഞങ്ങൾ വീണ്ടും അവിടെയൊരു ഗ്രൗണ്ട് സ്ഥാപിക്കാനുള്ള പരിശ്രമത്തിലാണ്. പുതിയ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള സ്കൂൾ പുതുക്കിപ്പണിത് അവിടെ കൂടുതൽ സ്ഥലം കണ്ടെത്തി അവിടെയൊരു കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള പരിശ്രമത്തിലാണ്. ഞാൻ എന്റെ ട്രസ്റ്റി നിക്ഷേപ പദ്ധതി ഫണ്ട് പ്രകാരം പനമ്പള്ളി കോളേജിലെ അഞ്ചര ഏക്കർ ഗ്രൗണ്ട് മൂന്നരക്കോടി രൂപമുടക്കി നവീകരിക്കുകയുണ്ടായി. അതുപോലതന്നെ വെറ്റിലപ്പാറയിൽ ആദിവാസികളുടെ കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളുണ്ട്. ആസ്തിവികസന ഫണ്ടിൽനിന്നും ഒരുകോടി രൂപ മുടക്കി ആ സ്കൂളിന്റെ ഗ്രൗണ്ട് നവീകരിക്കുകയുണ്ടായി. കായികതാരങ്ങളെ ഒട്ടേറെ വളർത്തിയിട്ടുള്ള ചാലക്കുടിയിൽ ഞങ്ങൾ വലിയ പ്രോത്സാഹനം നടത്തിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെയും വിദ്യാഭ്യാസ

വകുപ്പിന്റെയുമൊക്കെ സഹായമുണ്ടെങ്കിൽ നേരത്തെ അങ്ങ് പറഞ്ഞ കളിസ്ഥലം വീണ്ടും അതേ രീതിയിൽ കൊണ്ടുവരാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, നല്ല കാര്യമാണ്. അങ്ങേയ്ക്ക് കൂടുതൽ സ്പോർട്സിന്റെ രംഗത്ത്.....

ശ്രീമതി യു. പ്രതിഭ ഹരി: സർ, അങ്ങിവിടെ പ്രസക്തമായിട്ടുള്ളൊരു ബില്ലാണ് അവതരിപ്പിക്കുന്നത്. എല്ലാ പഞ്ചായത്തുകളിലും ആവശ്യത്തിലധികം പുറമ്പോക്ക് ഭൂമി കിടപ്പുണ്ട്. അത് കണ്ടെത്തേണ്ടതുണ്ട്. നിർബന്ധമായും ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമുണ്ടാകണമെന്നൊരു സജക്ഷൻ അങ്ങേയ്ക്ക് ഈ ബില്ലിലൂടെ വയ്ക്കാൻ സാധിക്കുമോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, അത് ബില്ലിലൂടെ വരേണ്ടതല്ല. അത് ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്. ഗവൺമെന്റിന് ഒരു തീരുമാനത്തിലൂടെ നടപ്പാക്കാവുന്നതാണ്. എന്റെ ബിൽ എന്നുപറയുന്നത് ഇത് സംരക്ഷിക്കാനാണ്.

ശ്രീ. ഇ. കെ. വിജയൻ : സർ, ഭാവി കേരളത്തിനുവേണ്ടിയുള്ള ഏറെ ഭാവനാപൂർവ്വവും കാലികവുമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ

ഇവിടെ ഈ സ്വകാര്യ ബില്ലിലൂടെ അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിൽ ഇന്നത്തെ ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കേണ്ട ഒരു സ്വകാര്യ ബിൽ അംഗീകരിച്ചാൽ ഇതുപോലുള്ളൊരു സഭയ്ക്ക് കുഴപ്പമില്ലായെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതിൽ കൂട്ടിച്ചേർക്കേണ്ടത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുകൂടി സബ്മിറ്റ് ചെയ്യുന്നതായിരിക്കും നല്ലത്. ഇവിടെ നേരത്തെ അവതാരകൻ സൂചിപ്പിച്ചതുപോലെ നമ്മുടെ കളിസ്ഥലങ്ങൾ, സ്പോർട്സ് കൗൺസിൽ ഉൾപ്പെടെ കമേഴ്സ്യലൈസ് ചെയ്യുന്ന ഒരു നില വന്നിരിക്കുകയാണ്. അതുപോലെ ചരിത്ര പ്രസിദ്ധമായൊരു ഗ്രൗണ്ടാണ് കൊയിലാണ്ടി ഹൈസ്കൂൾ മൈതാനം. അത് റവന്യൂന്റെ സ്ഥലമാണ്. അവിടെയുള്ളത് ജില്ലാ സ്പോർട്സ് കൗൺസിലാണ്. ലക്ഷങ്ങൾ പങ്കെടുക്കുന്ന റാലികൾ നടക്കുന്നൊരു സ്ഥലമാണ്. അതുപോലെ ദേശീയ ഫുഡ്ബോൾ താരങ്ങൾ സംഭാവന ചെയ്ത ഗ്രൗണ്ടായിരുന്നു. ഇപ്പോൾ അവിടെ ദേശീയപാതയുടെ ഓരത്ത് കെട്ടിടം പണിത് വാടകയ്ക്ക് കൊടുക്കുകയും ബാക്കിസ്ഥലം ഗ്രൗണ്ടായി ഉപയോഗിക്കുകയും ചെയ്യുകയാണ്. കെട്ടിടമുണ്ടാക്കി അതിന്റെ വാടക എന്നതിനപ്പുറത്ത് ആ ഗ്രൗണ്ടിൽ അതുമായി ബന്ധപ്പെട്ട് അവിടത്തെ കളിയെ

പ്രോത്സാഹിപ്പിക്കുന്ന നിലപാടല്ല വരുന്നത്. നേരത്തെ സൂചിപ്പിച്ച വിഷയങ്ങളും അതാണ്. ഒരു സാമൂഹിക ബോധം അതിന്റെ ഭാഗമായി ഇല്ലാത്തിടത്തോളം കാലം ഉള്ള കളിസ്ഥലങ്ങൾ നാംതന്നെ ഇല്ലാതാക്കുന്ന എന്ന നില വരുന്നതിന്റെ തെളിവായി ഇതിനെ കാണുകയാണ്. ഇപ്പോൾ ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട് മരുന്നിനോടൊപ്പം നാൽപ്പത്തിയഞ്ച് മിനിട്ട് നടക്കണമെന്ന് ഡോക്ടർമാർ കുറിപ്പടി എഴുതിക്കൊടുക്കുകയാണ്. അവർക്ക് നടക്കാനുള്ള മനോഹരമായ സ്ഥലങ്ങളാണ് ഇത്തരം ഗ്രൗണ്ടുകൾ. ഇന്നത്തെ വാഹനപ്പെരുപ്പത്തിന്റെ അടിസ്ഥാനത്തിൽ റോഡിലൂടെ നടന്നുപോകുമ്പോൾവരെ ഒട്ടേറെ അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഈ കളിസ്ഥലങ്ങൾ അതിനുകൂടി ഉപയോഗിക്കാൻ വരുംകാലത്ത് കഴിയുന്നതാണ്. തീർച്ചയായും വളരെ ശ്രദ്ധേയമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ നില നേരത്തെയുള്ളതിനോട് ആഡ് ചെയ്ത് ബഹുമാനപ്പെട്ട മെമ്പറോട് സൂചിപ്പിക്കുകയാണ്.

<u>ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ</u>: സർ, ഇന്റർനാഷണൽ കളിസ്ഥലമുണ്ടാകുന്നതൊക്കെ നല്ലതാണ്. എന്നാൽ പഞ്ചായത്ത് തലത്തിൽ ഒരു കളിസ്ഥലമുണ്ടാകേണ്ടതാണ് ആദ്യം വേണ്ടത്. പക്ഷെ പഞ്ചായത്ത്

തലത്തിൽ കളിസ്ഥലമുണ്ടാകുന്നതിനുള്ള പ്രായോഗികമായ തടസ്സം സ്ഥലമില്ലായ്മയാണ്. ഗവൺമെന്റോ ആസ്തിവികസന ഫണ്ടോ മറ്റേതെങ്കിലും ഫണ്ടോ ഉപയോഗിച്ച് സ്ഥലം കണ്ടെത്താനുള്ള രീതി വളർന്നുവന്നാൽ പഞ്ചായത്തുകളിൽ കളിസ്ഥലമുണ്ടാക്കാൻ കഴിയും. അങ്ങനെ പ്രാദേശിക തലത്തിൽ മുന്നോട്ടുപോയാൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയൂ എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ എല്ലാ കാര്യങ്ങളും ഇതിന്റെ ഭാഗമായി ഗവൺമെന്റ് പരിഗണിക്കപ്പെടേണ്ടതു തന്നെയാണ്. എന്തുകൊണ്ടും ഇങ്ങനെയൊരു നിയമം ഇവിടെ ഉണ്ടാകണം. അല്ലെങ്കിൽ ഈ ബിൽ സഭ അംഗീകരിച്ച് പാസ്സാക്കണം. അതിന് സഹായകരമാകുന്ന കാര്യങ്ങളാണ് എല്ലാവരും പറയുന്നത്. ഈ ബില്ലിൽ കളിക്കളങ്ങളുടെ സംരക്ഷണവും നിർമ്മാണവും ഉൾപ്പെടെയുണ്ട്. അത് പഞ്ചായത്തിലാകണോ ജില്ലയിലാകണോ എന്നതെല്ലാം ഗവൺമെന്റിന് തീരുമാനിക്കാവുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിലെ കളിക്കളങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ സാമൂഹിക വശങ്ങളെക്കുറിച്ചുമൊക്കെ

അങ്ങിവിടെ പറഞ്ഞു. അതോടൊപ്പംതന്നെ പ്രധാനമാണ് ഇന്ന് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മറ്റൊരു സംഭവം. നമ്മുടെ കുട്ടികളിൽ പതിനെട്ടും പത്തൊമ്പതും ഇരുപതും ഇരുപത്തിരണ്ടും വയസ്സുള്ള കുട്ടികൾ കുളങ്ങളിലും നദികളിലും നീന്താനും കുളിക്കാനും ഇറങ്ങുമ്പോൾ മുങ്ങിമരിക്കുന്നു. അങ്ങ് പറഞ്ഞതുപോലെ പൊതു കളിയിടങ്ങൾ പോയതുപോലെതന്നെ കേരളത്തിലെ ചെറുതും വലുതുമായ കുളങ്ങളും ചിറകളും ഇല്ലാതാക്കപ്പെട്ടു. പൊതുകളിസ്ഥലങ്ങൾപോലെ പ്രധാനമാണ് കുളങ്ങളും. നമുക്കത് നിലനിർത്താൻ കഴിയേണ്ടതല്ലേ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, തീർച്ചയായും. അതിന് ഇപ്പോൾതന്നെ നിയമമുണ്ട്. ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനുമൊക്കെ നിയമമുണ്ട്. അതുപോലതന്നെ ആധുനികരീതിയിൽ ശാസ്ത്രീയമായി നിർമ്മിച്ച സ്വിമ്മിംഗ് പൂളുകളുണ്ട്. അത് നേരത്തെ വടക്കൻ കേരളത്തിലുണ്ടായിരുന്നില്ല. മലബാർ മേഖലയിലെ ആദ്യത്തെ ദേശീയ നിലവാരമുള്ള സ്വിമ്മിംഗ് പൂൾ കോഴിക്കോട്ടാണ് നിർമ്മിച്ചത്. ഒരു സ്കൂളിൽ വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം സൗജന്യമായി ലഭിച്ചു. സ്പോർട്സ് കൗൺസിലിനെയാണ് അതിന്റെ ചുമതല ഏൽപ്പിച്ചത്.

പൂർണ്ണമായും എം.എൽ.എ.ഫണ്ട് ഉപയോഗിച്ചാണ് അത് ചെയ്തത്. അത് നന്നായി നടക്കുന്നുണ്ട്. ഒരു പഞ്ചനക്ഷത്ര ഹോട്ടലിലെ സ്വിമ്മിംഗ് പൂളിന്റെ അതേ സൗന്ദര്യത്തോടും സൗകര്യത്തോടുംകൂടിയാണ് ചെയ്തിട്ടുള്ളത്. അവിടെ മുതിർന്ന ആളുകൾ നീന്താൻ വരുമ്പോൾ ഫീസ് വാങ്ങുന്നുണ്ട്. പക്ഷെ കുട്ടികൾക്ക് ഫ്രീയാണ്. ഇങ്ങനെയൊരു സ്വമ്മിംഗ് പൂളിൽ കുട്ടികൾക്ക് സൗജന്യമായി നീന്തുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നത് കേരളത്തിലെവിടേയുമില്ല. ഞാൻ പറഞ്ഞത് ഇങ്ങനെയുള്ള സ്വമ്മിംഗ് പൂളുകളല്ല, അങ്ങ് പറഞ്ഞതുപോലെയുള്ള കുളങ്ങളുടെ അതായത് ഭൂമിയിൽ ജലവിതാനം നിലനിൽക്കാൻ സഹായകരമാകുന്ന കുളങ്ങളുടെ സംരക്ഷണം തീർച്ചയായും ഇതിന്റെ ഭാഗമായി വരേണ്ടതാണ്. അത് സ്വിമ്മിംഗ് പരിശീലിപ്പിക്കാനും സ്പോർട്സിന്റെ കാര്യത്തിലും ഉപയോഗിക്കപ്പെടും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, അങ്ങ് നേരത്തെ സംസാരിച്ചപ്പോൾ ഫുഡ്ബോൾ അസോസിയേഷനുകൾ ഫുഡ്ബോൾ ഗ്രൗണ്ടുകൾ സ്ഥാപിക്കുന്നതിന് മുൻകൈയെടുക്കുമോ എന്നൊരു ചോദ്യം ചോദിക്കുകയുണ്ടായി. എന്റെ വീടിനടുത്ത് പറപ്പൂർ ഫുഡ്ബോൾ അസോസിയേഷൻ എന്നൊരു സംഘടന സി .വി. പാപ്പച്ചനെപ്പോലെയുള്ള

പ്രഗത്ഭരായ ഫുഡ്ബോളർമാരെ വാർത്തെടുത്തിട്ടുള്ളൊരു പ്രദേശമാണ്. അവർ ഏകദേശം ആറ് ഏക്കറോളം സ്ഥലം വാങ്ങി, ചെറിയ പ്രായത്തിലുള്ള കുട്ടികളെ താമസിപ്പിച്ച് നല്ല ഫുഡ്ബോളർമാരാക്കി മാറ്റാനുള്ള ഇടപെടൽ നടത്തുന്നതിന് ഒരു അക്കാദമി സ്ഥാപിക്കാൻവേണ്ടിയുള്ള പ്രയത്നത്തിലാണ്. പക്ഷെ വാങ്ങിയ ഭൂമി നേരത്തെ ഇവിടെ ചർച്ച ചെയ്ത നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നിലമാണ്. ഇപ്പോഴത് ഭൂമിയാണ്. അത്തരം പ്രശ്നങ്ങൾ ഗ്രൗണ്ട് സ്ഥാപിക്കുന്നതിന് തടസ്സമുണ്ട് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ പ്രദീപ്കുമാർ</u>: സർ, അത് അവിടത്തെ പ്രാദേശികമായിട്ടുള്ളൊരു ഇഷ്യൂ ആണ്. എതായാലും അങ്ങനെയൊരു ഫുഡ്ബോൾ അസോസിയേഷൻ സാധ്യമല്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതൊരു ട്രസ്റ്റായിരിക്കും. ഫുഡ്ബോൾ അസോസിയേഷന്റെ സംഘടനയെന്നുപറയുന്നത് ആൾ ഇന്ത്യാ ഫുഡ്ബോൾ അസോസിയേഷനും സംസ്ഥാന ഫുഡ്ബോൾ അസോസിയേഷനും അതിന്റെതാഴെ ജില്ലാ ഫുഡ്ബോൾ അസോസിയേഷനുകളുമാണ്. അത് അഫിലിയേറ്റഡ് ക്ലബ്ബുകളാണ്. അല്ലാതെ പ്രാദേശിക തലത്തിലും പഞ്ചായത്ത് തലത്തിലും ഫുഡ്ബോൾ

അസോസിയേഷൻ എന്നൊന്നില്ല. ഒരുപാട് നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള സഭയാണ് കേരള നിയമസഭ. എല്ലാ മേഖലയെയും സ്പർശിച്ചുകൊണ്ട് ഇത്രയധികം നിയമനിർമ്മാണം നടത്തിയ ഈ സഭ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്, മൂന്നാംലോക രാജ്യങ്ങൾക്ക് മാതൃകയാണെന്ന് അങ്ങ് ഉൾപ്പെടെ ഇതിനുമുമ്പിരുന്ന സ്പീക്കർമാരും നമ്മളെല്ലാപേരും അഭിമാനത്തോടെ പറയാറുണ്ട്. മനുഷ്യന്റെ ആരോഗ്യത്തെക്കുറിച്ചും ബൗദ്ധികവും കായികവുമായിട്ടുള്ള വികാസത്തെക്കുറിച്ചുമൊക്കെ വളരെ ഗൗരവമായി ആലോചിക്കുന്ന ധിഷണാശാലികൾ വന്നിരുന്നുപോയിട്ടുള്ള ഈ സഭയിൽ എന്തുകൊണ്ടാണ് ഇത്രയും കാലമായിട്ടും ഇത്രയും പ്രാധാന്യമുള്ള സ്പോർട്സ് മോഖലയുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണം ഇല്ലാതെപോയത്. ഇന്ന് ആരും അവഗണിക്കുന്ന ഒരു മേഖലയല്ല സ്പോർട്സ്. ആരും അത് ചർച്ച ചെയ്തിട്ടില്ല. ഞാൻ ഈ സഭയിൽ വന്നതിനുശേഷം ശ്രദ്ധിച്ചിട്ടുള്ള കാര്യം, വിദ്യാഭ്യാസം, സ്പോർട്സ് തുടങ്ങിയ വകുപ്പുകളുടെ ചർച്ച ഒന്നിച്ചായിരിക്കും. ചർച്ച വന്നാൽ മന്ത്രിമാർ മറുപടി പറയും. പക്ഷേ സ്പോർട്സിനുവേണ്ടിയുള്ള വാദങ്ങളൊന്നും ചർച്ചയിൽ കാര്യമായി വരാറില്ല. സദ്യയുടെ കൂടെ ചമ്മന്തിയൊക്കെ വയ്ക്കുന്നതുപോലെ പേരിനു ഒരു വാക്ക് പറയും.

ഗൗരവമായ ചർച്ചകൾ സാധാരണ ഇതിനകത്ത് വരാറില്ല. ഈയടുത്ത കാലത്താണ് കുറച്ചെങ്കിലും ചർച്ചയുണ്ടായത്. ഞാൻ സ്പോർട്സ് വിദഗ്ധനൊന്നുമല്ലെങ്കിലും പൊതുപ്രവർത്തകനെന്ന നിലയിൽ എനിക്ക് ഇതിനോട് താല്പര്യമുണ്ട്. ഇവിടുത്തെ രേഖ പരിശോധിച്ചാൽ, നിയമസഭയുടെ ചരിത്രത്തിൽ സ്പോർട്സിനുവേണ്ടിയുള്ള ചർച്ചയിൽ ഏറ്റവും കൂടുതൽ സമയം വിനിയോഗിച്ചിട്ടുള്ളത് എന്റെ ഒരു ഇടപെടലായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. കാരണം ഇത്രയും കാലത്തിനിടയിൽ വേറേയെവിടെയും കേട്ടിട്ടില്ല. മറ്റൊന്നും കൊണ്ടല്ല, അത് പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. ആ നിലയ്ക്ക് പരിഗണിക്കപ്പെടുന്നില്ല. അങ്ങനെ പരിഗണിക്കപ്പെടാത്തതിന്റെ ഭാഗമായി എന്തൊക്കെയാണുണ്ടായിട്ടുള്ളത്? കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് സ്പോർട്സ് കൗൺസിലുകളുടെ ഒരുതരം ജനാധിപത്യ കശാപ്പ് അല്ലെങ്കിൽ അതിന്റെ ജനാധിപത്യപരമായ നടത്തിപ്പിനെ ഉന്മൂലനം ചെയ്തുകളഞ്ഞത്. അത് ഇപ്പോൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതിന് നേതൃത്വം കൊടുക്കുമെന്നാണ് കരുതുന്നത്. കാരണം അവരുണ്ടാക്കിയ ആ അവസ്ഥ, ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ ജനാധിപത്യപരമായി പ്രവർത്തിക്കുന്ന സ്പോർട്സ് കൗൺസിലുകൾ നമ്മുടേതാണെന്ന് അഭിമാനിക്കുന്ന സാഹചര്യം കഴിഞ്ഞ തവണ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വകുപ്പുമന്ത്രിയായിരുന്ന

കാലത്താണ്, അവസാനകാലത്താണ് അത് ശരിപ്പെടുത്തിയത്. അതിനെ ഇപ്പോൾ ശരിയാക്കി എടുക്കാമെന്ന് വിചാരിക്കുകയാണ്. എന്നാലും സ്പോർട്സ് കൗൺസിലുകളുടെയും ഈ അസോസിയേഷനുകളുടെയുമൊക്കെ പ്രവർത്തനത്തിൽ...., ഇപ്പോഴുള്ള കൗൺസിലുകളെ ജനാധിപത്യപരമായി പ്രവർത്തിപ്പിക്കുക മാത്രമല്ല, നേരത്തെ പറഞ്ഞതുപോലെ കടലാസ് സംഘടനകളുടെ അനാരോഗ്യകരമായ വിളയാട്ടത്തിന് കടിഞ്ഞാണിടാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഗവൺമെന്റ് സെക്ടറിലെ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, കായികാദ്ധ്യാപക പരിശീലനകേന്ദ്രം എന്നുള്ള നിലയിലാണ് ഇപ്പോൾ നിൽക്കുന്നത്. അത് 1957-ൽ തുടങ്ങിയപ്പോൾ ഏതാണ്ട് 8 വർഷം മുമ്പുവരെ ഡിപ്ലോമ മാത്രം കൊടുക്കുന്ന ഒരു സ്ഥാപനമായിരുന്നു. ഇപ്പോൾ ഗ്രാഡ്യുവേഷനും പോസ്റ്റ് ഗ്രാഡ്യുവേഷനും വന്നു, നന്നായി. പക്ഷേ ഇന്നത്തെ കാലത്ത് സ്പോർട്സിന്റെ പുതിയ സാധ്യതകളെക്കുറിച്ച് ഗവേഷണം നടത്തുന്ന സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിലേയ്ക്ക് ആ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിനെ മാറ്റുന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കേണ്ടതാണ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഒരു സ്ഥാപനമാണുള്ളത്, പിന്നെ എൽ.എൻ.സി.പി. ഉണ്ട്. അത് വെറും കായികാദ്ധ്യാപക പരിശീലനകേന്ദ്രം എന്നതിൽ പരിമിതപ്പെടുത്താതെ ഈ പറഞ്ഞ കാര്യത്തെക്കുറിച്ച് ആലോചിക്കണം.

ദക്ഷിണേന്ത്യയിലെ ആദ്യത്തെ സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ കോഴിക്കോട് തുടങ്ങിയെങ്കിലും കെട്ടിടം മാത്രമേയുള്ളൂ. പക്ഷേ ആ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ട വിദഗ്ധരെ......,

<u>പ്രൊഫ. കെ. യു. അരുണൻ</u>: ഒളിമ്പിക്സിനെ സംബന്ധിച്ച് നമ്മൾ പറയുന്നു. പക്ഷേ നമ്മളൊരിക്കലും പാരാ ഒളിമ്പിക്സിനെക്കുറിച്ചോ സ്പെഷ്യൽ ഒളിമ്പിക്സിനെക്കുറിച്ചോ പറയുന്നില്ല. ഫിസിക്കലി ചലഞ്ച്ഡായിട്ടുള്ളവർക്കുള്ള പാരാ ഒളിമ്പിക്സിൽ പങ്കെടുക്കുന്നതിന് നമ്മുടെ നാട്ടിൽ നിന്ന് കുറേ ആൾക്കാർ പോകുന്നുണ്ട്. ഓട്ടിസം തുടങ്ങിയവ ബാധിച്ചവർക്കുവേണ്ടിയുള്ള സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുക്കുന്നവരെക്കുറിച്ച്......., അക്കാര്യങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ എന്ന് ചോദിക്കാൻ വേണ്ടിയിട്ടാണ്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: തീർച്ചയായും ശ്രദ്ധയിൽവന്നിട്ടുണ്ട്. ഇന്ത്യയിൽ നിന്ന് ഇതിലൊക്കെ പങ്കാളിത്തം വഹിക്കാറുണ്ട്. പലപ്പോഴും നമുക്ക് മെഡൽ കിട്ടുന്നത് ഇതിലൊക്കെയാണ്. പ്രധാന ഒളിമ്പിക്സിനകത്ത് ലഭിക്കാറില്ല, ഇതിലാണ് വല്ലതും ലഭിക്കുന്നത്.

അപ്പോൾ സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് ഫങ്ഷൻ ചെയ്യാത്തത് ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾക്ക് വലിയ പ്രാധാന്യം നൽകാതെയും

പരിഗണിക്കാതെയും പോകുന്നതിനുമൊക്കെ പരിഹാരമുണ്ടാകണം. അത് ഈ ബില്ലിന്റെ ഭാഗമായി മാത്രം വരേണ്ടതല്ല. പൊതുവായി വരേണ്ടതാണ്. നമുക്ക് ഒരു സ്പോർട്സ് നയമുണ്ടാകണം. സ്പോർട്സ് കൗൺസിലുകളെ ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കണം. അതിന്റെ ഫങ്ഷനിംഗ് ണ്ടാകണം. ഈ കടലാസ് സംഘടനകൾ നിരോധിക്കപ്പെടണം. അത്യാർത്തിയോടെ സ്പോർട്സ് രംഗത്ത് വിഹരിക്കുന്ന ഒരുപാട് ആളുകളുണ്ട്. അതുമായി ബന്ധപ്പെട്ട് അടുത്ത് ഇടപഴകി പരിചയമുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞത്. സ്പോർട്സിനോടൊന്നും താല്പര്യമില്ലാതെ വലിയ അത്യാർത്തിയായി നടക്കുന്ന ആൾക്കാർ, സ്പോർട്സ് മേഖലയുമായി ബന്ധമില്ലാത്ത ആളുകൾ ഇവരൊക്കെ വരുന്നത് അപകടമാണ്. പൊതുവെ ആ രംഗവുമായി വൈകാരികമായി അടുപ്പമുള്ളവർ വരുന്നതാണ് നല്ലത്.

മി. സ്പീക്കർ: Emotionally attachment കുഴപ്പമില്ല, financially attachment ആണ് കുഴപ്പം.

ശ്രീ. എ. പ്രദീപ് കുമാർ: കളിക്കാരനായതുകൊണ്ട് അതിൽ നിന്ന് ഒഴിഞ്ഞുനിൽക്കണമെന്നില്ല. കളിയിലൂടെ അതിപ്രഗത്ഭരായി ഉയർന്നുവന്ന താരങ്ങളും ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അപകടം കാണിക്കുന്നുണ്ട്. ചില ആളുകൾ സ്പോർട്സിൽ പങ്കെടുത്തിട്ടില്ലെങ്കിലും മികച്ച

സംഘാടകനായിരിക്കും. തീർച്ചയായും അങ്ങനെയൊരാൾ വരുന്നുണ്ടെങ്കിൽ അത് നിരോധിക്കേണ്ട കാര്യമില്ലെന്നാണ് പറഞ്ഞത്.

ശ്രീ. എ. എൻ. ഷംസീർ: സ്പോർട്സ് കളിക്കുന്ന ആളുകൾ മാത്രമേ വരാൻ പാടുള്ളൂവെന്ന് അങ്ങ് പറഞ്ഞു. ഉദാഹരണത്തിന് ഹോക്കി, ക്രിക്കറ്റ് - ഹോക്കി കളിക്കാരനായിരിക്കണമെന്നില്ല. ഹോക്കിയുടെ റൂൾസിനെക്കുറിച്ചും അതിന്റെ ഗെയിമിനെയും കുറിച്ചറിയണം. അതിന്റെ ഓർഗനൈസർമാരുണ്ട്. എനിക്കറിയാവുന്ന എത്രയോ നല്ല ഓർഗനൈസർമാരുണ്ട്. അത്തരം ഓർഗനൈസർമാർ സ്പോർട്സ് കൗൺസിലിലേയ്ക്ക് വരുന്നതിൽ ഒരു തെറ്റുമില്ല.

മി. സ്പീക്കർ: ഒരു വിദഗ്ദ്ധൻ എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ അഭിപ്രായം ചോദിച്ചതാണ്.

ശ്രീ. റ്റി. വി. രാജേഷ്: കുറച്ചുനാൾ ഞാൻ തായ്കോണ്ടോ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റായിരുന്നു. തായ്കോണ്ടോ അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. മുരളീധരൻ ഈ നിയമസഭയിലെ അംഗമാണ്. അത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. സ്വരാജ്: ഈ ബില്ലിന്റെ ചർച്ചയിൽ വളരെ പ്രസക്തമായിട്ടുള്ള ഒരു

വിഷയത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങളാണ് ഉയർന്നുവരുന്നത്. ഇതിൽ യോജിപ്പിന്റെയും വിയോജിപ്പിന്റെയും പ്രശ്നമല്ല. ഈ വ്യത്യസ്തമായ അഭിപ്രായത്തിൽ ഞാൻ കക്ഷി ചേരുന്നുമില്ല. പക്ഷേ എന്റെ ആശങ്കയോ എന്റെ ഒരു അഭിപ്രായമോ....., ശ്രീ. എ. എൻ. ഷംസീർ പറയുന്നതിനോട് സത്യത്തിൽ എനിക്ക് യോജിപ്പാണ്. കാരണം സ്പോർട്സ് താരമായില്ലെങ്കിലും അക്കാര്യങ്ങളെക്കുറിച്ച് നല്ല ധാരണയുണ്ടെങ്കിൽ; നല്ല സംഘാടകനാണെങ്കിൽ ഇതിന്റെ ഭാരവാഹിത്വത്തിൽ വരുന്നതിൽ അനൗചിത്യമുണ്ടോ എന്ന് ചോദിച്ചാൽ ഉണ്ടെന്ന് പറയാൻ പറ്റില്ല, അത് ശരിയാണല്ലോ എന്ന് തോന്നും. പക്ഷേ എനിക്ക് തോന്നുന്നത് അതെങ്കിലും വേണ്ടേ. ഇപ്പോൾ തായ്കോണ്ടോ ഉദാഹരണമായിട്ട് എടുക്കുന്നില്ല, ചിലപ്പോൾ തെറ്റിദ്ധാരണയ്ക്കിടയാക്കും. റെസ്ലിംഗ് അല്ലെങ്കിൽ കയാക്കിംഗ് അങ്ങനെ എതെങ്കിലും ഒരു ഇനം പറഞ്ഞാൽ അത് ഇംഗ്ലീഷ് മരുന്നാണോ അങ്ങാടി മരുന്നാണോ എന്നുപോലും അറിയാത്ത ഒരാൾ ഇതിന്റെ ഭാരവാഹിയായി സ്പോർട്സ് കൗൺസിലിൽ വരുന്നത് നമുക്ക് എങ്ങനെ ഇല്ലാതാക്കാനാകും എന്ന് കൂടി ഗൗരവമായി ആലോചിക്കേണ്ടതല്ലേ?

<u>ശ്രീ. കെ. ആൻസലൻ</u>: വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ശ്രീ. എ. പ്രദീപ് കുമാർ ഇവിടെ അവതരിപ്പിച്ച് ചർച്ച ചെയ്യപ്പെടുന്നത്. ദേശീയ ഗെയിംസിലും

ഏഷ്യൻ ഗെയിംസിലും ഒളിമ്പിക്സിലുമൊക്കെത്തന്നെ ഇന്ത്യയ്ക്ക് മാതൃകയായി പാർട്ടിസിപ്പേറ്റ് ചെയ്യുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതുവരെയും ഇക്കാര്യത്തിൽ ഗൗരവമായ ഒരു ഇടപെടൽ ഗവൺമെന്റുകൾ നടത്തിയിട്ടില്ല. ഈ ഘട്ടത്തിൽ താലൂക്ക് കേന്ദ്രങ്ങളിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ ചർച്ചയിൽ ഉൾപ്പെടുത്തുന്നതിൽ തെറ്റുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: ഈ ചർച്ചയിൽ വന്നിട്ടുള്ള പ്രധാനപ്പെട്ട വിഷയം, സ്പോർട്സ് കേന്ദ്രങ്ങൾ കച്ചവടസ്ഥാപനങ്ങളായി മാറുന്നുവെന്നതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂമിയുടെ വില കൂടിയതനുസരിച്ച് സ്വാഭാവികമായിട്ടുള്ള സംഭവമാണ്. നമ്മൾ ഗ്രാമങ്ങളിൽ സഞ്ചരിക്കുമ്പോൾ ഓരോ പഞ്ചായത്തുകളിലും ഏറ്റവും കുറഞ്ഞത് പത്തോ പതിനഞ്ചോ ക്ലബ്ബുകളുണ്ടാകും. സ്വാഭാവികമായും അത്തരം ക്ലബ്ബുകളുടെ ഒരു കോ-ഓർഡിനേഷനുണ്ടാക്കി ഓരോ പഞ്ചായത്തിലും അവർ സ്വന്തമായി സ്ഥലം കണ്ടെത്തുകയാണെങ്കിൽ; അവർക്ക് ഒരു സ്റ്റേഡിയം സർക്കാർ ചെലവിൽ നിർമ്മിച്ചുകൊടുക്കാൻ തയ്യാറാകുയാണെങ്കിൽ ഭൂമി കണ്ടെത്തുക എന്നുള്ള വലിയൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഗ്രാമങ്ങളിലെ ഇത്തരം ക്ലബ്ബുകളിലെ യുവജനങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് ഈ പ്രശ്നത്തിന് എന്തുകൊണ്ട് പരിഹാരം കണ്ടുകൂടാ; അതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പ്രദീപ്കുമാർ : ഇക്കാര്യങ്ങളെല്ലാം ഗവൺമെന്റ് ഇതിന്റെ ഭാഗമായി പരിഗണിക്കണം. ഈ ബില്ലിന്റെ ഭാഗമായി മാത്രമല്ല, സ്പോർട്സ് രംഗത്ത് കൊണ്ടുവരേണ്ട സമഗ്ര പരിഷ്കാരം, അതുകൊണ്ടാണ് സപോർട്സ് നയം ഉണ്ടാകണമെന്ന് പറഞ്ഞത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജനാധിപത്യകശാപ്പ് നടത്തിയിട്ടിരിക്കുന്ന സ്പോർട്സ് കൗൺസിലുകളെ ജനാധിപത്യപരമായി പുന:സംഘടിപ്പിച്ച് ഇലക്ഷൻ പ്രൊസീഡ്യുവറിലേയ്ക്ക് വരണം, അസോസിയേഷനുകളെ/കടലാസ് സംഘങ്ങളെ ഉന്മൂലനം ചെയ്യുക തുടങ്ങിയ ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതോടൊപ്പം അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങളാണ് അങ്ങ് പറഞ്ഞത്. അതിൽ ഞാൻ പറഞ്ഞ നിയമം കൊണ്ടുവന്നാൽ ഇതിനൊക്കെ സഹായകമാകും. നിലവിലുള്ള കളിക്കളങ്ങൾ സംരക്ഷിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമൊക്കെ സഹായകരമാകുന്ന നിയമം ആണ്. കായിക വിനോദ ശാഖയുമായി യാതൊരു ബന്ധവുമില്ലാത്തവർ അസോസിയേഷന്റെ ഭാരവാഹികളാകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. എം. സ്വരാജ് സംസാരിച്ചു. ശ്രീ. ടി. വി. രാജേഷ്, തായ്കോണ്ടോ എന്ന കളിയുടെ ജില്ലാ പ്രസിഡന്റും അപ്പുറത്ത് ശ്രീ. കെ. മുരളീധരൻ സംസ്ഥാന പ്രസിഡന്റും ആണെന്നും പറഞ്ഞു.

തായ്കോണ്ടോ അങ്ങ് കളിച്ചുവന്നതല്ലെങ്കിലും, ആ നാട്ടിൽ കളിയുണ്ടെങ്കിൽ ആ കളിയുടെ ഗന്ധവും ബന്ധവും ഉണ്ടാകും. അത് ഉണ്ടായാലും മതി. കോഴിക്കോട് ജില്ലയിൽ ഞങ്ങൾക്ക് ഫുട്ബോൾ എന്ന് പറഞ്ഞാൽ കളി മാത്രമല്ല, അതൊരു ജീവിത ശൈലിയും സംസ്കാരത്തിന്റെ ഭാഗവുമാണ്. അവിടത്തെ കുഞ്ഞുങ്ങൾപോലും നടന്നുപോകുന്നത് മെസ്സിയും നെയ്മറും നടക്കുന്നതുപോലെയാണ്. അതൊരു സംസ്കാരത്തിന്റെ ഭാഗമാണ്. അതിനോട് വൈകാരികമായി അടുപ്പമുള്ള ആൾക്ക് അതിന്റെ ഭാരവാഹിയായി വരുന്നതിൽ തെറ്റില്ല. ഞാൻ തന്നെ ഉദാഹരണമാണ് വേറൊരു തരത്തിൽ. ഞാൻ കോഴിക്കോട് കേരളാ ഫുട്ബോൾ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റായിരുന്നു ഇതുവരെ. ഇപ്പോൾ കേരളാ ഫുട്ബോൾ അസോസിയേഷന്റെ സംസ്ഥാന വൈസ് പ്രസിഡന്റാണ്. പക്ഷെ, ഞാൻ കളിച്ചത് ഫുട്ബോളല്ല. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് ബാസ്കറ്റ്ബോൾ കളിച്ച ആളാണ്. സ്കൂൾ ടീമിന്റെ ക്യാപ്റ്റനായിരുന്നു. പിന്നെ ഉയരം വയ്ക്കാത്തതുകൊണ്ട് പിന്നെ അധികം കളിച്ചില്ല. കോളേജിൽ പഠിക്കുന്ന കാലത്ത് ഹോക്കിയും കളിച്ചിട്ടുണ്ട്. അത് വലിയ കളിയല്ല. ബാസ്കറ്റ്ബോൾ സീരിയസായാണ് കളിച്ചത്. ഇപ്പോഴും ഷൂട്ട് ചെയ്താൽ ബാസ്കറ്റിൽ വീഴും. ഞാൻ ബാസ്കറ്റ്ബോൾ അസോസിയേഷന്റെ ഭാരവാഹി ആയിട്ടില്ല. ആ ഭാഗത്ത് പോയിട്ടില്ല. എന്നെ തെരഞ്ഞെടുത്തത് കെ.എഫ്.എ.

ആണ്. സ്പോർട്സിലെ വിവിധ കായിക വിനോദ ശാഖകളിലൂടെ വന്നിട്ടുള്ള ആൾക്കാർ ഇതിനകത്ത് ഉണ്ടാകും. ചിലപ്പോൾ ഒരു അസോസിയേഷനിലും ഭാരവാഹി ആയിട്ടുണ്ടാകില്ല. ചിലപ്പോൾ നിങ്ങൾ കളിച്ച് വന്നതിൽ നിന്ന് വ്യത്യസ്തമായി വേറെ ഏതിന്റെയെങ്കിലും ഭാരവാഹിയായി പ്രവർത്തിച്ചവരുണ്ടാകും. അത് സ്വാഭാവികമാണ്. ഏത് നന്നായി കൊണ്ടുനടക്കാനാകുമോ അതിൽ സത്യസന്ധതയും സുതാര്യതയും പുലർത്താനാകുമോ എന്നുള്ളതാണ് പ്രശ്നം.

ശ്രീ. റ്റി. വി. രാജേഷ് : സർ, കഴിഞ്ഞ ദിവസം നിയമസഭയിലെ ബഹുമാന്യനായ ഒരംഗം ശ്രീ. എ. പ്രദീപ്കുമാർ തച്ചോളി കുടുംബത്തിന്റെ ഭാഗമായിരുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങേയ്ക്ക് കളരിപ്പയറ്റുമായി എന്തെങ്കിലും ബന്ധമുണ്ടോ; ചെറുപ്പത്തിൽ കളരിപ്പയറ്റ് അങ്ങ് പരിശീലിച്ചിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, കളരിപ്പയറ്റുമായി അടുത്ത ബന്ധമല്ല ഗന്ധമുണ്ട്. ഞാൻ കൂടുതലായി പറയുന്നില്ല. എനിക്ക് ഇതിനകത്ത് കുറേ കാര്യങ്ങൾ കൂടി പറയാനുണ്ട്. ചർച്ച തുടരുന്നത് നന്നാകുമെന്നാണ് തോന്നുന്നത്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അംഗീകരിക്കുന്നില്ലെന്നാണ് പറയുന്നത്. ഒരിക്കൽ കൂടി നന്നായി വാദം നടത്തിയാൽ അദ്ദേഹത്തിന്റെ മനസ് മാറി ഇത് അംഗീകരിക്കുമെന്നാണ് കരുതുന്നത്. അതുകൊണ്ട് എനിക്ക് വിശദമായി

സംസാരിക്കാൻ ഒരവസരം കൂടി വേണം. അതുകൊണ്ട് ഇന്ന് ഞാൻ കൂടുതലായി സംസാരിക്കുന്നില്ല. ചർച്ച തുടരുകയാണ്.

(3) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച</u>:

(ii) <u>2016-ലെ കേരള ശുദ്ധജലാവകാശ ബിൽ.</u>

<u>മി. സ്പീക്കർ</u>: 2016 ഒക്ടോബർ 21-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തിരുന്നു. പ്രമേയത്തെ എതിർത്തതിനാൽ ശ്രീ. ആർ. രാജേഷിന് ഒരു ഹ്രസ്വ പ്രസ്താവന നടത്താൻ അനുവദിച്ചിരുന്നു. പ്രസ്താവന പൂർത്തിയാകാത്തതിനാൽ ശ്രീ. ആർ. രാജേഷിന് ചർച്ച തുടരാവുന്നതാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, 2016-ലെ കേരള ശുദ്ധജലാവകാശ ബില്ലുമായി ബന്ധപ്പെട്ട് അന്ന് 22 മിനിട്ട് സംസാരിക്കാൻ അവസരം കിട്ടിയതാണ്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ഈ ബില്ലിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ആ ബിൽ അവതരിപ്പിക്കുമ്പോൾ മന്ത്രി ഇതുമായി ബന്ധപ്പെട്ട് സാങ്കേതിക അംഗീകാരം നൽകിയിരുന്നില്ല. എന്നാൽ ആ വിഷയത്തിന്റെ ഗൗരവം

ഉൾക്കൊണ്ടുകൊണ്ട് ഈ തുടർ ചർച്ചയ്ക്കുശേഷം അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശുദ്ധജലം ലഭ്യമാകുക എന്നുള്ളത് ഏതൊരു പൗരന്റെയും അവകാശമാണ്. അത് നിറവേറ്റി കൊടുക്കേണ്ട ബാധ്യത ഗവൺമെന്റിനുള്ളതാണ്. നമ്മുടെ ജലസ്രോതസ്സുകളാകെ മലിനമായി മാറി. വ്യത്യസ്തമായ നിലയിൽ മലിനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി ശുദ്ധജലം കിട്ടാത്ത സ്ഥിതി ഇന്ന് നമ്മുടെ നാട് അനുഭവിക്കുകയാണ്. ഈ വർഷം ഏറ്റവും രൂക്ഷമായ പ്രതിസന്ധിയാണ് നമ്മൾ നേരിടുന്നത്. ഏതെങ്കിലും നിലയിൽ അവർക്ക് കുടിക്കാൻ ആവശ്യമായ, പ്രാഥമികമായ കാര്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ ജലം എത്തിക്കുക എന്ന ഉത്തരവാദിത്വം നമുക്ക് നിർവ്വഹിക്കാൻ കഴിയുമോ എന്നാണ് നമ്മൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. വലിയ നിലയിൽ മഴയുടെ കുറവ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാവുകയാണ്. ഈ വേനൽക്കാലത്ത് ഭൂമിയിൽ ജല സംരക്ഷണത്തിനായി ജലം ഉറപ്പുവരുത്തേണ്ട മഴ ഇടവപ്പാതിയിലൂടെ നമുക്ക് ലഭ്യമായില്ല. കേരളത്തിൽ തുലാവർഷത്തിന്റെ വലിയ നിലയിലുള്ള കുറവാണ് ഉണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായി അതിരൂക്ഷമായ ജലക്ഷാമം നമ്മുടെ നാട് നേരിടുകയാണ്. നിലവിലുള്ള ജലസംഭരണികൾ നമ്മൾ നോക്കി നിൽക്കേ തന്നെ

വറ്റുകയാണ്. നദിയും പുഴകളും കായലുമെല്ലാം വറ്റിവരളുന്നു, ഉപയോഗിക്കേണ്ട ജലം മാലിന്യമുള്ളതായി വേഗത്തിൽ മാറുകയാണ്. ഈ ഗുരുതരമായ സാഹചര്യത്തെ എങ്ങനെ മറികടക്കാം എന്നതാണ് നമ്മുടെ ഗവൺമെന്റ് ആലോചിക്കേണ്ടത്. കഴിഞ്ഞദിവസം ജലവുമായി ബന്ധപ്പെട്ട പ്രശ്നം നിയമസഭയിൽ വന്നപ്പോൾ, നമുക്ക് ആധുനികമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് എങ്ങനെയാണ് കൂടുതൽ ജലം ഭൂമിയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നതിനെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയായിരുന്നു. പ്രകൃതി സ്വാഭാവികമായി നമുക്ക് നൽകേണ്ട ജലം, മഴ കൃത്രിമമായ മാർഗ്ഗത്തിലൂടെ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്  ലഭ്യമാക്കാൻ എങ്ങനെ കഴിയും എന്നതിനെക്കുറിച്ച് പരിശോധിക്കേണ്ട കാലത്തെക്കുറിച്ച് നമ്മൾ മാറി എന്നതാണ് ഏറ്റവും ഗൗരവമുള്ള കാര്യം.  മഴ പെയ്യിക്കാനാവശ്യമായ കൃത്രിമമായ സാഹചര്യം സൃഷ്ടിച്ച് കൃത്രിമ മഴ ഈ വേനൽ കാലത്ത് ജനങ്ങൾക്ക് വെള്ളം കൊടുക്കുന്നതിനുവേണ്ടി എത്തിക്കാൻ കഴിയുമോ എന്നാണ് ഗവൺമെന്റ് പരിശോധിക്കുന്നത്. ഭൂമിയിലാകെ ലഭ്യമായ ജലത്തിന്റെ ഏകദേശ കണക്കെന്ന് പറയുന്നത്, 1400 ദശലക്ഷം ക്യൂബിക് കി.മീറ്ററാണ്. ആകെയുള്ള വെള്ളം കടലിലും കരയിലും അന്തരീക്ഷത്തിലുമായി കിടക്കുകയാണ്. അതിൽ ചെറിയ ശതമാനം ജലം മാത്രമാണ് ശുദ്ധജലമായി നമുക്ക്

ഉപയോഗിക്കാൻ കഴിയുന്നത്. നമ്മുടെ ആവശ്യത്തിന് അനുസരിച്ചുള്ള ജലലഭ്യത ഉണ്ടാകുന്നില്ല. ജലം ലഭ്യമാകുന്നതിന്റെ അളവ് കുറയുകയും നിലവിലുള്ള ജലം മലിനമാകുന്നതിന്റെ അളവ് കൂടുകയും ചെയ്യുന്നു. ആ ശുദ്ധജലം മലിനമാക്കാതിരിക്കുകയാണ് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ശുദ്ധജലം ലഭ്യമാകുന്നതിൽ സാർവ്വത്രികമായി നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന്, വിഭവശോഷണമാണ്- അത് കിട്ടിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവ് കുറയുന്നു. മറ്റൊന്ന് സാർവ്വത്രികമായ മലിനീകരണമാണ്. ആ മലിനീകരണ പ്രക്രിയയുടെ ഭാഗമായി നിലവിലുള്ള ജലം കൂടി ഉപയോഗിക്കാൻ കഴിയാത്ത നിലയിലേയ്ക്ക് മാറുകയാണ്. പൊതുജനാരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകുന്ന നിലയിൽ, വ്യത്യസ്തമായ നിലയിൽ ജലം മലിനീകരിക്കപ്പെടുകയാണ്. ഭൗതികമായ മലിനീകരണമുണ്ട്, രാസപരമായ മലിനീകരണമുണ്ട്, ജൈവപരമായ സവിശേഷതയുടെ ഭാഗമായി ജലം മലിനീകരിക്കപ്പെടുന്ന സ്ഥിതിയിലേയ്ക്ക് മാറുകയാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ജല ദൗർലഭ്യത ഇന്ന് എല്ലാവരും വളരെ ശ്രദ്ധിക്കപ്പെടുന്ന, നമ്മെ വളരെ ആശങ്കയിലാഴ്ത്തുന്ന ഒരു

കാര്യമാണ്. കുടിക്കാൻ വെള്ളമില്ലെങ്കിലും ഒരു നദിയിലൊഴുക്കാൻ കഴിയുന്നത്ര ജലം കുപ്പികളിലാക്കി ഇന്ത്യയിലാകമാനമുള്ള കടകളിലെ അലമാരകളിൽ സ്റ്റോക്ക് ചെയ്യുകയാണ്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ആർ. രാജേഷ്</u>: വളരെ പ്രധാനപ്പെട്ട ഒരു ചുവടുവയ്പാണ് കേരളത്തിൽ നടക്കാൻ പോകുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രി അടുത്തിടെ വ്യാപാരികളുടെ ഒരു യോഗം വിളിക്കുകയുണ്ടായി. ഗവൺമെന്റ് മുന്നോട്ടുവച്ച ആശയത്തെ അംഗീകരിക്കാൻ വ്യാപാരികൾ തയ്യാറായിട്ടുണ്ട്. കോള കമ്പനികളാണ് വലിയനിലയിൽ ജലം ചൂഷണം ചെയ്ത് കുപ്പികളിലാക്കി കടകളിൽ വിറ്റഴിക്കാൻ തീരുമാനിക്കുന്നത്. അടുത്ത ദിവസം മുതൽ ജലം ചൂഷണം ചെയ്ത് കുപ്പികളിൽ കോളയാക്കി വരുന്ന ഉല്പന്നങ്ങൾ ഞങ്ങളുടെ സ്ഥാപനത്തിലൂടെ വിൽക്കുകയില്ലെന്ന് കേരളത്തിലെ വ്യാപാരികൾ തീരുമാനിക്കണം. വെള്ളം ഇങ്ങനെ കുപ്പിയിലാക്കി കൊണ്ടുനടക്കുന്ന ഒരു കാലത്തെക്കുറിച്ച് 50 വർഷങ്ങൾക്കുമുമ്പ് നമ്മുടെ പൂർവ്വികർ പറഞ്ഞാൽ അന്നത് അത്ഭുതമായിരുന്നു. ഇപ്പോഴത് സാർവ്വത്രികമായി മാറിയിരിക്കുന്നു. നമ്മൾ കുപ്പിയിലെ വെള്ളം ഉപയോഗിക്കുന്നവരായി മാറുകയാണ്. ഒരു മിനിട്ട് ശ്വസിക്കാൻവേണ്ടി ഇത്ര രൂപയുടെ ശുദ്ധവായു കുപ്പിയിലാക്കി നൽകുമെന്ന്

സോഷ്യൽ മീഡിയയിലൊക്കെ വരുന്നുണ്ട്. പല സ്ഥലത്തും വിപണിയിലിറങ്ങിയെന്നാണ് അറിയുന്നത്. എനിക്ക് അതിന്റെ വസ്തുത അറിയില്ല. കുപ്പിയിൽ ജലം കിട്ടുന്നതുപോലെ ശുദ്ധവായുവും കുപ്പിയിലാക്കി വിലകൊടുത്ത് വാങ്ങേണ്ട ഒരു കാലത്തേയ്ക്ക് നമ്മുടെ നാട് മാറുകയാണ്. ഇവിടെ ചോദിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. ഭൂമിക്കടിയിലുണ്ടാകുന്ന, നാം സംരക്ഷിക്കപ്പെടേണ്ട, നമുക്ക് ഉപയോഗിക്കേണ്ട ജലം വൻകിട കോർപ്പറേറ്റുകൾ അവരുടെ സാമ്പത്തിക താല്പര്യത്തിന്റെ ഭാഗമായി, സാമ്പത്തികമായ ശക്തിപ്പെടലിന്റെ ഭാഗമായി വല്ലാത്ത രീതിയിൽ ചൂഷണം നടത്തുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കേരളത്തിൽ ജലസ്രോതസ്സുകളാകെ മലിനീകരിക്കപ്പെട്ടിരിക്കുന്നുവെന്ന രൂപത്തിലുള്ള പഠന റിപ്പോർട്ട് ഇടക്കാലത്ത് വന്നിരുന്നു. പാലക്കാട് ജില്ലയിലെ ഓപ്പൺ കിണറുകളിലെ ജലം മനുഷ്യർക്ക് ഉപയോഗിക്കാൻ പാടില്ലാത്തതാണെന്ന രൂപത്തിലുള്ള റിപ്പോർട്ടുകൾ വ്യാപകമായി വന്ന ഒരു ഘട്ടമുണ്ടായിരുന്നു. സ്വാഭാവികമായും ആളുകൾ ഭീതിയിലായി. ആ റിപ്പോർട്ട് വന്നതിനുശേഷമാണ് ഏറ്റവും പ്രധാനപ്പെട്ട ജലചൂഷണ കമ്പനികളായ കൊക്കോകോളയും പെപ്സികോളയുമെല്ലാം അവിടെ

സ്ഥാപനങ്ങൾ ആരംഭിച്ചത്. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപരിതല ജലം മുഴുവൻ മലിനീകരിക്കപ്പെട്ടതാണെന്ന ഭീതിജനകമായ റിപ്പോർട്ടുകൾ പുറത്തുവിടുകയും അതിന്റെ തുടർച്ചയായി കുടിവെള്ള കമ്പനികൾ അവിടത്തെ ഭൂഗർഭ ജലം ഊറ്റിയെടുക്കാനുള്ള കമ്പനികൾ സ്ഥാപിക്കുകയും ചെയ്യുകയാണ്. ഇത് ഗൂഢാലോചനയുടെ ഭാഗമായി വരുന്നതാണ്. ജലം മലിനീകരിക്കപ്പെടുന്നുവെന്ന രൂപത്തിൽ നമ്മൾ വാദിച്ചുകൊണ്ടിരിക്കുമ്പോൾ ചൂഷണത്തിനുള്ള പുതിയ സാധ്യത അവർ തുറക്കുന്നു എന്നുള്ളതുകൂടി നമ്മുടെ ശ്രദ്ധയിൽ വരേണ്ടതല്ലേ? ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ</u>: കേരളത്തെ സംബന്ധിച്ചിടത്തോളം ജല ലഭ്യതക്കുറവെന്ന് പറയുന്നത് ഇപ്രാവശ്യം മാത്രമുള്ള ഒരു പ്രാദേശിക വിഷയമാണ്. ലഭ്യമായിട്ടുള്ള വെള്ളം ഉപയോഗിക്കാനുള്ള ശാസ്ത്രീയമാർഗ്ഗം സ്വീകരിക്കുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാന വിഷയം. ആയിരം സ്ക്വയർ ഫീറ്റുള്ള മിക്ക വീടുകളിലും പാരപ്പെറ്റിലാണ് വാട്ടർ ടാങ്കുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. മഴയുള്ള സമയത്ത് വീടുകളുടെ മുകളിലുള്ള ജലം വാട്ടർ ടാങ്കിലേയ്ക്കുവരാൻ ചെറിയ എന്തെങ്കിലുമൊരു സംവിധാനം ചെയ്താൽ ആ ജലം മുഴുവനും ടാങ്കിലേയ്ക്ക് വരും. രണ്ടുമൂന്ന് മാസക്കാലം ആ വീട്ടിലേയ്ക്ക് വേറെ

വെള്ളത്തിന്റെ ആവശ്യം വേണ്ടിവരില്ല. ഇതുമൂലം വൈദ്യുതി ലാഭിക്കാൻ കഴിയും, വെള്ളത്തിന്റെ ദൗർലഭ്യം മാറും എന്നിങ്ങനെയുള്ള നിരവധി നേട്ടങ്ങളുണ്ട്. ലഭിക്കുന്ന വെള്ളം ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കാത്തതാണ് ഒരു പ്രധാനപ്പെട്ട വിഷയം. റീചാർജിംഗുമായി ബന്ധപ്പെട്ടൊക്കെ ചെയ്യുന്ന നിരവധി കാര്യങ്ങളുണ്ട്. കേരളീയർ ഇതിനെയൊന്നും നല്ല രീതിയിൽ സമീപിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയമായി എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് ഏറ്റവുമധികം ജല മലിനീകരണത്തിന് കാരണക്കാർ അതാത് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ്. മലിനജലം ജലാശയങ്ങളിലേയ്ക്ക് തുറന്നുവിടുന്ന കാര്യത്തിൽ വ്യക്തമായ നടപടികളെടുക്കാൻ മുനിസിപ്പാലിറ്റികളോ കോർപ്പറേഷനുകളോ പഞ്ചായത്തുകളോ തയ്യാറാകുന്നില്ല. അത് പ്രാദേശിക കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കാനോ വോട്ടിനുവേണ്ടിയോ ആയിരിക്കും. ഇതാണ് കേരളത്തിലെ മിക്കവാറും പുഴകളും നദികളുമെല്ലാം മലിനമാകാനുള്ള പ്രധാന കാരണം. ഇപ്പോൾ രൂക്ഷമായ ശുദ്ധജല ക്ഷാമത്തെക്കുറിച്ച് പറയുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യവും ഇതുപോലെ രൂക്ഷമായ

ശുദ്ധജല ക്ഷാമമാണ് എല്ലാഭാഗത്തും ഉണ്ടായിട്ടുള്ളത്. ആ സമയത്തുള്ള ഒരു ഇടപെടൽ എന്നല്ലാതെ ദീർഘവീക്ഷണത്തോടുകൂടി മുന്നോട്ട് പോകുന്നില്ലെന്നുള്ളത് സത്യമാണ്. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഇത്തവണയും കോടാനുകോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം പോലെയുള്ള പ്രധാന നഗരങ്ങളിൽ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കടൽവെള്ളം ശുദ്ധീകരിച്ചെടുക്കുന്ന പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക മതിയാകും. വാട്ടർ അതോറിറ്റി മുഖേന കൊടുക്കുന്ന ജലത്തിന്റെ കരം/ഫീസ് ഉപയോഗിച്ച് ആ എക്സ്പെൻസ് വീട്ടാവുന്നതാണ്. പല വിദേശ രാജ്യങ്ങളും അത്തരം പദ്ധതികളെയാണ് ആശ്രയിക്കുന്നത്. എന്തുകൊണ്ട് അത്തരത്തിൽ ഒരാശയത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് അംഗങ്ങൾ ഇവിടെ പറഞ്ഞത്. വൻകിട കോർപ്പറേറ്റ് കമ്പനികൾ ജലം ചൂഷണം ചെയ്യുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ ജലം മലിനമാകുന്നില്ല എന്നത് തെറ്റായ കാര്യമാണ്. വ്യത്യസ്ത നിലകളിൽ ജലം മലിനമാകുന്നുണ്ട്.

അതുകൊണ്ടാണ് നാം ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് കുറയുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കടൽവെള്ളം ഉൾപ്പെടെയുള്ളവ ശുദ്ധീകരിച്ച് നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി നിർവ്വഹിക്കാൻ കഴിയുന്ന നിലയിലുള്ള സൗകര്യങ്ങൾ മറ്റ് പല രാജ്യങ്ങളിലുമുള്ളതായി നമുക്ക് കാണാൻ കഴിയും. അത്തരം കാര്യങ്ങളെക്കുറിച്ചുകൂടി ആലോചിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന സാഹചര്യത്തിലേയ്ക്ക് നമ്മുടെ നാട് മാറണം. വീടിനുമുകളിൽ, ടെറസ്സിലെ ജലം സംരക്ഷിക്കുക എന്നുള്ളത് പ്രധാനമാണ്. മഴ പെയ്യുമ്പോൾ വീട്ടുമുറ്റത്ത് വെള്ളം വീഴുന്നത് നമുക്ക് വലിയ അസ്വസ്ഥതയാണ്. വേനൽക്കാലമാകുമ്പോൾ വെള്ളമില്ലാത്ത സ്ഥിതി. ജലം സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റേയോ ഗവൺമെന്റിന്റേയോമാത്രം കടമയാണെന്ന നിലയിലേയ്ക്ക് മാറാൻ പാടില്ല. അങ്ങനെയൊരു പൊതുബോധം കേരളത്തിനകത്ത് വളർത്തിയെടുക്കണം. ഉപയോഗിക്കേണ്ട ജലം സംരക്ഷിക്കേണ്ടത് അവനവന്റെ കടമയാണെന്ന തിരിച്ചറിവാണ് ഓരോ പൗരനും പകർന്നുകൊടുക്കേണ്ടത്. കിണർ റീചാർജ് ചെയ്യുന്നതുംമറ്റുമായ വ്യത്യസ്ത മാർഗ്ഗങ്ങളുണ്ട്. എന്റെ മണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ ഈ വേനൽക്കാലത്ത് പതിനായിരം കിണറുകൾ റീചാർജ് ചെയ്യാനുള്ള ഒരു പദ്ധതി

നടപ്പിലാക്കി. അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി. കിണർ റീചാർജിംഗ് മാത്രം പോര, നമ്മുടെ വീട്ടുകളിൽ വീഴുന്ന ജലം സംരക്ഷിക്കാനാവശ്യമായ നടപടികൾകൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ എല്ലാവരുടേയും വീടിന്റെ മുറ്റത്ത് ടൈൽസിട്ട് മുറ്റത്തെ വെള്ളം ഓടയിലേയ്ക്കും ഓടയിൽനിന്ന് കനാലുകൾവഴി പുഴയിലേയ്ക്കും കടലിലേയ്ക്കും ഒഴുക്കിക്കളഞ്ഞാൽ നമുക്ക് സന്തോഷമാണ്. അപ്പോൾ വീട്ടുമുറ്റത്തോ റോഡിലോ ഒന്നും വെള്ളമില്ല. പക്ഷേ ഡിസംബർ മാസം കഴിയുമ്പോൾ വെള്ളത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലാണ്. ഒഴുകിപ്പോകുന്ന വെള്ളം തിരികെ ടാങ്കറുകളിലാക്കി തിരിച്ച് കൊണ്ടുകൊടുക്കേണ്ട ഉത്തരവാദിത്തം ഗവൺമെന്റുകൾക്കും പഞ്ചായത്തുകൾക്കുമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. പഴയകാലത്ത് ടൈൽസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ടൈൽസ് ഇടുമ്പോൾ ഇന്റർലോക്ക് ടൈലിന്റെ അടിയിൽ പ്ലാസ്റ്റിക്ക്കൂടി ഇടുകയാണ്. ഒരു വല്ലാത്ത സംസ്കാരം രൂപപ്പെട്ട് വരികയാണ്. ടൈലിനിടയിലൂടെ ഒരു പുല്ലുപോലും കിളിർത്ത് മുകളിലേയ്ക്ക് വരാതിരിക്കാൻ പ്ലാസ്റ്റിക് താഴെ വിരിച്ച് ടൈൽ ഇടുന്ന നിലയിലേയ്ക്ക് മാറിയിരിക്കുന്നു. മലയാളികൾക്കുണ്ടാകുന്ന സാംസ്കാരികമായ അധ:പതനത്തിന്റെ ഭാഗമാണിത്. ജലസംരക്ഷണം എന്റെ

കൂടി ഉത്തരവാദിത്തമാണെന്ന തിരിച്ചറിവില്ലായ്മയുടെ ഭാഗമായാണ് ഇത്തരം ഒരു ആപത്കരമായ സ്ഥിതിയിലേയ്ക്ക് നമ്മൾ മാറുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇവിടെ ശുദ്ധജലത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. അബ്ദുറഹിമാൻ പറഞ്ഞു. യഥാർത്ഥത്തിൽ, ഓപ്പൺ വെല്ലിലെ കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയ ഉണ്ടെന്നുള്ള കണ്ടെത്തലുകളാണ് ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്നത്. അത് വലിയ രീതിയിൽ ഞെട്ടലുണ്ടാക്കുന്നവയാണ്. കഴിഞ്ഞ ദിവസം കണ്ണൂരിൽ ഒരു മണ്ഡലത്തിൽ ഒരു പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുകയാണ്. അവിടത്തെ ഓപ്പൺ വെല്ലിലെ വെള്ളം ഒരു നിശ്ചിത ദൂരത്തിനകത്ത് എടുത്ത് പരിശോധിച്ചപ്പോൾ അതിനകത്തെല്ലാം കോളിഫോം ബാക്ടീരിയ ആണെന്നാണ് കണ്ടെത്തിയത്. നഗരത്തിലേയ്ക്ക് പോകുമ്പോൾ കോളിഫോം ബാക്ടീരിയ വരികയാണ്. ഇത്തരമൊരു വിഷയം ഗൗരവമായി കാണേണ്ടതുണ്ട്. അത് നമ്മൾ ഉയർത്തേണ്ട വിഷയമാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട രാജേഷ് ബില്ല് അവതരിപ്പിച്ചപ്പോൾ

സൂചിപ്പിച്ച ഒരു കാര്യം, നമ്മുടെ മുറ്റങ്ങളെല്ലാം ഇന്റർലോക്ക് ചെയ്യുകയാണ്. ഇന്റർലോക്ക് ചെയ്യുന്നതിന്റെ ഭാഗമായി വെള്ളം ഒഴുകിപ്പോകുന്നത് ഓടയിലേയ്ക്കും മറ്റുമാണ്. വീടുകൾക്ക് അനുമതി കൊടുക്കുന്നത് ലോക്കൽ അഡ്മിനിസ്ട്രേഷനാണ്. നമ്മൾ മഴവെള്ളം ശേഖരിക്കാൻ ജലസംഭരണികൾ നിർമ്മിക്കാൻ ആവശ്യപ്പെടുന്നു. അതുപോലെതന്നെ ആളുകൾക്ക് നടന്നുപോകാൻ കഴിയുന്ന നിലയിൽ സിമന്റ് ഇടാം. പക്ഷെ, വലിയ മുറ്റം തന്നെ ഇന്റർലോക്ക് ചെയ്യുമ്പോൾ വെള്ളം ഒഴുകിപ്പോകുകയാണ്. എൽ.എസ്.ജി.ഡി. കൂടി ഇടപെടുന്ന രീതി ഉണ്ടായിക്കഴിഞ്ഞാൽ, ഇത്തരം പ്രവർത്തനങ്ങൾക്ക് വീടിന് നമ്പരിട്ടുതരില്ല എന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ ചിന്തിച്ചുകഴിഞ്ഞാൽ നമുക്ക് കുറെ വെള്ളം ശേഖരിക്കാൻ സാധിക്കും. അത് ബഹുമാനപ്പെട്ട മെമ്പർ ഗൗരവമായി കാണണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ചൂണ്ടിക്കാണിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പുകൂടി ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശം കൊടുക്കേണ്ടതാണ്. ചില ആളുകൾ വീടിന്റെ മുറ്റത്ത്

മാത്രമല്ല, അവരുടെ വസ്തു മുഴുവൻ ടൈൽ ഇട്ട് പുറത്തേക്ക് വെള്ളം ഒഴുകുന്ന സ്ഥിതിയാണ്. അക്കാര്യത്തിൽ ആവശ്യമായ നിയമനിർമ്മാണം നമ്മുടെ സ്റ്റേറ്റിനകത്തുണ്ടാകേണ്ടതാണ്. ജലം മലിനമായി മാറുന്നത് വ്യത്യസ്തമായ കാരണങ്ങളിലൂടെയാണ്. ഒന്ന്, മാലിന്യം നിക്ഷേപിക്കുന്നതിന്റെ ഭാഗമായി ജലം മലിനമായി മാറും. മറ്റൊന്ന്, ജലത്തിലേയ്ക്ക് സ്വാഭാവികമായി മാലിന്യം കടന്നുവരുന്നതിന്റെ ഭാഗമായി ജലം മലിനമായി മാറും. മണ്ണൊലിപ്പുണ്ടാകുമ്പോൾ ജലം മലിനമാകുന്നതിന്റെ പ്രധാനപ്പെട്ട കാരണം മണ്ണ് ഒഴുകി ശുദ്ധജലത്തിലേക്ക് വന്നാൽ... ഇപ്പോൾ ജലം ഒരു സ്ഥലത്ത് സ്റ്റേബിളായി നിൽക്കുകയാണ്. അവിടെ നിൽക്കുമ്പോൾ ആരെങ്കിലും കൊണ്ടുപോയി നിക്ഷേപിക്കണമെന്നില്ല. മണ്ണൊലിപ്പുണ്ടാകുന്നതിന്റെ ഭാഗമായി എവിടെയെങ്കിലുമുണ്ടാകുന്ന മാലിന്യം ഒഴുകി ഒരു ശുദ്ധജല തടാകത്തിലേക്ക് വന്നാൽ ആ ശുദ്ധജലം മലിനമാകുന്ന സ്ഥിതി ഉണ്ടാകും. ഇപ്പോൾ ശാസ്താംകോട്ട ശുദ്ധജലതടാകം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അതാണ്. അവിടെ മണ്ണൊലിപ്പിന്റെ ഭാഗമായി ചരിവായ ഭൂമിയിൽ നിന്ന് ഒലിച്ചിറങ്ങുന്ന രാസവസ്തുക്കൾ, കീടനാശിനികൾ അവയെല്ലാം

കലർന്നാണ് ശാസ്താംകോട്ട തടാകം പോലുള്ള കേരളത്തിലെ പ്രധാനപ്പെട്ട ശുദ്ധജലതടാകംകൂടി മലിനമാകുന്ന അവസ്ഥയിലേക്ക് മാറുന്നത്.

താപനിലയിലുണ്ടാകുന്ന വ്യത്യാസത്തിന്റെ ഭാഗമായി ജലം മലിനമായി മാറും. ചൂട് കൂടുന്നതിന്റെ ഭാഗമായി ആ ചൂടുള്ള വെള്ളം പുഴയിലേക്കും ജലാശയത്തിലേക്കും ചെന്ന് പതിച്ചാൽ തെർമൽ പൊല്യൂഷൻ അല്ലെങ്കിൽ ഉഷ്ണ മലിനീകരണമുണ്ടാകുന്നു. ആ തെർമൽ പൊല്യൂഷന്റെ ഭാഗമായി ജലത്തിന്റെ സ്വാഭാവികമായ സ്ഥിതിയിൽ മാറ്റമുണ്ടാകുകയാണ്. ചൂടുള്ള വെള്ളം അവിടേക്കു വരുമ്പോൾ ആ ജലത്തിന് അടിസ്ഥാനപരമായ മാറ്റമുണ്ടാകുമ്പോൾ ആ മാറ്റത്തിനനുസരിച്ച് ജലത്തിലുള്ള സൂക്ഷ്മജീവികൾ ചത്തൊടുങ്ങുന്നതോടുകൂടി ആരും മാലിന്യം നിക്ഷേപിച്ചില്ലെങ്കിൽ കൂടിയും സ്വാഭാവികമായ ഈ പ്രക്രിയയുടെ ഫലമായി തെർമൽ പൊല്യൂഷന്റെ ഭാഗമായി ശുദ്ധജലം മലിനീകരിക്കപ്പെടുകയാണ്.

കടൽ മലിനീകരിക്കപ്പെടുന്ന പുതിയ വാർത്തകളാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. അടുത്തകാലത്ത് പത്രമാധ്യമങ്ങളിൽ

കടലിൽ ഒരു പ്ലാസ്റ്റിക് മല രൂപപ്പെടുകയാണെന്നുള്ള വാർത്ത വന്നു. പുഴയിലൂടെയും കനാലിലൂടെയുമൊക്ക ഒഴുകിയെത്തി കടലിലേക്ക് ചെല്ലുന്ന പ്ലാസ്റ്റിക് കടലിലും ചേരാതെ ഒരു പ്ലാസ്റ്റിക് മലയായി രൂപാന്തരപ്പെട്ടുവരികയാണ്. നാം സ്വീകരിക്കുന്ന തെറ്റായ പ്രവണതകളുടെ ഭാഗമായി കടൽ വരെ മലിനമാകുന്ന രീതിയിലേയ്ക്ക് മാറുകയാണ്.

ഇൻഡ്യയിൽ ഡി.ഡി.റ്റി. പോലുള്ള കീടനാശിനികൾ നിരോധിക്കപ്പെട്ടതാണ്. അത്തരം കീടനാശിനികളുടെ ഉപയോഗം മൂലം, ഡൽഹി പോലുള്ള മെട്രോ സിറ്റികളിൽ നടത്തിയ പഠനത്തിൽ അവിടത്തെ അമ്മമാരുടെ മുലപ്പാലിൽപ്പോലും ഡി.ഡി.റ്റി.യുടെ അംശമുണ്ടായിരുന്നുവെന്നാണ് തെളിയിച്ചത്. ഏറ്റവും പരിശുദ്ധമെന്ന് കരുതുന്ന ഒന്നാണ് മുലപ്പാൽ; അതിൽപ്പോലും ഇത്തരം കീടനാശിനികളുടെ ചെറിയ രീതിയിലുള്ള അളവുണ്ടായിരുന്നുവെന്നാണ്. അപ്പോൾ എത്രമാത്രം ഭീകരമായിട്ടാണ് ജലമലിനീകരണവും ജലമലിനീകരണത്തിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങളും മനുഷ്യജീവിതത്തെ ബാധിക്കുന്നതെന്ന് ഗൗരവത്തോടുകൂടി കാണേണ്ടതാണ്.

വ്യാവസായിക മലിനീകരണങ്ങൾ, ഞാൻ അതിന്റെയെല്ലാം വിശദാംശങ്ങളിലേക്ക് ഈ ഘട്ടത്തിൽ പോകാൻ ആഗ്രഹിക്കുന്നില്ല. അത്തരം മലിനീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി കാര്യങ്ങൾ പറയാനുണ്ട്; അതെല്ലാം ഇന്ന് ചൂണ്ടിക്കാണിക്കുന്നില്ല. അത്തരം മലിനീകരണം ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. ആ മലിനീകരണം തടയാൻ നമുക്ക് എന്താണ് ചെയ്യാനാവുക? ആ മലിനീകരണം തടയാനാവശ്യമായ നടപടികൾ നമുക്ക് കൂട്ടായി സ്വീകരിക്കേണ്ടിയിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റിന്റെ വ്യത്യസ്തമായ മേഖലകൾ, ഇറിഗേഷൻ വകുപ്പ് തുടങ്ങി ഗവൺമെന്റിന്റെ മാത്രം ഉത്തരവാദിത്തമല്ല ഇത്. ഈ രാജ്യത്ത് ജീവിക്കുന്ന ഓരോ പൗരന്റെയും ഉത്തരവാദിത്തമാണ്; നമ്മുടെ ജലം ശോഷണം സംഭവിക്കാതെ കാത്തുസൂക്ഷിക്കുകയെന്നത്. ഉള്ള ജലത്തെ ശുദ്ധീകരിച്ച് നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, ശുദ്ധജലത്തിന്റെ പ്രധാനപ്പെട്ട സ്രോതസ്സ് കിണറുകളാണെന്ന കാര്യം നമുക്കറിയാം. ദ്രുതഗതിയിൽ

നടക്കുന്ന നഗരവൽക്കരണം, അത് ഉണ്ടാക്കുന്ന പ്രദേശത്തെ കിണറുകളെല്ലാം കുഴിച്ചുമൂടിക്കൊണ്ടാണ് ഇത് നടത്തുന്നത്. അതുകൊണ്ട് ആ കിണറുകളെ സംരക്ഷിക്കാനാവശ്യമായ വിധത്തിലുള്ള ഒരു നടപടി ഇതിന്റെ ഭാഗമായിട്ട് ഉൾപ്പെടുത്താനുള്ള ശ്രമമുണ്ടാകുമോ?

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, മലിനീകരണം ഇന്ന് വലിയ പ്രശ്നമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നാട്ടിൻപുറങ്ങളിലുണ്ടാകുന്ന കക്കൂസുകൾ, വളരെ അശാസ്ത്രീയമായി ഉണ്ടാക്കുന്ന കക്കൂസുകളാണ്. ഇത് നിറയുമ്പോൾ എടുത്തുകൊണ്ടുപോയി ഒഴിവാക്കാനായി സ്വകാര്യ വ്യക്തികളുണ്ട്. അവർ രാത്രികാലങ്ങളിൽ ഇത് എടുത്തുകൊണ്ടുപോയി റോഡിന്റെ സൈഡിലോ ആറിലോ എവിടെയെങ്കിലും കൊണ്ടുപോയി തള്ളുന്ന ഒരു സംവിധാനം ഇപ്പോഴുണ്ട്. യഥാർത്ഥത്തിൽ, ഇത് നിറഞ്ഞാൽ നേരാംവണ്ണം ഒഴിവാക്കുന്നതിന് യാതൊരു സംവിധാനവും പല പ്രദേശങ്ങളിലുമില്ല. മറ്റുമാർഗ്ഗമൊന്നും ഇല്ലാത്തതുകൊണ്ട് ഇവർ ഇങ്ങനെ ചെയ്തു കൊണ്ടിരിക്കുകയാണ്. രാത്രികാലങ്ങളിൽ ഇതെടുത്തുകൊണ്ടുപോയി ആരുമില്ലാത്ത സ്ഥലത്തും പുഴയിലും വഴിയിലും

റോഡിന്റെ സൈഡിലും ഒഴുക്കുന്നുണ്ട്. ഇതിന് സ്ഥായിയായ എന്തെങ്കിലും പരിഹാരം താങ്കൾക്ക് നിർദ്ദേശിക്കാനുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, നഗരവൽക്കരണത്തിന്റെ ഭാഗമായി ജലം വലിയതോതിൽ മലിനീകരിക്കപ്പെടുന്നുണ്ട്. നമ്മുടെ രാജ്യത്ത് ഏതാണ്ട് 1,35,000-ത്തോളം വരുന്ന മാലിന്യം പുറന്തള്ളുന്ന വ്യവസായശാലകൾ പ്രവർത്തിക്കുന്നതായിട്ടാണ് കാണുന്നത്. 70 ശതമാനം ജലാശയങ്ങളും വ്യാവസായവൽക്കരണത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഭാഗമായി മലിനമാകുന്ന ഒരു പ്രക്രിയ നമ്മൾ അറിയാതെതന്നെ സംഭവിക്കുന്നുണ്ട്. നഗരവൽക്കരണം നമ്മുടെ ജീവിതനിലവാരത്തിനു സംഭവിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്; അത് നമുക്ക് ഒഴിവാക്കാനാകില്ല. എന്നാൽ നഗരവൽക്കരണം വർദ്ധിക്കുമ്പോൾ ഇത്തരം പ്രകൃതിവിഭവങ്ങളെ നന്നായി ഉപയോഗിക്കാനാവശ്യമായ സാങ്കേതികവിദ്യകൾ എങ്ങനെയാണ് രൂപപ്പെടുത്തി എടുക്കാനാവുക എന്നത് നാം ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. അതാണ് ഇവിടെ ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം.

ഞാൻ പറഞ്ഞവസാനിപ്പിക്കുന്നതിനു മുൻപ് ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് തുടരുകയാണ്. അതാണ് കേരളത്തിന്റെ ധനകാര്യമന്ത്രി ഈ ബഡ്ജറ്റിന്റെ ആദ്യഭാഗത്ത് ചൂണ്ടിക്കാണിച്ച ഏറ്റവും പ്രധാനപ്പെട്ട പോയിന്റ്, വലിച്ചെറിയാത്ത തെരുവുകൾ, മാലിന്യം അകന്ന മനസ്സുകൾ. നമ്മുടെ കൈയ്യിലുള്ള എല്ലാ അവശിഷ്ടങ്ങളും വലിച്ചെറിയേണ്ടതാണ് കേരളത്തിന്റെ തെരുവുകൾ, നമ്മുടെ കൈയ്യിലുള്ള എല്ലാ മാലിന്യങ്ങളും വലിച്ചെറിയേണ്ടതാണ് കേരളത്തിലെ ജലാശയങ്ങൾ, ജലസ്രോതസ്സുകൾ എന്ന ചിന്ത മാറ്റിയെടുക്കുക. നമുക്ക് അതൊരു പ്രധാനപ്പെട്ട ക്യാമ്പയിനായി ഏറ്റെടുക്കാനാവണം. ഈ ബഡ്ജറ്റിൽ ആദ്യം ചൂണ്ടിക്കാണിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണിത്. നമുക്ക് ആയിരം കുടിവെള്ള പദ്ധതികളല്ല വേണ്ടത്. ഇപ്പോൾ എന്റെ മണ്ഡലത്തിലെ 36 ചെറുകിട കുടിവെള്ള പദ്ധതികൾ നിലച്ചിരിക്കുന്നു. എന്താണ് കാരണമെന്ന് ചോദിച്ചാൽ അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രശ്നമല്ല. അവർ ഒരു പഠനം നടത്തിയാണ് ബോർവെൽ താഴേക്കിട്ട് ഭൂമിക്കടിയിലുള്ള വെള്ളമെടുക്കാനുള്ള സംവിധാനമുണ്ടാക്കുക. അതൊരു

പഠനത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ എഞ്ചിനീയർമാർ നടത്തിയ പഠനങ്ങൾ മറികടന്നുകൊണ്ട് ഭൂമിയിലെ ജലം താഴേക്ക് പോകുമ്പോൾ നമുക്ക് നിർവ്വികാരമായി നിസ്സഹായമായി നോക്കിനിൽക്കാനേ ആകൂ. നമ്മുടെ സമൂഹത്തിൽ പിരമിഡുകൾ പോലെ ഭൗതികമായ അവശിഷ്ടങ്ങളായി കുടിവെള്ള പദ്ധതികൾ മാറുകയാണ്. ഇത്തരം ചെറുകിട കുടിവെള്ള പദ്ധതികളൊക്കെ യാന്ത്രികമായ അവശിഷ്ടങ്ങളായി മാറുമ്പോൾ കുടിവെള്ള പദ്ധതികൾ എന്ന കൺസെപ്റ്റിന് അപ്പുറം ഞാൻ മുൻപ് ചൂണ്ടിക്കാണിച്ചതുപോലെ ജലം മലിനമാക്കാതിരിക്കാൻ ആവശ്യമായ ഉത്തരവാദിത്വം ഓരോ മനുഷ്യനെക്കൊണ്ടും ഏറ്റെടുപ്പിക്കുക. ജലസംരക്ഷണം എന്നത് ഓരോ മനുഷ്യന്റെയും ഉത്തരവാദിത്വമാണ്. അതാണ് ഗവൺമെന്റ് കാണിച്ച വലിച്ചെറിയാത്ത തെരുവുകൾ, മാലിന്യം അകന്ന മനസ്സുകൾ എന്ന പ്രധാനപ്പെട്ട ക്യാമ്പയിൻ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, അതിനോടൊപ്പം തന്നെ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം സംബന്ധിച്ച് ചർച്ച ചെയ്യപ്പേടേണ്ടതാണ്.

വാട്ടർ അതോറിറ്റി വെള്ളം വിതരണം ചെയ്യുന്നതുകൊണ്ട് രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്ന് നമ്മുടെ വീട്ടിലേയ്ക്ക് എത്തുന്ന വെള്ളം ദുരുപയോഗം ചെയ്യപ്പെടുകയാണ്. കുടിവെള്ളത്തിനുപകരമായി മറ്റുള്ള മുഴുവൻ ആവശ്യങ്ങൾക്കും ഈ വെള്ളം ഉപയോഗിക്കുന്ന സ്ഥിതിയുണ്ട്. മാത്രമല്ല ആ വീട്ടിലുള്ള കിണറോ കുളമോ ഒട്ടും സംരക്ഷിക്കാത്ത സ്ഥിതിയിലേയ്ക്കും മാറുകയാണ്. ഉള്ളത് ഉപയോഗിക്കപ്പെടാതെ വരികയും ലഭിച്ചത് ദുരുപയോഗം ചെയ്യുകയും ചെയ്യുന്ന രണ്ട് എഫക്ടാണ് അതിൽനിന്നും ഉണ്ടാകുന്നത്. നാളെ വാട്ടർ അതോറിറ്റിക്ക് വെള്ളം സപ്ലൈ ചെയ്യാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ ഉണ്ടാകാവുന്ന വളരെ ഭയാനകമായ ഭവിഷ്യത്ത് മെമ്പറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u>: എന്റെ നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുമ്പോൾ അവിടത്തെ എഞ്ചിനീയേഴ്സ് പറയുന്നൊരു പ്രശ്നമുണ്ട്. എന്റെ നാട്ടിൽ, പുറത്തെ ടാപ്പിൽ നിന്ന് ഹോസ് പൈപ്പ് ഇട്ട് വീടുകളിലെ കിണറുകളിലേയ്ക്ക് പൈപ്പ് ഇടുകയാണ്. രാത്രി പൈപ്പിൽ നിന്നും വെള്ളം കിണറ്റിലേക്ക് ഒഴുക്കി വിടുകയാണ്. അത്ഭുതപ്പെടുത്തുന്ന ചില കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. അവർക്കെതിരെ കർശനമായ നടപടിയും വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. ജലം ഇല്ലാതിരുന്ന കാലത്ത് മുകളിൽ തണുപ്പ് കിട്ടുന്നതിനുവേണ്ടി

പൈപ്പിൽനിന്നും ഹോസ് ഇട്ട് വെള്ളം ടെറസിന്റെ മുകളിലേയ്ക്ക് നിറയ്ക്കുകയാണ്. അവരുടെ കണക്ഷൻ കട്ട് ചെയ്യുകയും കർശനമായ നടപടി സ്വീകരിക്കുകയും ചെയ്തു. ജലം എനിക്ക് മാത്രം അവകാശപ്പെട്ടതാണെന്ന ചിന്തയിലേയ്ക്ക് ഓരോ മനുഷ്യരും മാറുകയാണ്. എനിക്ക് മാത്രം അവകാശപ്പെട്ടതല്ല ജലം എന്ന തിരിച്ചറിവാണ് കൊടുക്കേണ്ടത്. ജലത്തെ സംരക്ഷിക്കാൻ എനിക്ക് ഉത്തരവാദിത്തമുണ്ട്. മറ്റാർക്കും ഇല്ലെങ്കിലും പ്രശ്നമില്ല, എനിക്ക് എന്റെ ആവശ്യത്തിന് മാത്രമുണ്ടായാൽ മതിയെന്ന മലയാളിയുടെ പൊതുബോധം അവനിലേയ്ക്ക് മാത്രം ചുരുങ്ങുന്നൊരു സാംസ്കാരിക അധ:പതനം നമ്മുടെ ജലദൗർലഭ്യത്തിന്റെ കാര്യത്തിൽ ഏറ്റവും പ്രധാനമായി വന്നിട്ടുണ്ട്. സങ്കുചിതമായൊരു ബോധം, ഒരു മനസ്സ് മലയാളിക്ക് രൂപപ്പെട്ടുവരുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ് അത്. ഞാൻ തുടരുകയാണ്. ഈ ബിൽ തുടരണമെന്ന മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ഇപ്പോൾ അവസാനിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ബിൽ അവതരിപ്പിക്കാനുള്ള അനുമതി തേടിക്കൊണ്ട് സഭയിൽ ഏതാനും മാസം മുൻപ് സംസാരിക്കുമ്പോൾ ഉണ്ടായിരുന്ന ചിത്രത്തിൽനിന്നും ഏറെ മാറിയിട്ടുണ്ട്. പണ്ട് നമ്മൾ ഉപയോഗിച്ചിരുന്നത് നദിയിലൂടെ ഒരുപാട് ജലം ഒഴുകി

പോയിയെന്നാണ്. ഇപ്പോൾ അത് പറയാൻ കഴിയുകയില്ല. കാരണം നദികളിൽ വെള്ളം ഇല്ല. പക്ഷെ അതിനുശേഷം പല കാര്യങ്ങളും സംഭവിച്ചുവെന്നതുകൊണ്ട് സാധാരണ പറയാറുള്ള ആ പഴയ ചൊല്ല് മാറ്റി വയ്ക്കേണ്ടി വന്നിരിക്കുകയാണ്. ഇപ്പോൾ ശുദ്ധജലാവകാശം അവകാശമായി പ്രഖ്യാപിച്ചുകിട്ടാനടക്കമുള്ള കാര്യങ്ങളിലേയക്കാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുന്നത്. നമുക്ക് കഴിഞ്ഞ വർഷത്തെ വടക്കു-കിഴക്കൻ, തെക്ക്- പടിഞ്ഞാറൻ കാലവർഷത്തിൽ വളരെയധികം കുറവുവന്നിട്ടുണ്ട്. ഒന്നുരണ്ടു ദിവസം വേനൽ മഴ പെയ്തു വെന്ന് പറഞ്ഞാൽ അതുകൊണ്ട് കാലവർഷത്തിൽ വന്ന കുറവോ അല്ലെങ്കിൽ തുലാവർഷത്തിൽ വന്ന കുറവേ പരിഹരിക്കാനായിട്ടില്ല. ഇന്ന് ശുദ്ധജല രംഗത്ത് നാം പ്രതിസന്ധി അഭിമുഖീകരിച്ചുക്കൊണ്ടിരിക്കുകയാണ്. നയപ്രഖ്യാപന പ്രസംഗവും ബഡ്ജറ്റ് പ്രസംഗവും കഴിഞ്ഞു. ബഹുമാന്യനായ ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ പ്രശ്നം അഡ്രസ് ചെയ്തിട്ടുണ്ട്. ബഡ്ജറ്റിൽ വളരെ ഗൗരവമായി ഈ കാലഘട്ടത്തിൽ സ്വീകരിക്കേണ്ട കാര്യങ്ങൾ ദീർഘവീക്ഷണത്തോടുകൂടിയും കാഴ്ചപ്പാടോടുകൂടിയും അവതരിപ്പിച്ചിട്ടുമുണ്ട്. ദൗർഭാഗ്യവശാൽ ബഡ്ജറ്റിലൂടെ അവതരിപ്പിക്കപ്പെട്ട ഗൗരവമായ സമൂഹവും നാട്ടും നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെ എങ്ങനെ ബഡ്ജറ്റിൽ കൈകാര്യം

ചെയ്യുന്നുവെന്നത് സംബന്ധിച്ച് വേണ്ടത്ര ചർച്ച ഈ സഭയിൽ ഉണ്ടായോ മറ്റു കാര്യങ്ങളിലേയ്ക്ക് പോയോയെന്ന സംശയമുണ്ട്. ഇപ്പോൾ നമ്മുടെ സ്വപ്നത്തിൽ ഉണ്ടാകേണ്ടത് പഴയ കേരളമല്ല. 44 നദികളാൽ സമ്പന്നമായി ജലം അധികമുണ്ടായിരുന്ന ഒരു കേരളമെന്ന ആശയത്തിൽ നിന്നും പുറകോട്ട് പോയിരിക്കുകയാണ്, 44 നദികളുണ്ട്. നദികളുടെ അവസ്ഥയാണ് ഞാൻ മുൻപ് ചൂണ്ടിക്കാണിച്ചത്. നദികളിൽ ജലം ഉറപ്പാക്കി നിർത്തണം, ജലത്തിന്റെ സാന്നിദ്ധ്യം ഉണ്ടാകണം. പല കാരണങ്ങളാണ് ജലം ഇല്ലാതായത്. അതിൽ വനനശീകരണം, കുന്നുകൾ ഇല്ലാതായത്, നെൽവയലുകൾ, കുളങ്ങൾ എന്നിവ നികത്തിയെടുത്തത്, തണ്ണീർത്തടങ്ങൾ ഇല്ലാതാക്കിയത്, പാറമടകൾ നശിപ്പിച്ചതടക്കമുള്ള പ്രശ്നങ്ങളിലൂടെ, അതിന്റെ ബാക്കിപത്രമായി നാം എത്തി നിൽക്കുന്നതാണ് ഈ വരൾച്ച. മനുഷ്യനിർമ്മിതമാണ് ഈ വരൾച്ച. എല്ലാ നദികളിലും ജലത്തിന്റെ സാന്നിദ്ധ്യം ഉണ്ടാകണമെന്ന സ്വപ്നമാണ് നമ്മുടെ മുൻപിലുണ്ടാകേണ്ടത്. എല്ലാ ജലാശയങ്ങളും സമ്പുഷ്ടമായിരിക്കണം. ഈ വലിയ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഹരിത കേരളം എന്നൊരു മിഷൻ, കേവലമായൊരു സർക്കാർ പദ്ധതിയല്ലത്. മിഷൻ എന്ന വാക്കിന്റെ അർത്ഥം തന്നെ ദൗത്യമാണ്. പൊതുസമൂഹം ഏറ്റെടുക്കേണ്ട ഒരു മഹാദൗത്യം ഗവൺമെന്റ്

ജനങ്ങളുടെ മുൻപിൽ അവതരിപ്പിച്ചിരിക്കുകയാണ്. എല്ലാ രൂപത്തിലുമുള്ള ജവസ്രോതസുകൾ സംരക്ഷിക്കപ്പെടണം. ഇന്നത്തെ ലഭ്യമായ അറിവ് വച്ച് ജീവൻ നിലനിൽക്കുന്ന ഒരേയൊരിടം ഭൂമിയാണ്. ആ ജീവന്റെ അടിസ്ഥാനമെന്നുപറയുന്നത് ജലത്തിന്റെ സാന്നിദ്ധ്യമാണ്. ജലമില്ലെങ്കിൽ ജീവനില്ല, നമ്മളാരുമില്ല. പക്ഷിമൃഗാദികളുടെയും സസ്യലതാദികളുടെയുമൊക്കെ നിലനിൽപ്പിന്റെയും വളർച്ചയുടെയും അടിസ്ഥാനം ജലമാണ്. ആ ജലം സംരക്ഷിച്ചുനിർത്തുകയെന്ന വലിയ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടാണ് ഗവർണറുടെ നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും ചില കാര്യങ്ങൾ പ്രഖ്യാപിച്ചത്. കൃത്രിമ മാർഗ്ഗത്തിലൂടെ നദികളിൽ ജലത്തിന്റെ സാന്നിദ്ധ്യം ഇപ്പോഴും ഉറപ്പാക്കാനാണ് റെഗുലേറ്ററുകളുടെയും ചെക്ക് ഡാമുകളുടെയും ഒരു ശൃംഖല പണിയാൻ തീരുമാനിച്ചത്. റെഗുലേറ്ററുകൾക്ക് മാത്രം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ 600 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. റെഗുലേറ്ററുകൾ പണിതുകൊണ്ട് നദികളിൽ ജലത്തിന്റെ സാന്നിദ്ധ്യം ഉണ്ടാകണം. ഇന്ന് കേരളത്തിൽ വാട്ടർ അതോറിറ്റി മുപ്പത് ശതമാനം ആളുകൾക്കുമാത്രമാണ് ജലം വിതരണം ചെയ്യുന്നതെന്നത് പ്രധാനപ്പെട്ടൊരു വിഷയമാണ്. പണ്ട് അത് മതിയായിരുന്നിരിക്കാം. 85 ലക്ഷം കിണറുകൾ നമ്മുടെ കേരളത്തിലുണ്ട്. പഴയ കാലത്തെ ജലഉപഭോഗത്തിൽ നിന്നും ഇന്നത്തെ രീതി

മാറിയിരിക്കുന്നു. ജല സമൃദ്ധിയുടെ നാട്ടിൽ അല്ലെങ്കിൽ കിണറിൽ നിന്നും വെള്ളം കോരി ഉപയോഗിക്കുമ്പോൾ നാം അന്ന് പാലിച്ചിരുന്ന ചില ശീലങ്ങൾ ഇന്ന് മാറിയിരിക്കുകയാണ്. നമുക്കിന്ന് ജലം നമ്മുടെ കൈകളിൽ തന്നെ എത്തണം. അടുക്കളയിൽ പാചകത്തിനുള്ള വെള്ളം അടുക്കളയിൽതന്നെ എത്തണം. പാത്രം കഴുകുന്നിടത്ത് പൈപ്പ് ഉണ്ടാകണം. ഊണ് മേശയുടെ അടുത്ത് കൈ കഴുകുന്നതിനുള്ള സംവിധാനം വേണം. പഴയ കിണ്ടിയും മൊന്തയുമൊക്കെ പോയില്ലേ. കുളി മുറിയിൽ തലയ്ക്ക് മുകളിൽ തന്നെ വെള്ളം കിട്ടണം. ഒരു ബക്കറ്റിൽനിന്നും വെള്ളം കോരി ഉപയോഗിക്കുന്നില്ല. ഈ ശീലങ്ങളിലൂടെ വളരെയധികം ശുദ്ധജലം നമ്മൾ പാഴാക്കികളയുന്നുണ്ട്.

<u>മി. ചെയർമാൻ</u>: ഈ ശീലങ്ങളിൽ നിന്നൊക്കെ നമുക്ക് പെട്ടെന്ന് മാറാനാകുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: ഈ ശീലങ്ങളിൽ നിന്നും പെട്ടെന്ന് മാറാനാകില്ല. ഇന്നത്തെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ചില നിർബന്ധമായ മാറ്റങ്ങൾക്ക് നമ്മൾ പ്രേരിപ്പിക്കപ്പെടണം. കാരണം ഹോസ് ഉപയോഗിച്ച് വണ്ടികഴുകയും തൊട്ടിക്കകത്ത് നിന്ന് വെള്ളം ഉപയോഗിച്ച് വണ്ടി കഴുകുകയും ചെയ്യുമ്പോൾ വെള്ളത്തിന്റെ ഉപഭോഗത്തിൽ ഏതാണ്ട് 10 ശതമാനം മാത്രമേ ആവശ്യമായി

വരുന്നുള്ളൂ. 90 ശതമാനം താഴെ വരികയാണ്. ചിലപ്പോൾ പല്ല് തേയ്ക്കാൻ ടാപ്പ് തുറന്നുവച്ച് ടൂത്ത് ബ്രഷിലേയ്ക്ക് പേസ്റ്റ് തേയ്ച്ചതിനുശേഷം അത് നനച്ച് തേച്ച് കഴിഞ്ഞ് വായ് കഴുകുന്നതുവരെ ടാപ്പ് തുറന്നിരിക്കും. 50-60 ലിറ്റർ വെള്ളം അവിടെ പാഴാക്കി കളയുകയാണ്. വെറുതെ അര ലിറ്റർ വെള്ളത്തിൽ നടത്താവുന്ന കാര്യത്തിനാണ് നമ്മൾ ഇപ്പോൾ ഇത്രയും വെള്ളം ചെലവാക്കി കളയുന്നത്.

മി. ചെയർമാൻ: ഇതുമായി ബന്ധപ്പെട്ട് ഒരു ക്യാമ്പയിൻ ഡിപ്പാർട്ടുമെന്റ് നടത്തുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: ഹരിത കേരളം അടക്കം ഈ വരൾച്ചാ കാലത്തെ പ്രവർത്തനങ്ങളും ആ ക്യാമ്പയിൻ ഏറ്റെടുത്തിരിക്കുകയാണ്. മാർച്ച് മാസം 22-ാം തീയതി അഖില ലോക ജല ദിനമാണ്. വ്യത്യസ്ത പരിപാടികൾ ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കുകയാണ്. ജല ഉപഭോഗത്തിൽ വേണ്ട നിയന്ത്രണം ഉണ്ടാകണം. ഞാൻ പറഞ്ഞുവരുന്നത്, ജലത്തിന്റെ സാന്നിദ്ധ്യം ഉണ്ടാകണം . അതിനാണ് റെഗുലേറ്ററിൽ ലക്ഷ്യം വച്ചത്. വാട്ടർ അതോറിറ്റി 30 ശതമാനം ആളുകളിലേയ്ക്ക് മാത്രമാണ് ഇപ്പോൾ ജലം എത്തിക്കുന്നത്. അത് ഘട്ടം ഘട്ടമായി 100 ശതമാനത്തിലെത്തിക്കണം. അത് ഒറ്റയടിക്ക് നാളെയെന്ന് കടലാസിൽ പ്രഖ്യാപിച്ചാൽ പറ്റില്ല. അതിന് ഘട്ടം ഘട്ടമായുള്ള പ്രവർത്തനം കൊണ്ടുവരണം.

ഇവിടെ സൂചിപ്പിച്ചത് പ്രധാനപ്പെട്ടൊരു പ്രശ്നമേയുള്ളൂ. പദ്ധതികൾ പലതും നമ്മൾ പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്തു. നമ്മൾ നടപ്പിലാക്കിയ പദ്ധതികളുണ്ട്. ആ പദ്ധതികളിൽ, അത് ആവിഷ്കരിക്കുന്ന സമയത്ത് കണ്ട സ്രോതസുകളിൽ ജലത്തിന്റെ സാന്നിദ്ധ്യം ഇന്നില്ല. ഇന്ന് വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളിൽ ഇൻ ടേക്ക് വെൽ, ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് വെള്ളം എത്തിക്കാനുള്ള സംവിധാനങ്ങൾ നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. അവിടേയ്ക്ക് വരെ നമ്മുടെ കാര്യങ്ങൾ എത്തിയിരിക്കുകയാണ്. അതുകൊണ്ട് ജല സമൃദ്ധിയുടെ പശ്ചാത്തലത്തിൽ നാം രൂപപ്പെടുത്തിയെടുത്ത ജീവിത രീതികളിൽ മാറ്റം ഉണ്ടാകണം. ഇന്ന് സൂക്ഷ്മതയോടെ വെള്ളം ഉപയോഗിക്കാൻ കഴിയണം. നമ്മുടെയത്രയും ജലലഭ്യതയില്ലാത്ത സംസ്ഥാനങ്ങൾ എങ്ങനെയാണ് ജലം കൈകാര്യം ചെയ്യുന്നത്? അവർ ശീലിച്ചുവന്ന ശീലങ്ങളുണ്ട്. കിട്ടുന്ന വെള്ളം മുഴുവൻ സമുദ്രത്തിലേയ്ക്ക് ഒഴുകിപോകാതെ ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങി നമ്മുടെ ഭൂഗർഭ ജലത്തെ സമ്പോഷിപ്പിക്കാനുള്ള പദ്ധതികൾ പല സംസ്ഥാനത്തുമുണ്ട്. നമ്മൾ ചെയ്യുന്നത് ഇവിടെ സൂചിപ്പിച്ചു. ടൈൽ ഇടും. ടാർ റോഡിലൂടെ ഓടയിൽ ചെന്ന് അത് ഏതെങ്കിലും തോട്ടിൽ വീണ് ആ തോട്ടിലൂടെ നദിയിൽ ചെന്ന് കടലിൽ ചെല്ലുകയാണ് ഏറ്റവും സുരക്ഷിതമായ മാർഗ്ഗം. ഇവിടെ ജലസ്രോതസുകൾ

സംരക്ഷിക്കപ്പെടുകയാണ് പ്രധാനപ്പെട്ടൊരു വിഷയം. അതൊരു പ്രധാന ദൗത്യമായി പൊതു സമൂഹം ഏറ്റെടുക്കണമെന്നാണ് ഹരിത കേരളം മിഷനിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. പല തോടുകളും വൃത്തിയാക്കാൻ ശ്രമിക്കുമ്പോൾ കാണുന്നത് പ്ലാസ്റ്റിക് ചാക്കുകളും കുപ്പികളും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ശ്രീ. വി. കെ. സി. മമ്മത് കോയ ചോദിച്ച പ്രധാനപ്പെട്ടൊരു പ്രശ്നമുണ്ട്. നമ്മളൊക്കെ സ്കൂളിൽ പോകുന്ന സമയത്ത് കുപ്പിയിൽ വെള്ളം കണ്ടിട്ടുപോലുമുണ്ടാകില്ല. നമ്മളിൽ ആരെങ്കിലും വെള്ളം കൊണ്ടുപോകുന്നുണ്ടെങ്കിൽതന്നെ അത് പൊട്ടുന്ന കുപ്പിയിലാണ് കൊണ്ടുപോയ്ക്കൊണ്ടിരുന്നത്. ഇന്ന് കുപ്പി വെള്ളം വ്യാപകമാണ്. കുപ്പിയിലെ വെള്ളം വാങ്ങി കുടിക്കുകയാണ് ഇന്നത്തെ രീതിയായി മാറിയിരിക്കുന്നത്. അത് ആയിക്കോട്ടെ പക്ഷേ ഈ പ്ലാസ്റ്റിക് കുപ്പികൾ എവിടെയാണ് വലിച്ചെറിയുന്നത്? മിക്കവാറും അത് എത്തിച്ചേരുന്നത് ജലസ്രോതസുകളിൽ തന്നെയാണ്. കുപ്പിവെള്ളം വളരെ പെട്ടെന്ന് ഒഴിവാക്കാൻ പറ്റുമെന്നൊന്നും പറയുന്നില്ല. പക്ഷെ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയുന്നിടത്ത് ആ മാർഗ്ഗങ്ങളിലേയ്ക്ക് പോകണം. കഴിഞ്ഞ ദിവസം വരൾച്ചയുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തപ്പോൾ ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്. ശബരിമലയിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് ഹൈക്കോടതി

ഉത്തരവായി. എങ്ങനെ വെള്ളം എത്തിക്കാൻ കഴിയുമെന്നത് സർക്കാരിന്റെ മുന്നിലുണ്ടായിരുന്ന വലിയൊരു വെല്ലുവിളിയായിരുന്നു. ആ അടിയന്തര സാഹചര്യത്തെ നേരിടാൻ വാട്ടർ അതോറിറ്റിക്കും ഒരു കൂട്ടായ സഹകരണത്തോടെ കഴിഞ്ഞു. നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശത്ത് കുപ്പിക്കകത്ത് വെള്ളം കൊണ്ടുപോകാൻ കഴിയില്ലെന്ന് പെട്ടെന്നൊരു തീരുമാനം വരുമ്പോൾ ഉണ്ടാകാമായിരുന്ന പ്രത്യാഘാതങ്ങൾ ഹൈക്കോടതി പരിശോധിച്ചോ ഇല്ലയോയെന്ന് പറയാനാകില്ല. പക്ഷേ അവിടെ ചുരുങ്ങിയ സമയം കൊണ്ട് റിവേഴ്സ് ഓസ്മോസിസ് എന്ന സാങ്കേതിക വിദ്യ അവലംബിച്ചുകൊണ്ട് പ്ലാന്റുകൾ സ്ഥാപിച്ച് പോകുന്ന വഴികളിലൂടനീളം കിയോസ്കുകൾ സ്ഥാപിച്ച് ടാപ്പുകളിലൂടെ വെള്ളം വിതരണം ചെയ്യാൻ കഴിഞ്ഞു. പരിപൂർണ്ണമായും പ്ലാസ്റ്റിക്ക് ഉപയോഗിക്കാതെ ശബരിമലയിൽ വന്ന തീർത്ഥാടകർക്ക് മുഴുവൻ ആവശ്യത്തിന് വെള്ളം കൊടുക്കാൻ കഴിഞ്ഞു. അതുകൊണ്ട് പ്ലാസ്റ്റിക് ഇല്ലാതെയും വെള്ളം ഉപയോഗിക്കാൻ കഴിയും. ഇപ്പോൾ വാട്ടർ അതോറിറ്റിതന്നെ കുപ്പിവെള്ളത്തിലേയ്ക്ക് നീങ്ങുന്നുണ്ട്. അരുവിക്കര പ്ലാന്റിന്റെ നിർമ്മാണം വളരെ വേഗത്തിലാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തൊടുപുഴയിൽ ഇപ്പോൾ തന്നെ 'ഹില്ലി അക്വാ'

എന്ന പേരിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ മുഴുവനായി വലിച്ചെറിയാതെ അത് റീ-സൈക്കിൽ ചെയ്യാൻ സാധിക്കുമോയെന്ന പരിശോധനയാണ് ഇന്നത്തെ ആവശ്യം. പ്ലാസ്റ്റിക്കിന്റെ റീ-സൈക്കിളിംഗ് ഹരിത കേരളം മിഷൻ ഏറ്റെടുക്കേണ്ട പ്രധാന വിഷയമാണ്. നമ്മുടെ ശുചിത്വവുമായി ബന്ധപ്പെട്ട ആലോചന കൂടി അക്കാര്യത്തിൽ ഉണ്ടാകണം. ഭൂഗർഭജലം താഴേയ്ക്ക് പോകുന്നു. അതും നമ്മുടെ മുൻപിൻ എത്തിയിരിക്കുന്ന വലിയൊരു പ്രശ്നമാണ്. നഗരവൽക്കരണത്തെ സംബന്ധിച്ച് സൂചിപ്പിച്ചു. നഗരവൽക്കരണത്തിന്റെ ആപത്ത് രണ്ടാണ്. ഒന്ന് കുടിവെള്ള സ്രോതസുകൾ ഇല്ലാതാകുന്നു. അതിനെക്കാൾ വലിയ ആപത്ത് വെള്ളത്തിന്റെ ഉപഭോഗതോത് വർദ്ധിക്കുകയാണ്. ശുദ്ധീകരിച്ചു കൊടുക്കേണ്ടുന്ന വെള്ളത്തിന്റെ അളവ് വർദ്ധിക്കുന്നു. അതിന്റെ ഡിമാന്റ് വർദ്ധിക്കുകയാണ്. ഇതൊക്കെ മീറ്റ് ചെയ്യാൻ തക്കവണ്ണമുള്ള ഒരു ജല സംസ്കാരം വേണം എന്നാൽ അതേസമയം തന്നെ അങ്ങ് സൂചിപ്പിച്ചതുപോലെ ഒരു ജല സാക്ഷരത ഈ സംസ്ഥാനത്ത് അത്യാവശ്യമാണ്. ജല സാക്ഷരതയെന്നു പറയുന്നത് ജലത്തിന്റെ ഉറവിടങ്ങൾ മലിനമാകരുത്, ജലത്തിന്റെ ഉപയോഗത്തിൽ ഇന്നുള്ള ശീലങ്ങളിൽ മാറ്റം വരണം., ജലം ആണ് ജീവൻ നിലനിർത്തുന്നതെന്ന ബോധ്യത്തിൽ മറ്റു പ്രദേശങ്ങളിൽ നമ്മുടെ അയൽ

സംസ്ഥാനമായ തമിഴ്നാട് അടക്കം അവിടെ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ തോതിലുള്ള മഴയെ വെള്ളമാക്കി ഉപയോഗിക്കുന്നതിൽ രീതിയിൽ നമ്മുടെ ഭരണക്രമത്തിന്റെ അടക്കമുള്ള കാര്യങ്ങളിൽ മാറ്റമുണ്ടാക്കാൻ കഴിയണം. അതുകൊണ്ട് പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എം. രാജഗോപാലൻ: അതീവ ഗുരുതരമായ ഈ സാഹചര്യത്തിൽ ജലസംരക്ഷണപ്രവർത്തനവും ജലസാക്ഷരത പ്രവർത്തനവും ശക്തിപ്പെടുത്തുന്നതിന് നമ്മുടെ സംസ്ഥാനം ഒരു ജലസുരക്ഷാ സംസ്ഥാനമായി പ്രഖ്യാപിച്ചുകൊണ്ട് വിപുലമായ ക്യാമ്പയിനിലേയ്ക്ക് പോകുന്ന കാര്യത്തെക്കുറിച്ച് അങ്ങ് ആലോചിക്കുമോ?

ശ്രീ. മാത്യൂ.ടി. തോമസ്: അത് മറ്റൊരു രൂപത്തിലുള്ള പ്രഖ്യാപനമാണ്. അത് വേണമോ വേണ്ടയോ എന്നുള്ളത് ആലോചിക്കാം. ഇപ്പോൾ അതിനെക്കുറിച്ച് നെഗറ്റീവായ മറുപടി പറയുന്നില്ല. ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ചിരിക്കുന്ന ഹരിത കേരള മിഷന്റെ പ്രധാനപ്പെട്ട ആശയം ഇതുതന്നെയാണ്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി വിശദമാക്കിയതിനാൽ ഞാൻ അത് വിശദമാക്കുന്നില്ല. ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും, ശുചിത്വം, ജലസുരക്ഷ തുടങ്ങിയ മൂന്ന് ഘടകങ്ങൾ

ചേരുന്നതാണ് ഹരിത കേരള മിഷൻ. അതുകൊണ്ട് ഈ വിഷയം അവതരിപ്പിച്ചത് ഗൗരവമാണ്. അവതരിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ഗൗരവം രണ്ടാമത്തെ ചർച്ചയായ ഈ സമയത്തുണ്ട്. ഇവിടെ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അംഗം ഇത് അവതരിപ്പിക്കുമ്പോൾ ഇതിലെ പ്രധാന സാങ്കേതിക പ്രശ്നം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഇത് അവതരിപ്പിക്കാനുള്ള ഒരു അവസരം നഷ്ടപ്പെടരുതെന്നുള്ളതുകൊണ്ടാണ്, ഈ ബില്ലിൽ ഒരു ധനകാര്യ മെമ്മോറാണ്ടമുണ്ട്. ധനകാര്യമെമ്മോറാണ്ടം അനുസരിച്ച് ഒരു ബിൽ നിയമമാക്കിയാൽ പത്തുകോടി രൂപ ചെലവ് വരുമെന്ന് പറയുന്നു. അങ്ങനെ ചെലവ് വരുന്ന ഒരു കാര്യത്തിനെ സംബന്ധിച്ച് ബിൽ അവതരിപ്പിക്കണമെങ്കിൽ ഭരണഘടനയുടെ നിബന്ധനയനുസരിച്ച് ഗവർണറുടെ മുൻകൂട്ടിയുള്ള അനുമതി വേണം. അതില്ല എന്നുള്ളതാണ് ഈ ബില്ലിലെ സാങ്കേതിക തടസ്സം. അതേസമയം ബഹുമാനപ്പെട്ട അംഗം പറയുന്ന ചില കാര്യങ്ങൾ ഉൾക്കൊള്ളുന്ന 2003-ലെ ജലസേചനവും ജലസംരക്ഷണവും ആക്ട് നിലവിലുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവരെ ശിക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഇപ്പോൾ തന്നെ ആക്ടിലുണ്ട്.

<u>ശ്രീ. വി.കെ. സി. മമ്മത് കോയ</u>: ജൈവ കൃഷിയെപ്പറ്റിയും ജൈവ പച്ചക്കറിയെപ്പറ്റിയും വലിയ തോതിൽ നമ്മൾ പ്രചരിപ്പിക്കുന്നുണ്ട്. അജൈവ

കൃഷിയുണ്ടോ? എന്താണ് ജൈവം എന്ന് ഉപയോഗിക്കുന്നതിലെ സാങ്കത്യം. അത് ശരിയായ രീതിയാണോ?

ശ്രീ. മാത്യൂ. ടി. തോമസ്: ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ ഞാൻ ശക്തനല്ല. മനുഷ്യശരീരത്തിന് ദോഷമുണ്ടാക്കുന്ന രാസവളവളപ്രയോഗ കൃഷിരീതിയി പൂർണ്ണമായും ഒഴിവാക്കി പ്രകൃതിയെത്തന്നെ ആശ്രയിച്ചുകൊണ്ടുള്ള ഒരു രീതിയെയാണ് ജൈവകൃഷി എന്നുപറയുന്നത്.

മി. ചെയർമാൻ: ജൈവകൃഷി എന്നതിനുപകരം പ്രകൃതി കൃഷി എന്ന പ്രയോഗം അല്ലേ നല്ലത് എന്നഒരു ചോദ്യമായിരിക്കും അദ്ദേഹം ഉദ്ദേശിച്ചത്. അതുസംബന്ധിച്ച് പൊതുവായി ചർച്ച ചെയ്യാം.

ശ്രീ. മാത്യൂ. ടി. തോമസ്: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുണ്ടായിരുന്നുവെങ്കിൽ അതുസംബന്ധിച്ച കൃത്യവിവരങ്ങൾ പറയുമായിരുന്നു. പല രൂപത്തിലുള്ള രാസവളങ്ങളും രാസപ്രയോഗങ്ങളും നമ്മുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുമെന്നതിനാൽ പ്രകൃതിയെ ആശ്രയിക്കുന്ന പരമ്പരാഗത കൃഷിരീതിയിലേക്ക് തിരികെ പോകണമെന്ന ആശയമാണ് ഇതിൽ ഉള്ളത്. വെള്ളത്തിന്റെ ദുരുപയോഗം നടത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ സൂചിപ്പിച്ചു......

<u>പ്രൊഫ. കെ. യു. അരുണൻ</u>: ഫിഡൽകാസ്ട്രോയുടെ നാടായ ക്യൂബയെ അമേരിക്കയ്ക്ക് എതിരായ മത്സരത്തിൽ ഭക്ഷണവും രാസവളവും ഡീസലുമൊക്കെ നൽകി സഹായിച്ചിരുന്നത് സോവിയറ്റ് യൂണിനാണ്. സോവിയറ്റ് യൂണിന്റെ പതനത്തിനുശേഷം രാസവളവും ഡീസലും വരാതെയായി. മിക്കവാറും പാടശ്ശേഖരങ്ങളിലെല്ലാം ഓടിയിരുന്ന ട്രാക്റ്ററുകൾ നിലച്ചു. ആ സന്ദർഭത്തിൽ ഫിഡൽ കാസ്ട്രോ റൗൾ കാസ്ട്രോ അടക്കമുള്ള അദ്ദേഹത്തിന്റെ മെമ്പേഴ്സിനെ എല്ലാവരേയും വിളിച്ച് പറഞ്ഞു. ഇനി അതൊന്നും പ്രതീക്ഷിച്ച് ഇരുന്നിട്ട് കാര്യമില്ല. നമുക്ക് ഇതൊന്നുമില്ലാത്ത ജൈവകൃഷിയിലേയ്ക്ക് പ്രവേശിക്കേണ്ടിയിരിക്കുന്നുവെന്ന് പറഞ്ഞതായി ജൈവകൃഷിയെ സംബന്ധിച്ച ഒരു പരാമർശം ചരിത്രത്തിലുണ്ട്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മലിനജലം പൊതുജലാശയങ്ങളിലേയ്ക്ക് ഒഴുക്കിവിടാതിരിക്കാൻ പാടില്ലെന്നത് സംബന്ധിച്ച് ഒരു ഉത്തരവ്/ശക്തമായ നിലപാടെടുക്കാൻ കഴിയുമോ?

<u>ശ്രീ. മാത്യൂ. ടി. തോമസ്</u>: അതിന് ജി.ഒ യുടെ ആവശ്യമില്ല. സർക്കാർ സ്ഥാപനങ്ങളിൽ നിന്നല്ല, ഒരു സ്ഥാപനങ്ങളിൽ നിന്നും ഒരു വ്യക്തിക്കും ജലസ്രോതസ്സുകളിലേയ്ക്ക് മലിനജലം ഒഴുക്കിവിടാൻ അനുവാദമില്ല. ഞാൻ ഇവിടെ സൂചിപ്പിച്ച ജലസേചനവും ജലസംരക്ഷണവും ആക്ട് പ്രകാരം അത് കുറ്റകരമാണ്.

ആ കുറ്റത്തിന് ഇന്ന് നിഷ്കർഷിക്കുന്ന ശിക്ഷ കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള കരട് ഭേദഗതി നിയമം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ജലസ്രോതസ്സുകൾ മലിനമാക്കുന്നകുറ്റത്തിന് ശിക്ഷ കൂടുതൽ കർക്കശമാക്കാനുള്ള നിയമഭേദഗതിക്കുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാതലത്തിൽ, ഞാൻ പറഞ്ഞ സാങ്കേതിക പ്രശ്നം അടക്കം, ശുദ്ധജലം എല്ലാവർക്കും ലഭ്യമാക്കുക എന്ന അവകാശത്തെ അംഗീകരിച്ച് ഇപ്പോഴുള്ള ജലസേചനവും ജലസംരക്ഷണവും ആക്ടിൽ ഭേദഗതി വരുത്തി ജലസ്രോതസ്സുകൾ മലിനമാക്കുന്നവരെ ശിക്ഷിക്കുവാൻ കഴിയണം. ഡ്രൗട്ട് മാനേജ്മെന്റ് സെല്ലും വാട്ടർ അതോറിറ്റിയും ഇപ്പോൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലമായി എവിടെയെങ്കിലും മോഷണം നടക്കുന്നുണ്ടെങ്കിൽ കർശനമായി ഇടപെടുന്നുണ്ട്. പോലീസ് കേസ്സുകൾപോലും രജിസ്റ്റർ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ബഹുമാനപ്പെട്ട മെമ്പർ തന്നെ ചൂണ്ടിക്കാണിച്ചു. ജലദുരുപയോഗം തടയാൻ എല്ലാ നിയമസഭാംഗങ്ങളുടെയും പ്രത്യേക സഹകരണവും പിന്തുണയും ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ബില്ലിന്റെ സാങ്കേതിക പ്രശ്നം ഞാൻ ഉന്നയിച്ചു. അതോടൊപ്പം ഭേദഗതി നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്നത് കണക്കിലെടുത്ത് ബിൽ പ്രസ്

ചെയ്യരുതെന്നന്നാണ് എന്റെ അഭ്യർത്ഥന.

(ചർച്ച-തുടരും)

## 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടു ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

ശ്രീ. എം. സ്വരാജ്: സർ, 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടു ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച ബിൽ സംബന്ധിച്ച് മുമ്പ് സഭയിൽ കുറച്ചുകാര്യങ്ങൾ നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം തെറ്റായ ഒരു ദിശയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന കാലമാണിന്ന്. ഭൂമി മനുഷ്യരുടേത് മാത്രമാണെന്ന തെറ്റായ ധാരണയാണ് ഇന്ന് നമ്മുടെ ലോകത്തെ നയിച്ചുകൊണ്ടിരിക്കുന്നതും സ്വാധീനിച്ചുകൊണ്ടിരിക്കുന്നതും. നമുക്കുവേണ്ടി ഭൂമിയെ പ്രത്യേകമായി മാറ്റം വരുത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ് എല്ലായിടത്തും നടക്കുന്നത്. കടലും പുഴയും വയലും തണ്ണീർത്തടങ്ങളുമെല്ലാം നികത്തപ്പെടുന്നത് സംബന്ധിച്ച് പലപ്പോഴും സഭയുടെ മുമ്പാകെയും സമൂഹത്തിലാകെയും ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് നമ്മുടേത് ഉൾപ്പെടെയുള്ള നിയമനിർമ്മാണങ്ങൾ തന്നെ, നിയമനിർമ്മാണ സഭകൾ പാസ്സാക്കിയിട്ടുണ്ട്.

ലോകത്തിലെ വനാതിർത്തികളുള്ള ഏതാണ്ട് എല്ലാ രാജ്യങ്ങളും വ്യാപകമായ വനനശീകരണം സംബന്ധിച്ച് ഗൗരവത്തോടുകൂടി ചർച്ച ചെയ്യുകയും നിയമനിർമ്മാണങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തിട്ടുള്ളതാണ്. ഭൂമിയെന്നത് മനുഷ്യന്റേത് മാത്രമല്ലെന്നും എല്ലാ സസ്യ-ജന്തുജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്നുമുള്ള ശരിയായ ഒരു സാമൂഹികാവബോധം ഈ സമൂഹത്തിനാകെ ഉണ്ടാകേണ്ടതായിട്ടുണ്ട്. നമുക്ക് മുമ്പേ നടക്കുന്നവർ എന്ന് കരുതപ്പെടുന്ന മഹാന്മാരായ പല എഴുത്തുകാരുടെയും കൃതികളിൽ ഇത്തരത്തിലുള്ള ഒരു വീക്ഷണം മുമ്പോട്ടുവച്ചിട്ടുള്ളതിനെ സംബന്ധിച്ച് ഇതിന്റെ ആദ്യ ചർച്ചാവേളയിൽ പല ബഹുമാനപ്പെട്ട അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മൾ എപ്പോഴും അഭിമാനത്തോടുകൂടി കണക്കാക്കുന്ന വൈക്കം മുഹമ്മദ് ബഷീറും വള്ളത്തോളും ടി. പത്മനാഭനും ഒ.എൻ.വി. കുറുപ്പും ഇടശ്ശേരിയുമെല്ലാം അവരുടെ വിവിധ സാഹിത്യ സൃഷ്ടികളിൽ പ്രകൃതിയും മനുഷ്യനും പക്ഷി-മൃഗാദികളും വൃക്ഷ-ലതാദികളുമെല്ലാം തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ചും ആ ചെയിൻ പൊട്ടാതെ നിലനിൽക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചുമെല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ഭൂമിയുടെ അവകാശികളിൽ വൈക്കം മുഹമ്മദ് ബഷീറും എന്റെ ഗുരുനാഥനിൽ വള്ളത്തോളും അതിനെ സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളത്

ഒരിക്കൽ ഇവിടെ ചർച്ചയ്ക്ക് വന്നിട്ടുള്ളതായതുകൊണ്ട് വീണ്ടും ആവർത്തിക്കുന്നില്ല. ബഹുമാന്യനായ ടി. പത്മനാഭന്റെ 'സാക്ഷി', മറ്റൊരിന്ത്യാക്കാരൻ', 'മണ്ണും മനുഷ്യനും'- ഇവയിലെല്ലാം ഇക്കാര്യങ്ങൾ പരാമർശിക്കപ്പെടുന്നത് നമുറിയാവുന്നതാണ്. പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിക്കണമെന്നല്ല, നിയന്ത്രിക്കണം എന്നതാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. പ്രായോഗികമായി നമുക്ക് കഴിയുന്ന ചില നിയന്ത്രണങ്ങൾ നാം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രകൃതി സൗഹൃദമായ നിർമ്മാണ രീതികൾ നമുക്ക് അവലംബിക്കാൻ സാധിക്കണം. പലപ്പോഴും നിർമ്മാണപ്രവർത്തനങ്ങൾക്ക് പ്രകൃതിവിരുദ്ധ രീതികളാണ് പല കാരണങ്ങളാൽ അവലംബിക്കപ്പെട്ടുവരുന്നത്. പക്ഷി-മൃഗ സങ്കേതങ്ങളോടുചേർന്ന് അനിവാര്യമായ നിർമ്മാണ പ്രവർത്തനങ്ങൾ വേണ്ടിവരുമ്പോൾ അതിന്റെ മേൽക്കൂരയും ചുമരുകളും സ്ഫടികഗ്ലാസ്സും ഫൈബർ ഗ്ലാസ്സും ലോഹ ഷീറ്റുകളുമെല്ലാം ഉപയോഗിച്ച് നിർമ്മിക്കുന്നതു മൂലമുണ്ടാകുന്ന പാരിസ്ഥിതികമായ പ്രശ്നങ്ങളെ സംബന്ധിച്ച് വേണ്ടത്ര അവബോധം ഇന്നില്ല എന്നുവേണം മനസ്സിലാക്കാൻ. സൂര്യതാപമേറ്റ് ഇത്തരം നിർമ്മാണവസ്തുക്കൾ ചൂടാകുന്നതുമൂലം അന്തരീക്ഷത്തിന്റെ താപനിലയിലുണ്ടാകുന്ന മാറ്റം പക്ഷി-മൃഗാദികളുടെ സ്വാഭാവികമായ വാസത്തെ

തടസ്സപ്പെടുത്തുന്നു. മനുഷ്യന്റെ കയ്യേറ്റങ്ങളും പ്രകൃതി വിരുദ്ധമായ നിർമ്മാണപ്രവർത്തനങ്ങളും ഉളവാക്കുന്ന പ്രത്യാഘാതങ്ങളും ഈ രൂപത്തിലുള്ള പ്രശ്നങ്ങളെ എത്രമാത്രം ഇന്ന് രൂക്ഷമാക്കിയിരിക്കുന്നുവെന്ന് സമീപകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്താൻ കഴിയുന്നതാണ്. കഴിഞ്ഞ ദിവസം കേരളത്തിലെ എല്ലാ മാധ്യമങ്ങളും വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്ത ഒരു വാർത്ത 'കണ്ണൂർ നഗരത്തിൽ പുലിയിറങ്ങുന്നത്' സംബന്ധിച്ചായിരുന്നു. അത് എല്ലാ പത്രങ്ങളുടെയും ഒന്നാം പേജിൽ വാർത്തയായിരുന്നു. പുലി നഗരത്തിൽ ഇറങ്ങിയിരിക്കുകയാണ്. പുലി നഗരത്തിൽ ഇറങ്ങിയിട്ടുണ്ടാകുക എന്തിനായിരിക്കാം; ഇടയ്ക്ക് നമ്മളൊക്കെ പിക്നിക്കിന് കാട്ടിലേക്ക് പോകുന്നതുപോലെ ഒരു രസത്തിന് കണ്ണൂർ ടൗൺ കാണാൻ വേണ്ടി വന്നതായിരിക്കുമെന്ന് കരുതാനാകില്ല. മറ്റൊരവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ പുലിയോട് പോയി ചോദിക്കാനും സാധിക്കില്ല. കൊട്ടിയൂരിലാണ് ഏറ്റവും ഒടുവിൽ ആന മനുഷ്യനെ ചവിട്ടിക്കൊന്നതായിട്ടുള്ള വാർത്ത വന്നത്. കേരളത്തിന്റെ പല ഭാഗങ്ങളിലും ഇത്തരത്തിലുള്ള സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നത് എന്ന് യാഥാർത്ഥ്യബോധത്തോടുകൂടി അവധാനതയോടെ നമുക്ക് ചോദിക്കാൻ

സാധിക്കും. മൃഗങ്ങളുടെ നാടാണ് കാട്. ആ കാട് നമ്മൾ കയ്യേറുകയാണ്. അത് നാം കൃഷിഭൂമിയായും വാസസ്ഥലമായും മാറ്റുകയാണ്. അവിടെ നാം അനിയന്ത്രിതമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയാണ്. ഇത്തരത്തിൽ തങ്ങളുടെ ആവാസകേന്ദ്രങ്ങളിൽ ജീവിക്കാനാകാത്ത സാഹചര്യങ്ങൾ വരുമ്പോഴാണ് ഗത്യന്തരമില്ലാതെ പലപ്പോഴും മൃഗങ്ങൾക്ക് നാട്ടിലേക്ക് ഇറങ്ങേണ്ടതായി വരുന്നത്. നമ്മുടേത് പോലെ മൃഗങ്ങൾക്ക് കോടതിയില്ല, പോലീസില്ല, ജയിലില്ല, നിയമസഭയുമില്ല. മൃഗങ്ങൾക്ക് അങ്ങനെയുണ്ടായിരുന്നുവെങ്കിൽ ഒരുപക്ഷേ അവിടത്തെ ജയിലുകൾ മനുഷ്യനെക്കൊണ്ട് നിറയുമായിരുന്നുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കാടും പുഴയും നദിയുമെല്ലാം തങ്ങൾക്ക് വേണ്ടിയുള്ളതാണെന്നും തങ്ങൾക്കുവേണ്ടി മാത്രമുള്ളതാണെന്നുമുള്ള തെറ്റായ ഒരു ബോധത്തിന്റെ പിടിയിലമർന്ന മനുഷ്യരുടെ ഇത്തരത്തിലുള്ള പ്രകൃതി വിരുദ്ധമായ പ്രവർത്തനങ്ങളും ഞാൻ മുമ്പ് സൂചിപ്പിച്ച നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടെ നടക്കുന്നതിന്റെ ഭാഗമായി ഉളവായിട്ടുള്ള പ്രതിസന്ധിയാണിത്. നമ്മുടെ പ്രിയപ്പെട്ട കവി ഒ.എൻ.വി. കുറുപ്പ് അദ്ദേഹത്തിന്റെ അവസാനകാല ദിനാന്ത്യത്തിൽ എഴുതിയ ഒരുവരിയുണ്ട്. അത് ഇങ്ങനെയാണ്

'നമ്മൾ ജയിക്കും, ജയിക്കുമൊരു ദിനം,

നമ്മൾ ഒറ്റയ്ക്കല്ല, നമ്മളാണ് ഈ ഭൂമി'.

നാം ഈ കാലഘട്ടത്തിൽ അനിവാര്യമായും ഉയർത്തിപ്പിടിക്കേണ്ട ഒരു നവമാനവികതയുടെ ദർശനത്തെയാണ് ഒ.എൻ.വി. കുറുപ്പ് മുമ്പോട്ടുവയ്ക്കുന്നത്. നമ്മൾ എന്നുപറഞ്ഞാൽ, മനുഷ്യർ; എന്നുപറഞ്ഞാൽ നാം പ്രതിനിധാനം ചെയ്യേണ്ടത് ഈ ഭൂമിയിലെ ഏകകോശ ജീവികൾ മുതൽ എല്ലാ പക്ഷി-മൃഗാദികളെയും എല്ലാ സസ്യജാലങ്ങളെയുമാണ് എന്ന ഏറ്റവും ശരിയായതും ശാസ്ത്രീയവും വിശാലവുമായ കാഴ്ചപ്പാട് നമുക്കുണ്ടാകേണ്ടതായിട്ടുണ്ട്. അങ്ങനെ പ്രതിനിധാനം ചെയ്യാൻ കഴിയുമ്പോഴും ഓരോ മനുഷ്യനും ഓരോ ജീവജാലങ്ങൾക്കും വേണ്ടി സംസാരിക്കാൻ കഴിയുമ്പോൾ ഈ പ്രകൃതിയിലെ ഓരോ സസ്യജാലങ്ങൾക്കും വേണ്ടി ചിന്തിക്കാനും സംസാരിക്കാനും സ്വപ്നം കാണാനും കഴിയുമ്പോഴാണ് നാം ആധുനികകാലത്തിൽ എന്ന് പറയാനാവുന്നത്. നാം മാനവികതയെക്കുറിച്ച് ഒരുപാട് ചർച്ച ചെയ്തിട്ടുണ്ട്. മാനവികത ഒരു ഘട്ടം കഴിഞ്ഞപ്പോൾ സ്വാഭാവികമായും വിശ്വമാനവികത എന്ന സങ്കൽപ്പത്തിലേക്ക് വളർന്നിട്ടുമുണ്ട്. ഇതെല്ലാം കാലാനുസൃതമായി കൂടുതൽ നവീകരിക്കപ്പെടേണ്ടതും കൂടുതൽ വളരേണ്ടതുമാണ്. ഇവിടെ നവമാനവികതയുടെ പുതിയ ഒരു സാംസ്കാരിക അവബോധത്തിലേക്ക് മനുഷ്യരാശിക്ക് കടന്നുവരാനാകണം. ആ നവമാനവികത

എന്നതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് ഈ പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളെയും സ്വന്തം കുടുംബത്തിന്റെ ഭാഗമായി കാണാൻ കഴിയുന്ന വിശാലമായ, അതിവിപുലമായ ഒരു ബോധമാണ്. ആ ബോധത്തിലേക്ക് വളരാൻ കഴിയുമ്പോഴാണ് നമുക്ക് ഈ ആവാസവ്യവസ്ഥയുടെ സങ്കീർണ്ണതയെക്കുറിച്ച് ബോദ്ധ്യപ്പെടാനും അതിൽ എവിടെയെങ്കിലും ഒരു വിള്ളലുണ്ടായാൽ.....

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ആവാസവ്യവസ്ഥയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. പക്ഷേ മൃഗങ്ങളിൽപ്പെട്ട നായ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ നമുക്കറിയാം. പൊതുസമൂഹത്തിന് ഒരു പാനിക് സിറ്റുവേഷൻ തെരുവ്നായ്ക്കൾ ഉണ്ടാക്കുന്നുണ്ട്. അത്തരം മൃഗങ്ങളോടുള്ള ശ്രീ. എം. സ്വരാജിന്റെ സമീപനം എന്താണ്; കൊല്ലാൻ പാടുണ്ടോ; ശ്രീമതി മേനകാ ഗാന്ധിയുടെ നിലപാടാണോ; കാരണം ആനപ്പുറത്തിരിക്കുന്നവർക്ക് കാളയെ പേടിക്കേണ്ട കാര്യമില്ല. ശ്രീമതി മേനകാ ഗാന്ധിക്ക് ഒരിക്കലും തെരുവിലിറങ്ങി നടക്കേണ്ട കാര്യമില്ല. തെരുവിലിറങ്ങി നടക്കേണ്ടത് നമ്മളെപ്പോലുള്ള ആൾക്കാരാണ്. കേരളത്തിലിപ്പോൾ തെരുവ്നായ്ക്കൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് നമ്മൾ സജീവമായ ഒരു ചർച്ച കൂടി സംഘടിപ്പിക്കേണ്ടതുണ്ട്. ജനങ്ങൾക്ക് പന്നിയെ വെടിവയ്ക്കാൻ പറ്റില്ല. പന്നികൾ ആക്രമണം നടത്തുമ്പോൾ അത്

ഗർഭിണിയാണോയെന്ന് പരിശോധിക്കണം. ഇങ്ങനെ ചില നിയമങ്ങളുണ്ട്. നമുക്ക് പരിശോധിച്ച് ബോദ്ധ്യമാകാത്ത രീതിയിൽ ചില കാര്യങ്ങളുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള അഭിപ്രായം എന്താണ്?

മി. ചെയർമാൻ: എല്ലാ നായ്ക്കളെയും ഒരുപോലെ കാണാനാകില്ലല്ലോ; വെള്ളപ്പൊക്കത്തിൽ എന്ന തകഴിയുടെ കഥയിലെ നായയെയും തെരുവിലെ ആക്രമണകാരിയായ നായയെയും രണ്ടായികാണേണ്ടതല്ലേ?

ശ്രീ. എ. എൻ. ഷംസീർ: സർ, ആക്രമിക്കുമോ ഇല്ലയോ എന്ന് നമുക്ക് മുൻകൂട്ടി കണ്ടെത്താൻ കഴിയില്ല. കേരളത്തിന്റെ ഈ അവസ്ഥയ്ക്ക് ഞാൻ നായയെ മാത്രം കുറ്റപ്പെടുത്തുന്നില്ല. നായയെ ഈ നിലയിലേക്ക് വളർത്തുന്നതിൽ നമ്മളും പങ്ക് വഹിക്കുന്നുണ്ട്. മാലിന്യം കൊണ്ടുപോയി നിക്ഷേപിക്കുന്നതുപോലുള്ള കാര്യങ്ങളാണ് കാരണമായി മാറുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ നമ്മൾ എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത്? അക്കാര്യത്തിൽ ശ്രീ. എം. സ്വരാജ് അഭിപ്രായം പറയേണ്ടതാണ്.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത് ഒരു വ്യത്യസ്തമായ വിഷയമാണെന്നാണ് എനിക്ക് തോന്നുന്നത്. തെരുവ്നായ്ക്കളുടെ ശല്യത്തെക്കുറിച്ചും അതുളവാക്കുന്ന ഇപ്പോഴത്തെ പ്രതിസന്ധികളെക്കുറിച്ചുമെല്ലാം

ചർച്ച ചെയ്യുന്ന ഒരു ഘട്ടത്തിൽ എന്തായാലും ശ്രീമതി മേനകാ ഗാന്ധിയുടെ അഭിപ്രായമല്ല എനിക്ക് അക്കാര്യത്തിലുള്ളത്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള സമീപനത്തെ പിന്തുണയ്ക്കുന്ന ആളാണ് ഞാൻ. നമ്മൾ ഇപ്പോൾ ABC പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ബില്ലിന് ആസ്പദമായിട്ടുള്ള വിഷയത്തിന്റെ പരിധിയിൽ യഥാർത്ഥത്തിൽ തെരുവ്നായ്ക്കളുടെ ശല്യം വരുന്നില്ല. ഇത് വന്യമൃഗങ്ങൾ, വനത്തിൽ ജീവിക്കുന്ന മൃഗങ്ങൾ, പക്ഷികൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളാണ്.

<u>ശ്രീ. എ.എം. ആരിഫ്</u>: സർ, പക്ഷി-മൃഗാദികൾക്ക് ജീവിക്കാനുള്ള അവകാശത്തെ മനുഷ്യൻ കടന്നുകയറി നിഷേധിക്കുന്നത് സംബന്ധിച്ച് അങ്ങയുടെ ആശങ്കകളും അവരുടെ സംരക്ഷണവുമാണ് അങ്ങ് ഈ ബില്ലിലൂടെ അവതരിപ്പിക്കുന്നത്. അതിന്റെ സദുദ്ദേശത്തെയെല്ലാം അംഗീകരിച്ചുകൊണ്ട് തന്നെ ഞാൻ പറയുകയാണ്. പക്ഷികൾ സഞ്ചാരികളാണ്. വളരെ അധികം പക്ഷികൾ വിദേശ രാജ്യങ്ങളിൽ നിന്ന് മൈഗ്രേഷന്റെ ഭാഗമായി ഇവിടെ വരാറുണ്ട്. അതിലേറ്റവുമധികം പക്ഷികൾ വരുന്നത് എന്റെ നിയോജകമണ്ഡലത്തിലാണ്. അവർ വയലേലകൾ കാണാനും കൃഷിക്ക് ശേഷമുള്ള അവശിഷ്ടങ്ങൾ കൊത്തിപ്പെറുക്കാനുമാണ് വരുന്നത്. അവിടെ മനോഹരമായ ആയിരക്കണക്കിന്

പക്ഷികൾ വരുന്നുണ്ട്. ആ പക്ഷികളെയെല്ലാം കാണാനും വിലയിരുത്താനും പക്ഷിശാസ്ത്രജ്ഞന്മാരും അവിടെ വരുന്നുണ്ട്. മനുഷ്യവാസമുള്ള സ്ഥലങ്ങളിലേക്ക് അവർ വരുന്നുണ്ട്. നമ്മൾ അവരുടെ സങ്കേതങ്ങളിലേക്ക് കടന്നുകയറരുത്, അവരെ സംരക്ഷിക്കണം, അങ്ങോട്ട് കടന്നുപോകുന്നതിന് നിയന്ത്രണങ്ങൾ വരുത്തണമെന്നാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. പക്ഷേ നമ്മുടെ വയലേലകൾ കാണാനും അവശിഷ്ടങ്ങൾ കൊത്തിപ്പെറുക്കാനുമൊക്കെ നമ്മൾ വസിക്കുന്ന സ്ഥലങ്ങളിലേക്ക് അവർ വരുന്നുണ്ട്. അവരെ വാച്ച് ചെയ്യാൻ വേണ്ടി പക്ഷിശാസ്ത്രജ്ഞന്മാർ രാജ്യത്തിന്റെ നാനാദിക്കുകളിൽ നിന്നും വരുന്നുണ്ട്. അവർക്ക് അവയെ നിരീക്ഷിക്കാനുള്ള അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ ഒരു ബേർഡ് വാച്ച് ടവർ പക്ഷിസങ്കേതങ്ങളിൽ നമ്മൾ ഒരുക്കേണ്ടിവരും. അങ്ങ് നിർമ്മാണപ്രവർത്തനങ്ങൾ നിയന്ത്രിക്കണം എന്നുപറയുമ്പോൾ പക്ഷികൾക്കാവശ്യമായ സഞ്ചാരസ്വാതന്ത്ര്യത്തിനും മറ്റൊന്നും തടസ്സം വരാതെ ഇത്തരത്തിലുള്ള ബേർഡ് വാച്ച് ടവറുകൾ പോലുള്ള കാര്യങ്ങൾ ആവശ്യമായിവരും. ലോകത്തിന്റെ വിവിധ മേഖലകളിൽ അത് പ്രവർത്തിക്കുന്നുണ്ട്. അത്തരം ബേർഡ് വാച്ച് ടവറുകൾ ആവശ്യമാണോ ഇല്ലയോ എന്നതുകൂടി അങ്ങയുടെ ബില്ലിന്റെ ഭാഗമായി പരിഗണിക്കുമോ; അത്തരം നിർമ്മാണരീതികളോട് എങ്ങനെയാണ്

അങ്ങ് സമീപിക്കുന്നത്; പ്രകൃതിദത്തമായ സാധനസാമഗ്രികളോടുകൂടി അത്തരം സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് പക്ഷിശാസ്ത്രജ്ഞന്മാർക്കും പക്ഷിനിരീക്ഷകർക്കുമൊക്കെ ആവശ്യമായി തോന്നുന്നില്ലേ?

<u>ശ്രീ. ആർ. രാജേഷ്:</u> Bird watch tower-കൾ പ്രകൃതിദത്തമാണെന്ന് പറഞ്ഞപ്പോഴാണ് ശരിയായത്. അത്തരം കാര്യങ്ങൾ ഉണ്ടാകാൻ പാടില്ലെന്നുള്ളതാണ്. ഇത്തരം പക്ഷികളും മൃഗങ്ങളും സ്വാഭാവികമായി വരുന്ന സ്ഥലത്ത് അനധികൃത നിർമ്മാണങ്ങൾ ഉണ്ടാകാൻ പാടില്ലായെന്നുള്ളതാണ് ഈ ബില്ലിന്റെ ഭാഗമായ കൺസപ്റ്റ്. അപ്പോൾ അങ്ങ് പറഞ്ഞത് ശരിയാണോ;

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> ബാലുശ്ശേരി മണ്ഡലത്തിൽ കിളികിടുക്കി എന്നൊരു സ്ഥലമുണ്ട്. അതിന്റെ നാല് സൈഡിലും മലയാണ്. അവിടെ പക്ഷികളൊക്കെ വരുന്നുണ്ട്. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ഞാൻ സബ്മിഷൻ അവതരിപ്പിക്കുകയും അനുവാദം വാങ്ങുകയും ചെയ്തിരുന്നു. ഇതുവരെ അത് ചെയ്തിട്ടില്ല. അവിടെ പത്രക്കാരും കുട്ടികളുമൊക്കെ വരുന്നു. കുട്ടികളൊക്കെ അവിടത്തെ ഔഷധച്ചെടികളൊക്കെ നശിപ്പിക്കുന്നു. അവിടെയൊരു വാച്ച് ടവർ ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രികൂടി ശ്രദ്ധിച്ചെങ്കിൽ മാത്രമേ അതിന് സാധിക്കുകയുള്ളൂ. അതിനുള്ള സംവിധാനം അവിടെയുണ്ട്. അത്

നിലനിർത്തണമെന്ന് അങ്ങേയ്ക്ക് ആഗ്രഹമുണ്ടോ;

ശ്രീ. എ. പ്രദീപ്കുമാർ: ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എം. ആരിഫ് പറഞ്ഞതിനോട് ഞാൻ ശക്തമായി വിയോജിക്കുകയാണ്. പക്ഷികൾ വരുന്നതുതന്നെ പ്രകൃതിയുടെ നന്മയും നൈസർഗ്ഗികതയും നിലനിൽക്കുന്നിടത്താണ്. അല്ലാതെ പാളയം അങ്ങാടിയിലൊന്നും പക്ഷികൾ വരില്ല. അതിനെ സ്പർശിക്കാൻ പോയാൽ അതിന്റെ വരവ് ഇല്ലാതാകും. പരമാവധി ജനങ്ങളുടെ ഇടപെടൽ കുറയ്ക്കുകയാണ് വേണ്ടത്. പക്ഷികളെക്കുറിച്ച് പഠിക്കാനുള്ളവരും കാണാനുള്ളവരും ദൂരെനിന്ന് ബൈനോക്കുലറൊക്കെ വച്ച് നോക്കുന്നതായിരിക്കും നല്ലത്. ടവർ വന്നാൽ ടിക്കറ്റൊക്കെ വച്ച് വലിയ നിലയിൽ ആളുകൾ വരും. അപ്പോൾ പക്ഷികളുടെ ആവാസ സംവിധാനമൊക്കെ പോകും. വിദേശത്തുനിന്നുള്ള പക്ഷികളൊക്കെ ഉണ്ടെന്നല്ലേ പറഞ്ഞത്, അതൊക്കെ വരാതാകും. ഇത് വലിയ നിലയിൽ പക്ഷികൾ വരുന്ന സ്ഥലത്താണ്. എന്നാൽ ഞാൻ വളരെ മാതൃകാപരമായ ഒരു കാര്യം പറയാം. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ മണ്ഡലത്തിൽ അദ്ദേഹംകൂടി ഇടപെട്ടിട്ട് ഒരു കാര്യം നടന്നിരുന്നു. അവിടെ ബൈപ്പാസിന്റെ വൈഡനിംഗ് വരുന്ന സമയത്ത് ഒരുപാട് പക്ഷിക്കുഞ്ഞുങ്ങളുള്ള ഒരു വലിയ മരമുണ്ടായിരുന്നു. അത് പൊയ്പ്പോകരുതെന്ന്

കരുതി പി.ഡബ്ല്യു.ഡി.-യെക്കൊണ്ട് ഐലന്റിന്റെ ഭാഗമാക്കി അത് പ്രിസർവ് ചെയ്തു. അത് ഇപ്പോഴും അവിടെ നിൽക്കുകയാണ്. ആ പക്ഷിക്കൂട് പോകാതെ പക്ഷികൾ വരുന്നതിനെ തടസ്സപ്പെടുത്താതെ റോഡ് ഡെവലപ്മെന്റിന്റെ ഭാഗമായിപ്പോലും മരം സംരക്ഷിച്ച അനുഭവം നമുക്കുണ്ട്. അങ്ങനെ ഓരോ കാര്യവും നമ്മൾ സൂക്ഷ്മമായി ശ്രദ്ധിക്കേണ്ടതാണെന്ന വികാരമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. സ്വരാജ് അവതരിപ്പിക്കുന്ന ബില്ലിൽ ഉള്ളത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: പക്ഷികൾക്ക് കുടിക്കാൻ വെള്ളം കിട്ടുന്നില്ല. താങ്കൾ പക്ഷികളോട് ഇത്രയും താൽപ്പര്യം കാണിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്.

മി. ചെയർമാൻ: എല്ലാവരുംകൂടി ചോദിച്ചാൽ അദ്ദേഹം പറഞ്ഞുവന്നത് പൂർത്തീകരിക്കാൻ സാധിക്കില്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: ശുദ്ധജലം അവരുടെയുംകൂടി അവകാശമാണ്. അത് അവർക്ക് ലഭ്യമാക്കാനുള്ള എന്തെങ്കിലും നിർദ്ദേശം വയ്ക്കാൻ പറ്റുമോ;

ശ്രീ. എം. സ്വരാജ്: ഇവിടെ ബഹുമാന്യരായ അംഗങ്ങൾ വളരെ പ്രസക്തമായ പല വിഷയങ്ങളും ചർച്ചയുടെ ഭാഗമായി ഉന്നയിച്ചിട്ടുണ്ട്. ഞാൻ നേരത്തെ

പറഞ്ഞുവന്നത്, ഒരു സാമൂഹികപ്രശ്നമായി ഉയർന്നുവന്നിട്ടുള്ള തെരുവ് നായ്ക്കളുടെ ശല്ല്യവും ഈ അവതരിപ്പിക്കുന്ന ബില്ലിൽ പരാമർശിക്കുന്ന വിഷയവും തമ്മിൽ നേരിട്ട് ബന്ധമുള്ളതല്ല. ഇത് വന്യമൃഗങ്ങളെ സംബന്ധിച്ചും കാടുകളിലും മറ്റ് പക്ഷിസങ്കേതങ്ങളിലും വരുന്ന പക്ഷികളെ സംബന്ധിച്ചും ആ മേഖലയിലുള്ള പ്രകൃതിവിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ നിയമന്ത്രിക്കണമെന്നാവശ്യപ്പെടുന്ന ബില്ലാണ്. തെരുവ് നായ്ക്കളുടെ കാര്യം മറ്റൊരു വിഷയമാണ്. എങ്കിൽപ്പോലും എനിക്ക് തോന്നുന്നു, മൃഗങ്ങൾ ക്രൂരമായി കടിച്ചുകീറുന്നുവെന്നൊക്കെ പറയുമ്പോൾ തെരുവ് നായയുടെ വിഷയം എടുത്താൽപ്പോലും സത്യസന്ധവും ആത്മവിമർശനപരവുമായ ഒരു പരിശോധന നടത്താൻ നമ്മളിലെ മനുഷ്യൻ നമ്മെ അനുവദിക്കുന്നുണ്ടെങ്കിൽ ഈ സമീപ ദിവസങ്ങളിൽ പുറത്തുവന്നിട്ടുള്ള പല വാർത്തകളുമായി ചേർത്തുവച്ചാൽ മനുഷ്യനെക്കാൾ ഭേദമാണ് മൃഗങ്ങളെന്നാണ് തോന്നുന്നത്. ക്രൂരനായ, നരഭോജിയായ പുലിയെന്നൊക്കെ നമ്മൾ പറയും, പക്ഷെ ഒരു നരഭോജിയായ പുലിയും ഒരു പെൺപുലിയെ ബലാൽസംഗം ചെയ്ത് കൊന്നതായി ചരിത്രത്തിൽ എവിടെയും നമുക്ക് കാണാൻ കഴിയില്ല. ഒരു തെരുവ് നായയും ഒരു പട്ടിക്കുഞ്ഞിനെ ബലാൽസംഗം ചെയ്ത് കൊന്നതായി വാർത്ത എവിടെയും നമ്മൾ കേട്ടിട്ടില്ല. ഇപ്പോൾ ഈ സമീപസമയത്ത് പുറത്തുവന്നിട്ടുള്ള ഒരു

വാർത്ത, ഒരാൾ നവമാധ്യമത്തിലൂടെ വെളിപ്പെടുത്തുകയാണ്, അയാളുടെ വീടിനടുത്തുള്ള അഞ്ച് വയസ്സുള്ള കുഞ്ഞിനോട് അയാൾക്ക് കാമം തോന്നി. ആ കുഞ്ഞിനെ അയാൾ മിഠായികൊടുത്ത് വശംവദയാക്കാൻ നോക്കിക്കൊണ്ടിരിക്കുകയാണെന്ന്. ഈ വിവരം നവമാധ്യമത്തിൽ വന്നപ്പോൾ ഇത് വളരെ നല്ല കാര്യമാണെന്നും അയാളുടെ സ്വതന്ത്രമായ ആത്മാവിഷ്കാരമാണെന്നും പറഞ്ഞ് സ്ത്രീകളെന്ന് പറയപ്പെടുന്ന കുറെ ആളുകൾ ഇതിന് പിന്തുണയും കൊടുക്കുകയാണ്. ഇങ്ങനെയൊരു ലോകത്താണ് നമ്മൾ ജീവിക്കുന്നത്. പണ്ട് മാക്സിം ഗോർക്കി എഴുതിയിട്ടുണ്ട്, മനുഷ്യൻ എത്ര മഹത്തായ പദമെന്ന്. മാക്സിം ഗോർക്കി ഇന്ന് ജീവിച്ചിരിപ്പില്ല. പിന്തുണ കൊടുത്ത ചിലയാളുകൾ പല വിഷയങ്ങളിലും വ്യത്യസ്തമായ പല നിലപാടുകളും സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവരുടെ പേരിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ സമൂഹത്തിൽ ഇവരൊക്കെ ജീവിച്ചിരിക്കുന്നുവല്ലോ എന്നത് ഭയാശങ്കകളോടെ നാം കാണേണ്ട കാര്യമാണ്. തോമസ് ഹോബ്സ് തന്റെ ലെവിയാതനിൽ മനുഷ്യരെ സംബന്ധിച്ച ചില നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. ആ നിരീക്ഷണം, മനുഷ്യൻ ജന്മനാതന്നെ നെഗറ്റിവിറ്റിയുള്ളവനാണ് - പകയും വിദ്വേഷവും ശത്രുതയും സംശയവുമെല്ലാമുള്ള കൊള്ളരുതാത്തവനാണ് മനുഷ്യനെന്ന ചില നിരീക്ഷണങ്ങൾ

അദ്ദേഹം ലെവിയാതനിൽ നടത്തുന്നുണ്ട്. അത് നമുക്ക് അങ്ങനെ സ്വീകരിക്കാനൊന്നും പറ്റില്ല. പക്ഷെ, ഇത്തരം ചില വാർത്തകൾ കേൾക്കുമ്പോൾ, ഇങ്ങനെയുള്ള കുറെ അലവലാതികൾ നമ്മുടെ നാട്ടിലുണ്ടെന്നും അവരുമായി താരതമ്യം ചെയ്താൽ ഈ വന്യമൃഗങ്ങളും തെരുവ് നായ്ക്കളുമൊക്കെ ഭേദമല്ലേയെന്നും ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ ആ സംശയം അസ്ഥാനത്താണെന്ന് പറയാൻ നമുക്കാവില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ വാച്ച് ടവറിനെക്കുറിച്ച് പറഞ്ഞു. ആധികാരികമായി ഒരഭിപ്രായം പറയാൻ പക്ഷി നിരീക്ഷണരംഗത്തൊക്കെ വ്യാപരിക്കുന്നവരുടെകൂടി അഭിപ്രായങ്ങളെ പരിഗണിക്കേണ്ടതായി വരും. മഹാനായ ഡോ. സലിം അലിയുടെയും ഇന്ദുചൂഡന്റെയുമെല്ലാം പൈതൃകത്തിന്റെ പിൻമുറക്കാർ നമ്മുടെ ഇടയിലുണ്ട്. പക്ഷെ എനിക്ക് തോന്നുന്നത്, പക്ഷികൾ കടന്നുവരുന്നിടത്ത് പക്ഷിനിരീക്ഷണം ഒരു പ്രത്യേക പ്രാധാന്യത്തോടുകൂടി കണക്കാക്കുന്നവർക്ക് കുറച്ച് പ്രയാസങ്ങൾ സഹിച്ചായാലും കടന്നു ചെല്ലാനും നിരീക്ഷിക്കാനും കഴിയും. നമ്മൾ അവിടെ ഒരു ടവറൊക്കെ നിർമ്മിച്ചുകൊടുക്കേണ്ടതുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതൊരിക്കലും പക്ഷികളുടെ സ്വൈര്യവിഹാരത്തിന് തടസ്സംവരാത്ത വിധത്തിൽ ഏറ്റവും പ്രകൃതി സൗഹൃദമായി ഭാവിയിലും അവിടെ പക്ഷികളുടെ വരവ് തടസ്സപ്പെടാതിരിക്കുമെന്ന്

ഉറപ്പുവരുത്തിക്കൊണ്ട് നിർമ്മിക്കുന്നതായിരിക്കും ഉചിതമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം ശ്രീ. എം. സ്വരാജ് അവതരിപ്പിക്കുന്ന ബിൽ വളരെയധികം പ്രാധാന്യമുള്ളതാണ്. കാരണം, അതിൽ അദ്ദേഹത്തിന്റെ പല നിരീക്ഷണങ്ങളുമുണ്ട്. തീർച്ചയായും നമ്മുടെ സമൂഹത്തിന്റെ കണ്ണുതുറപ്പിക്കുന്നതാണ്. മൃഗങ്ങളുമായി ഇണങ്ങി ജീവിക്കുന്ന ഒരു സമൂഹത്തെ നേരിൽ കാണാൻ അവസരം ലഭിച്ചിട്ടുള്ള ആളുകളാണ് ഞാനും ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗവും. സൗത്ത് ആഫ്രിക്കയിലെ പ്രിട്ടോറിയയിൽ നിന്നും ഏകദേശം 500 കിലോമീറ്റർ അകലെ നെൽസ്പ്രൈഡ് എന്ന സ്ഥലത്ത് ഞങ്ങൾ നാല് ദിവസം താമസിച്ചിരുന്നു. ഞങ്ങളുടെ ഒരു പരിചയക്കാരന്റെ വീട്ടിൽ പോയപ്പോൾ കണ്ട കാഴ്ച, ആ വീടിന്റെ ചുറ്റുവടത്ത് മുയലും മാനും മയിലുമെല്ലാമുണ്ട്. അവിടത്തെ ആളുകൾ ഇടപഴകുമ്പോൾ അവർക്ക് ഒരസ്വാഭാവികതയും തോന്നുന്നില്ല. പൂർണ്ണമായും അവരുമായി പൊരുത്തപ്പെട്ട് ഇണങ്ങി ജീവിക്കുന്ന ഒരു കാഴ്ചയാണ് ഞങ്ങൾ അവിടെ കണ്ടത്. ഇങ്ങനെയുള്ള ചില സ്ഥലങ്ങൾ ലോകത്തുണ്ട്. ആ നെൽസ്പ്രൈഡ് മാതൃക എന്തുകൊണ്ട് നമുക്ക് സ്വീകരിക്കാൻ കഴിയുന്നില്ല. എല്ലായിടത്തും കേരളത്തിലെപ്പോലുള്ള അനുഭവമല്ല ഉള്ളത്. നമുക്ക് സ്വീകരിക്കാൻ

കഴിയുന്ന വ്യത്യസ്തമായ നല്ല മാതൃകകൾ ലോകത്തുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളത്;

ശ്രീ. എം. സ്വരാജ് : സർ, ഞാൻ തീർച്ചയായും ഓർക്കുന്നുണ്ട്. അവിടെ നെൽസ്‌പ്രെഡ്, പൂമലാംഗ എന്നീ പ്രോവിൻസുകളിൽ ഉണ്ടായിരുന്ന സമയത്ത് ഈ പറഞ്ഞ വന്യമൃഗങ്ങൾ, സീബ്ര ഉൾപ്പെടെയുള്ള മൃഗങ്ങൾ വളർത്തുമൃഗങ്ങളെപ്പോലെയാണ് ഞങ്ങൾ താമസിക്കുന്ന വീടിന്റെ മുറ്റത്തെല്ലാം നടന്നത്. അവിടത്തെ വന്യമൃഗങ്ങളെല്ലാം നാട്ടിൻപുറങ്ങളിലിറങ്ങിയാൽ പിന്നീട് അവ മടങ്ങിപ്പോകുകയും ചെയ്യും. ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞത് മനുഷ്യനും മൃഗങ്ങളും പ്രകൃതിയുമെല്ലാം വളരെ സൗഹൃദപരമായ അന്തരീക്ഷത്തിൽ ജീവിക്കുന്നതിന്റെ പാരസ്പര്യത്തെയാണ്. പലപ്പോഴും വന്യമൃഗങ്ങളുടെ ആക്രമണത്തെക്കുറിച്ചെല്ലാം പറയുമ്പോൾ അതിന്റെ സ്വാഭാവികമായ ബന്ധത്തെ നാമെവിടേയോ നമ്മുടെ പ്രത്യേകമായിട്ടുള്ള സ്വാർത്ഥതാൽപര്യത്തിന്റെ ഭാഗമായി തകർത്തതിന്റെ ഭാഗമായിട്ടുണ്ടായതാണെന്ന് കാണേണ്ടതായിവരും.

ശ്രീ. എ. എൻ. ഷംസീർ : സർ, ഞാൻ പ്രിട്ടോറിയായിലൊന്നും പോയിട്ടില്ല. എന്റെ മണ്ഡലത്തിലെ എളഞ്ഞോലി പഞ്ചായത്തിൽ പറവകളുടെ ആകാശമെന്ന ഒരു കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ശ്രീ. റ്റി. വി. രാജേഷിനേയും

സ്വരാജിനേയും പ്രിട്ടോറിയായിലേയ്ക്കല്ല, ഞങ്ങളുടെ നാട്ടിലെ പറവകളുടെ ആകാശം കാണാൻ വന്നാൽ കുറെ പക്ഷികളെ കാണാൻ കഴിയും അതിനായി ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

ശ്രീ. എം. മുകേഷ് : സർ, ബഹുമാനപ്പെട്ട മെമ്പർ പക്ഷികളെക്കുറിച്ച് പറഞ്ഞപ്പോൾ മനുഷ്യന്റെ ധാർഷ്ട്യം കാരണം പുഴകളും പ്രകൃതിയുമെല്ലാം എന്തേതാണ് എന്തേതുമാത്രമാണെന്ന് പറയുന്ന ഒരു സംഭവമാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ ഈ പക്ഷികളാണ് നമ്മുടെ പ്രകൃതിയുടെ ഏറ്റവും ഒഴിച്ചുകൂടാനാകാത്ത അല്ലെങ്കിൽ അവർ പ്രകൃതിയുമായി ചേരുമ്പോഴാണ് പ്രകൃതിയാകുന്നതെന്നുള്ള ഒരോർമ്മിപ്പിക്കുന്ന കാര്യമാണ് ഞാൻ പങ്കുവയ്ക്കുന്നത്. കുറച്ച് വർഷങ്ങൾക്കുമുമ്പ് ഞാൻ ഹൈദ്രാബാദിൽ സൈന്യം എന്ന സിനിമയുടെ ഷൂട്ടിങ്ങിനായി പോയപ്പോൾ അവിടെ ഇന്ത്യൻ എയർഫോഴ്സിന്റെ ഒരു സ്ഥലത്തായിരുന്നു ചിത്രീകരണം. അവിടെ ചെന്നതിന് ശേഷമാണ് മനസ്സിലായത് ഏറ്റവും കൂടുതൽ പക്ഷികളെക്കൊണ്ട് പൊറുതിമുട്ടുകയോ അല്ലെങ്കിൽ സീരിയസായി ശല്ല്യം നേരിടുന്നതോ ആയ സ്ഥലത്താണ് എയർഫോഴ്സ് അക്കാദമിയെന്ന്. അവിടെ എല്ലാ സ്ഥലങ്ങളിലും ഭക്ഷണപദാർത്ഥങ്ങൾ വലിച്ചെറിയരുത്, പക്ഷികളെ ആകർഷിക്കുന്ന തരത്തിലുള്ള ഒന്നുംതന്നെ ചെയ്യരുത് .... കാരണം എത്രവലിയ

ഫ്ലൈറ്റാണെങ്കിലും നമ്മുടെ ടെക്നോളജി ഇത്രയും വളർന്നെങ്കിലും ഒരു പക്ഷി ഒന്ന് വിചാരിച്ചാൽ അതിനെ താഴെയിറക്കാനോ വലിയ ഒരപകടത്തിലേയ്ക്ക് കൊണ്ടുചെന്ന് എത്തിക്കാനോ സാധിക്കും. അവിടെയുള്ളവർ എപ്പോഴും പക്ഷികളെ ശ്രദ്ധിക്കുകയും പ്രത്യേകിച്ച് പുതിയതായി വരുന്ന കേഡറ്റ്സുകൾ ഫൈറ്റർ പ്ലെയിനുകൾ ഉപയോഗിക്കുമ്പോൾ അവരുടെ ഏറ്റവും വലിയ പ്രാർത്ഥന ബേർഡ് ഹിറ്റുണ്ടാകല്ലേയെന്നാണ്. ഇത്രയും കൊല്ലമായിട്ടും ഞാൻ ഓർത്തിരിക്കാൻ കാരണം അവിടെ വലിയ മതിലിൽ എഴുതിവച്ചിരിക്കുന്ന ഒരു റൈറ്റിംഗ്സുണ്ട്. അതായത് 'പക്ഷികളെ ശല്യപ്പെടുത്തരുത്, കാരണം ഇത് അവയുടെ സ്ഥലമായിരുന്നു നമ്മളാണ് എൻക്രോച്ച് ചെയ്തത് ' എന്ന്. ഇതിന്റെ അധികാരികൾ അവരാണെന്ന് പറയുന്ന ഒരു സ്റ്റേറ്റ്മെന്റ് അല്ലെങ്കിൽ ആ സ്ലോഗൻ നമ്മുടെ മനസ്സിൽ ഭയങ്കരമായി സ്പർശിച്ചുവെന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അങ്ങനെ ഏതെങ്കിലും തരത്തിൽ നമ്മുടെ ആളുകളെ ബോധവൽക്കരിക്കാനുള്ള ഒരു ചിന്തയുണ്ടോ?

<u>ശ്രീ. എം. സ്വരാജ്</u> :സർ, തീർച്ചയായും. പ്രധാനപ്പെട്ട ഒരു കാര്യമാണ് അദ്ദേഹം പറഞ്ഞത്. ഈ ലോകത്തിന്റെ പല ഭാഗത്തും ഇത്തരത്തിലുള്ള കാര്യങ്ങൾ കാണാൻ കഴിയും. നമ്മൾ ഇപ്പോൾ പ്രകൃതി വിരുദ്ധമായ കാര്യങ്ങളിൽ

അഭിരമിക്കുമ്പോൾ ലോകത്ത് ഇങ്ങനെയൊക്കെ നടക്കുന്നുണ്ടെന്നും ഇതാണ് ശരിയായ പാതയെന്നും നാം ഒരറിവിന്റേയും അവസാന വാക്കല്ലെന്നും നമ്മുടെ കാഴ്ചപ്പാടുകളിലുള്ള അപാകതകൾ ഇന്ന് വലിയ ദുരന്തങ്ങളിലേയ്ക്ക് ലോകത്തെ നയിക്കുന്നുണ്ടെന്നും മനസ്സിലാക്കി അത് തിരുത്തുന്നതിനുവേണ്ടിയാണ് ഇവിടെ ഓർമ്മിക്കുന്നതും പറയുന്നതും. ഇവിടെ ബഹുമാനപ്പെട്ട മാവേലിക്കര അംഗം തൊട്ട് മുമ്പ് അവതരിപ്പിച്ച ബില്ലിലും പരാമർശിച്ചിട്ടുള്ള വിഷയങ്ങളുടെ ആത്മാവ് പ്രകൃതിവിരുദ്ധമായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ ജല സ്രോതസ്സുകൾ വറ്റിവരളുമ്പോഴുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ചാണ്. ഇതെല്ലാം പരസ്പരം ബന്ധമുള്ളതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട കൊല്ലം അംഗം അദ്ദേഹത്തിന്റെ അനുഭവം ഇവിടെ സൂചിപ്പിച്ചു. അതാണ് ഞാനും ഇവിടെ തുടക്കത്തിൽ പറയുവാൻ ശ്രമിച്ചത്. എല്ലാ കയ്യേറ്റങ്ങളും ഇന്ന് നടത്തുന്നത് മനുഷ്യരാണ്. മൃഗം എവിടെയെങ്കിലും കയ്യേറിയതായി നമ്മൾ കേട്ടിട്ടില്ല കയ്യേറിയതായി അല്ലെങ്കിൽ നഗരത്തിലേയ്ക്കിറങ്ങിയതായിട്ടുള്ള വാർത്ത മനുഷ്യൻ എഴുതുമ്പോഴുള്ള അറിവില്ലായ്മയോ വിവരക്കേടോ അതിൽ പ്രതിഫലിക്കുന്നുണ്ടാകും. സ്വന്തം വാസസ്ഥലം നഷ്ടമാകുമ്പോൾ പൊറുതിമുട്ടിയ, വീട്ടിൽനിന്നും ഇറക്കിവിടപ്പെടുന്ന മൃഗമാണ് നഗരത്തിലേയ്ക്ക് വരുന്നത്. അതാണ് ഇത്തരത്തിലുള്ള അനുഭവങ്ങൾ

സൂചിപ്പിക്കുന്നത്. ഞാൻ കൂടുതൽ നീട്ടിക്കൊണ്ട് പോകുവാൻ ആഗ്രഹിക്കുന്നില്ല.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : സർ, ഇത് വളരെ ഗൗരവതരമായിട്ടുള്ള ഒരു ചർച്ചയാണ്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ശക്തമായ തീരുമാനങ്ങളെല്ലാമുണ്ട്. ഇപ്പോൾ കാട്ടിലെല്ലാം ഭക്ഷണത്തിന്റെ കുറവ് കൊണ്ടാണ് അവിടെനിന്നും പക്ഷികളും മൃഗങ്ങളുമെല്ലാം പുറത്തുവരുന്നത്. അതുകൊണ്ടുതന്നെ വനവൽക്കരണത്തിന്റെ ഭാഗമായി വനങ്ങളിൽ കൂടുതൽ പഴങ്ങളും അല്ലെങ്കിൽ പക്ഷികൾക്കെല്ലാം കഴിക്കാൻ കഴിയുന്ന പേരയ്ക്കപോലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ഒരു ശ്രമം ഉണ്ടാകുമോ?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : സർ, ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഈ ആധുനിക സംവിധാനങ്ങൾ വളർന്നുവരുന്നത് പക്ഷികളേയും മൃഗങ്ങളേയും അകറ്റിനിർത്തുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ടോയെന്ന സംശയമാണ്. ഇപ്പോൾ ടി.വി., ടവറുകൾ, ഹൈമാസ്റ്റ് തുടങ്ങിയവയൊക്കെ പുതിയ സമ്പ്രദായത്തിൽ വരികയാണ്. ഹൈമാസ്റ്റിന് തൊട്ടടുത്തുള്ള വലിയ മരങ്ങളിൽ നിന്നും വാവ്വലുകളും പക്ഷികളും അപ്രത്യക്ഷമാവുകയാണ്. പലപ്പോഴും ആധുനികസംവിധാനങ്ങൾ ഇതിനെയൊക്കെ അകറ്റി നിർത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. സ്വരാജ്</u> : സർ, ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയങ്ങൾ പ്രസക്തമാണ്. ഒന്ന് സാമൂഹിക വനവൽക്കരണം വളരെ മുമ്പുതന്നെ ഒരു ഔദ്യോഗിക പരിപാടിയായി നമ്മുടെ രാജ്യം സ്വീകരിച്ചിട്ടുള്ളതാണ്. പക്ഷേ സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്ന യജ്ഞവുമായി മുമ്പോട്ട് പോകുമ്പോഴും വനഭൂമിയുടെ അളവ് കുറഞ്ഞുവരുന്നുവെന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. ഹൈമാസ്റ്റുകളുൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. അത്തരം കാര്യങ്ങളെക്കുറിച്ച് പഠിക്കാനും അതിന്റെ പാരിസ്ഥിതിക പ്രത്യാഘാതം എത്രയാണെന്ന് മനസ്സിലാക്കി അതുമായി മുമ്പോട്ട് പോകുകയുമാണ് വേണ്ടത്. എനിക്ക് തോന്നുന്നത് ഇനിയും അത്തരത്തിലുള്ള പരിശോധനകളും പഠനങ്ങളും അനിവാര്യമാണ്. ഏതായാലും ഈ നിയമത്തിലൂടെ ഉദ്ദേശിക്കുന്നത് തുടക്കത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ കേരളത്തിലെ പക്ഷിമൃഗ സങ്കേതങ്ങൾ എന്നുപറഞ്ഞാൽ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് സാധാരണഗതിയിൽ പക്ഷിമൃഗങ്ങൾ കടന്നുവരുന്ന സ്ഥലങ്ങൾ, അതൊക്കെ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന സ്ഥലങ്ങൾകൂടിയാണ്. അതെല്ലാം അങ്ങനെ തുടരണം. അവിടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ.... ഒരു നിർമ്മാണവും പാടില്ലായെന്ന മൗലീകവാദപരമായ നിലപാടല്ല. ഏറ്റവും അനിവാര്യമായ നിർമ്മാണം

നടത്തേണ്ടിവരുമ്പോൾ അത് എല്ലാ നിയന്ത്രണങ്ങൾക്കും വിധേയമായി പരിസ്ഥിതി സൗഹൃദമായി പക്ഷിമൃഗാദികളുടെ സ്വൈരവികാരത്തിന് തടസ്സമില്ലാത്ത വിധത്തിലാക്കണമെന്ന് ഓർമ്മപ്പെടുത്തുന്ന, വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണ്. ഇതുസംബന്ധിച്ച് ഇനിയും സജീവായി ചർച്ചകൾ നടത്തേണ്ടതായിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ സമയം അവസാനിക്കുകയാണ്. ചർച്ച തുടരുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ : ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, ചർച്ച തുടരുകയാണെന്നാണ്പറഞ്ഞത്?

മി. ചെയർമാൻ : ചർച്ച തുടരുകയാണ്. അതുകൊണ്ട് ഏതാനും മിനിട്ടുകൾകൂടി തുടരാം.

ശ്രീ. കെ. രാജു : ഞാൻ സംസാരിച്ചുകഴിഞ്ഞാൽ പിന്നെ ചർച്ച ക്ലോസാവുകയല്ലേ ചെയ്യുന്നത്? ചർച്ച തുടരുകയാണെങ്കിൽ....

മി. ചെയർമാൻ : സഭ പന്ത്രണ്ടര മണിക്ക് അവസാനിക്കുമല്ലോ. എന്തെങ്കിലും രണ്ട് വാക്ക് സംസാരിക്കാനുണ്ടെങ്കിൽ പറയാം.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, നമ്മൾ ഈ കാടിനെപ്പറ്റിയും നാടിനെപ്പറ്റിയുമൊക്കെ പറയുമ്പോൾ ഞാൻ മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ ഈ മാലിന്യങ്ങളുടെ പ്രശ്നം. മനുഷ്യൻ താമസിക്കുന്ന സ്ഥലത്താണ് ഏറ്റവും കൂടുതൽ മാലിന്യങ്ങൾ നിറയുന്നത്. നമ്മൾ ഈ മൃഗങ്ങളെന്നു പറഞ്ഞ് ആക്ഷേപിക്കുമ്പോഴും മൃഗതുല്യനെന്ന് പറയുമ്പോഴും ആ മനുഷ്യൻ ചെയ്യുന്ന മോശമായത്ര ഒരു പ്രവൃത്തിയും മൃഗം ചെയ്യുന്നില്ല. അവർ ജീവിക്കുന്ന കാട്, അവർ ജീവിക്കുന്ന ചുറ്റുപാട്, അവർ ജീവിക്കുന്ന സ്ഥലം അതൊന്നും മാലിന്യ നിക്ഷേപങ്ങളുടെ കേന്ദ്രമല്ല. നമ്മുടെ നാടിനേക്കാൾ മനോഹരമായ സ്ഥലത്താണ് അവർ ജീവിക്കുന്നത് അവർ കൈകാര്യം ചെയ്യുന്നത്. ആ വൃത്തി കാടിനുണ്ട്. എന്നാൽ മനുഷ്യനെന്ന് നാം അവകാശപ്പെടുന്ന നമ്മൾ ജീവിക്കുന്ന പ്രദേശത്ത് നമ്മളാണ് മാലിന്യം നിറയ്ക്കുന്നത്. മാലിന്യ കൂമ്പാരമാക്കി മാറ്റുന്നത്. എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ബഹുമാന്യനായ അംഗം എം. സ്വരാജാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. അങ്ങാടിക്കുരുവികളെപ്പറ്റി തുടക്കത്തിൽ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ നാട്ടിൽ കാക്കകൾ തീരെയില്ല. വീട്ടിലുണ്ടാകുന്ന ഒട്ടേറെ മാലിന്യങ്ങൾ ഒഴിവാകുന്നതിന് ഒരു പ്രധാനപ്പെട്ട കാരണം കാക്കകളായിരുന്നു. നേരത്തെ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞതുപോലെ ഈ ടവറുകൾ...

<u>മി. ചെയർമാൻ</u> : സമയം കഴിയാറായി പ്ലീസ്....സ്വരാജിന് എന്തെങ്കിലും പറയാനുണ്ടോ

<u>ശ്രീ. ഇ. കെ. വിജയൻ</u> : സമയം കഴിഞ്ഞുവെങ്കിൽ ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. സ്വരാജ്</u> : സർ, ഇവിടെ അംഗങ്ങളെല്ലാം വളരെ സജീവമായും താൽപര്യത്തോടുകൂടിയും ഈ ചർച്ചയിൽ ഇടപെടുകയുണ്ടായി അത് വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. ഈ വിഷയത്തിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

<u>മി. ചെയർമാൻ</u> : ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)